بســم الله الرحمن الرحيم
نحمده ونصلى علي رسوله الكريم. وعلى عبده المسيح الموعود


# സത്യമിത്രം
മാസിക

**ഒരു അൻസാറുല്ലാ പ്രസിദ്ധീകരണം**

എഡിറ്റർ ഇൻ ചാർജ്:
എം. നാസിർ അഹ്മദ്

**സെപ്തംബർ – ഒക്ടോബർ**

1180 കന്നി- തുലാം
1426 ശഅ്ബാൻ - റമസാൻ
1384 തബൂക് - ഇഖാഅ്

പുസ്തകം 5
ലക്കം 5
വില 10 രൂപ

SATHYAMITHRAM

Printed and Published by
Majlis Ansarullah State Committee, Kerala at
BRB Offset Printers & Publishers
Thavakkara, Kannur-17.
Ph: 0497-2761010, 2761020
and Edited by
M. Nasir Ahmad
Manager: Muhammed Salim, Kannur
Ph: 98460 89896.

Editor/Manager
Sathyamithram Monthly
Ahmadiyya Muslim Complex, Fort Road
Kannur-1


## വി ഷ യ വി വ രം


**ആമുഖം**
ഇതൊരു താക്കീത് ........ 4

**യുഗനാദം**
ദൈവഭരണം ഭൂമിയിലില്ലെന്നോ? ........ 5
ഹസ്റത്ത് വാഗ്ദത്ത മസീഹ്(അ)

**വിശുദ്ധ ഖുർആൻ**
സൂറത്തുൽ ഹിജ്ർ: അർത്ഥം വ്യാഖ്യാനം ........ 7

**ഖുത്വ്ബ**
നോമ്പ് ഒരു പരിച; തീയിൽനിന്ന് രക്ഷപ്പെടാനുള്ള കോട്ടയും ........ 10
ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)

**പ്രസംഗം**
പള്ളികൾ ഐക്യത്തിന്റെ പ്രതീകങ്ങളാകണം ........ 17
ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്

**മഹദ്വചനങ്ങൾ**
വ്രതാനുഷ്ഠാനത്തിന്റെ പ്രാധാന്യം ........ 19

**ഈദ് ഖുത്വ്ബ**
ചെറിയ പെരുന്നാളിന്റെ സന്ദേശം ........ 21
ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ്

**ലേഖനം**
അമേരിക്കയിലെ ആദ്യ അഹ്മദിമുസ്ലിമിന്റെ കഥ ........ 25
ഏ.ക്യു. മഹ്ദി


**യാത്രാവിവരണം**
ഹൃദയഹാരിയായ കേരളത്തിലൂടെ ........ 29
മുനീർ അഹ്മദ് ഖാദിം

**ലേഖനം**
സ്നേഹത്തിന്റെ അന്തർദേശീയത ........ 32
ഉമർ പാറപ്പുറത്ത്

ഇന്ത്യൻ സ്വാതന്ത്ര്യവും അഹ്മദിയ്യാ ജമാഅത്തും (4) ........ 34
മുനീർ അഹ്മദ് ഖാദിം

**വരികൾക്കിടയിൽ**
ബട്ടാലവിയുമായി ഒരു കൂടിക്കാഴ്ച ........ 37
അബൂ സ്വബാഹ്

വസിയ്യത്ത് ചെയ്തവർ, അനുസ്മരണം, വാർത്തകൾ, അറിയിപ്പുകൾ, ........ 39–42

*മുഖചിത്രം :*

അഹ്മദിയ്യ മസ്ജിദ്, ഘാന

ആമുഖം

بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ

# ഇതൊരു താക്കീത്

പാക്കിസ്ഥാനിലെ കിഴക്കൻ പഞ്ചാബ് പ്രവിശ്യയിലുള്ള ബഹാവുദ്ദീൻ മാർക്കറ്റിനടുത്ത് സ്ഥിതിചെയ്യുന്ന മോംഗ് എന്ന സ്ഥലത്തെ അഹ്മദിയ്യാ പള്ളിയിലേക്ക് ഒരുപറ്റം അഹ്മദിയ്യാ വിരോധികൾ നിറയൊഴിച്ചതിന്റെ ഫലമായി എട്ടുപേർ ശഹീദാവുകയുണ്ടായി. പരിശുദ്ധ റമദാൻ മാസത്തിന്റെ രണ്ടാം ദിവസം വെള്ളിയാഴ്ച ഇടയത്താഴം കഴിച്ച് സുബ്ഹി നിസ്കാരത്തിന് പള്ളിയിലെത്തി നിസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ രണ്ടാമത്തെ റക്അത്തിലാണ് ആക്രമണം ഉണ്ടായത്. വേദനാജനകമായ ഈ വാർത്ത 181 രാഷ്ട്രങ്ങളിലെ അഹ്മദീ മുസ്‌ലിംകളെ അതീവദുഃഖത്തിലാഴ്ത്തി.

സത്യവിശ്വാസികൾ ഒരു ശരീരംപോലെയാണെന്നും ശരീരത്തിന്റെ ഏതെങ്കിലും ഒരുഭാഗത്ത് മുറിവ് പറ്റിയാൽ ശരീരം മുഴുവൻ അത് വ്യാപിക്കുമെന്നും നബി (സ)തിരുമേനി പറഞ്ഞതുപോലെ മോംഗിലുണ്ടായ ദാരുണമായ ആ മുറിവിന്റെ വേദന ലോകത്തുള്ള എല്ലാ അഹ്മദികളിലും ക്ഷണത്തിലാണ് വ്യാപിച്ചത്. വെള്ളിയാഴ്ചത്തെ ഖുത്ബയിൽ തങ്ങളുടെ ഇമാം ഇതിനോടെങ്ങനെ പ്രതികരിക്കുന്നുവെന്നറിയാൻ ഓരോ അഹ്മദി ഹൃദയവും വെമ്പൽകൊണ്ടു. ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ജുമുഅ ഖുത്ബയുടെ അവസാനം അതിനെക്കുറിച്ച് ഇങ്ങനെ പറഞ്ഞു:

"ദുഃഖകരമായ ഒരു വാർത്തയും ലഭിച്ചിട്ടുണ്ട്.... ഇന്ന് രാവിലെ പാക്കിസ്ഥാനിലെ ബഹാവുദ്ദീൻ മാർക്കറ്റിനടുത്തുള്ള മോംഗ് എന്ന സ്ഥലത്തെ പള്ളിയിൽ അഹ്മദികൾ സുബ്ഹി നിസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ അഹ്മദിയ്യാ വിരോധികളായ രണ്ട് അക്രമികൾ നിസ്കരിക്കുന്നവരുടെനേരെ നിറയൊഴിച്ച് കടന്നുകളഞ്ഞു. തൽഫലമായി എട്ട് അഹ്മദികൾ സംഭവസ്ഥലത്തുതന്നെ ശഹീദായി. ഏകദേശം ഇരുപതുപേർക്ക് പരിക്കേറ്റിട്ടുണ്ട്...... അല്ലാഹു ഈ ശഹീദുമാർക്ക് ജന്നത്തുൽഫിർദൗസിൽ ഇടം നല്കുമാറാകട്ടെ... റമദാൻ മാസത്തിൽ അഹ്മദികൾ, നന്മകൾ സമ്പാദിക്കാനും അല്ലാഹുവിന്റെ സ്നേഹം ആർജ്ജിക്കാനും ശ്രമിക്കുമ്പോൾ മുല്ലാക്കമാരിൽനിന്ന് ശിക്ഷണം നേടിയ ഈ നാമമാത്ര മുസ്‌ലിം സംഘം- എല്ലാ മുസ്‌ലിംകളും ഇത്തരക്കാരല്ല- സ്വന്തം നിലയിൽ ഇത്തരം അക്രമങ്ങൾ അഴിച്ചുവിട്ടുകൊണ്ട് അഹ്മദികളെ കൊലചെയ്ത് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായി തീരാമെന്ന് വ്യാമോഹിക്കുന്നവരാണ്. വാസ്തവത്തിൽ ഇത്തരം പ്രവൃത്തികൾ കൊണ്ട് അവർ അല്ലാഹുവിന്റെ ശിക്ഷയെ വിളിച്ചുവരുത്തുകയാണ് ചെയ്യുന്നത്."


മോംഗിലെ അഹ്മദികളെ വധിച്ചുകൊണ്ട് ഒരു പറ്റം മുസ്‌ലിംകൾ സന്തോഷംകൊള്ളുമ്പോൾ, വധിക്കപ്പെട്ടവരുടെ ബന്ധുമിത്രാദികൾ കരഞ്ഞുകരഞ്ഞു തളർന്നുവീഴുകയായിരുന്നു. അവരുടെ ഏങ്ങലടി ശബ്ദത്തോടൊപ്പം നിരപരാധികളായ തങ്ങളുടെ ഉറ്റവരെ വധിക്കുന്നതിന് നേതൃത്വം കൊടുത്ത '***അയിമത്തുൽ കുഫ്ർ***' അഥവാ സത്യനിഷേധികളുടെ നേതാക്കൾക്കെതിരിൽ ശാപപ്രാർത്ഥന ഉയർന്നിട്ടുണ്ടെങ്കിൽ അത് സ്വാഭാവികംമാത്രം.

ഇവിടെ ഒരു കാര്യം പ്രത്യേകം സ്മരണീയമാണ്. പാക്കിസ്ഥാനിലെ 80 ലക്ഷത്തോളം വരുന്ന അഹ്മദി മുസ്‌ലിംകൾക്ക് സ്വാതന്ത്ര്യമായി നിസ്കരിക്കാനോ ഖുർആൻ പാരായണം ചെയ്യാനോ ബാങ്ക് കൊടുക്കാനോ, എന്തിന്, 'അല്ലാഹു അക്ബർ' എന്ന് പറയാനോ സർക്കാർനിയമം അനുവാദം നല്കുന്നില്ല. ഇതൊക്കെ അഹ്മദി മുസ്‌ലിംകൾ ചെയ്യുന്നത് കുറ്റകരമാണ്, വൻപാപമാണ്. പാക്കിസ്ഥാൻ രൂപീകരിച്ച് അധികകാലം കഴിയുന്നതിനുമുമ്പേ ജമാഅത്തെ ഇസ്‌ലാമി എന്ന ഫാഷിസ്റ്റ് സംഘടന അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭം ആരംഭിക്കുകയുണ്ടായി. അവിടന്നിങ്ങോട്ട് അവിടത്തെ അഹ്മദികളുടെ ജീവിതം അങ്ങേയറ്റം ദുരിതപൂർണ്ണമായി. പക്ഷേ, ഏതൊക്കെ നേതാക്കന്മാർ അഹ്മദിയ്യാപ്രശ്നം പൊക്കിപ്പിടിച്ച് തങ്ങളുടെ കസേര നിലനിർത്താൻ ശ്രമം നടത്തിയോ അവരെല്ലാം ദൈവക്രോധത്തിന് ഇരയായതായി പാക്കിസ്ഥാന്റെ രാഷ്ട്രീയചരിത്രം പഠിക്കുന്നവർക്ക് കാണാൻ കഴിയും.

മോംഗിലെ 8 നിരപരാധികളെ വധിച്ച വിവരം ലോകം മുഴുവൻ അറിഞ്ഞിട്ടും പാക്കിസ്ഥാൻ ഭരണകൂടമോ അതുമായി ബന്ധപ്പെട്ടവരോ ഇവിടേക്ക് ശ്രദ്ധിക്കുകയോ കുറ്റവാളികളെ പിടികൂടാൻ ശ്രമിക്കുകയോ ചെയ്യാതെ നിസംഗത പാലിക്കുകയായിരുന്നു എന്നാണ് അറിയാൻ കഴിഞ്ഞത്. മനുഷ്യത്വം മുരടിച്ച അവിടത്തെ പൊതുജനങ്ങൾ ഇതിനെതിരിൽ ചെറുവിരൽപോലും അനക്കിയില്ല. അപ്പോൾ ആരാധന എന്ന മൗലിക അവകാശംപോലും നിയമം കൊണ്ട് തടഞ്ഞിരിക്കുന്ന ഒരു ഭരണകൂടത്തിൽനിന്ന് ഇതല്ലാതെ മറ്റെന്താണ് പ്രതീക്ഷിക്കേണ്ടത്. ഇക്കാര്യത്തിൽ മൗനംപാലിച്ച പൊതുജനങ്ങളും ഈ അക്രമപ്രവർത്തനത്തിന് മൗനാനുവാദം നല്കിയിട്ടുണ്ട് എന്നല്ലേ കരുതാൻ.

പ്രവാചകന്മാർ ലോകത്തുവരുമ്പോൾ അവരെ ഉന്മൂലനം ചെയ്യാൻ അവരുടെ വിരോധികൾ അരയും

*6-ാം പേജിൽ*



# ദൈവഭരണം ഭൂമിയിലില്ലെന്നോ?

ഹസ്റത്ത് വാഗ്ദത്ത മസീഹ്(അ)

മലക്കുകളെ സംബന്ധിച്ച് അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ, അവർ അങ്ങേയറ്റം അനുസരണം പുലർത്തിക്കൊണ്ടിരിക്കുന്നവരാണെന്ന് എഴുതിയിരിക്കുന്നു. ഇതേ നിർവചനം തന്നെയാണ് ഭൂമിയിലെ ഓരോ ഇലയേയും ഓരോ അണുവിനേയും സംബന്ധിച്ച് വിശുദ്ധഖുർആനിലുള്ളത്. അതായത്, ഓരോ വസ്തുവും അവനെ അനുസരിച്ചുകൊണ്ടിരിക്കുന്നു. അവന്റെ കല്പനയില്ലാതെ ഒരു ഇലയ്ക്കുപോലും പൊഴിയാനോ ഒരു മരുന്നിനും രോഗശാന്തി നല്കാനോ സാദ്ധ്യമല്ല. ഒരു ആഹാരവും (ശരീരത്തിന്) ചേർന്നതാവുകയുമില്ല. ഓരോ വസ്തുവും അങ്ങേയറ്റത്തെ വണക്കത്തോടും അടിമത്തത്തോടും കൂടി ദൈവികസവിധത്തിൽ വീണുകിടക്കുകയും അവന്റെ അനുസരണത്തിൽ ആണ്ടുകിടക്കുകയും ചെയ്യുന്നു. പർവ്വതങ്ങളുടേയും ഭൂമിയുടേയും ഓരോ തരിയും നദികളുടേയും കടലുകളുടേയും ഓരോ തുള്ളിയും മരങ്ങളുടേയും ചെടിയുടേയും ഓരോ ഇലയും അവയുടെ ഓരോ ഭാഗവും മനുഷ്യരുടേയും മൃഗങ്ങളുടേയും എല്ലാ അണുക്കളും അല്ലാഹുവിനെ തിരിച്ചറിയുകയും അവനെ അനുസരിക്കുകയും അവനെ സ്തുതിക്കുന്നതിലും അവന്റെ പരിശുദ്ധി വാഴ്ത്തുന്നതിലും മുഴുകുകയും ചെയ്തിരിക്കുന്നു. ഇതേ കാര്യം തന്നെയാണ്, ***യുസബ്ബിഹു ലില്ലാഹി മാഫിസ്സമാവാത്തി വമാഫിൽഅർളി*** (*62:2*) എന്ന വചനത്തിൽ അല്ലാഹു പറഞ്ഞത്. അതായത്, ആകാശത്തുള്ള എല്ലാ വസ്തുക്കളും അല്ലാഹുവിനെ പ്രകീർത്തിക്കുകയും അവന്റെ പരിശുദ്ധി വാഴ്ത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അങ്ങനെ, ഭൂമിയിലും സകലവസ്തുക്കളും അവനെ പ്രകീർത്തിക്കുകയും അവന്റെ പരിശുദ്ധി വാഴ്ത്തുകയും ചെയ്യുന്നു. ഭൂമിയിൽ ദൈവത്തിന് സ്തോത്രം ചെയ്യലും അവന്റെ പരിശുദ്ധി പ്രകീർത്തിക്കലും നടക്കുന്നില്ലെന്നാണോ? (പറയുന്നത്). തികഞ്ഞ ഒരു ഈശ്വരജ്ഞാനിയുടെ വദനത്തിൽനിന്ന് ഇത്തരം വചനം പുറത്തുവരികയില്ല. നേരെമറിച്ച്, ഭൂമിയിലുള്ള വസ്തുക്കളിൽ ചിലത് ശരീഅത്ത് അഥവാ മതനിയമത്തിന്റെ കല്പനകളെ അനുസരിച്ചുകൊണ്ടിരിക്കുന്നു. ചിലത് നിയതിനിയമത്തിന്റെ കല്പനകൾക്ക് വിധേയമാണ്. ചിലത് രണ്ടിനേയും അനുസരിക്കുന്നതിൽ വ്യാപൃതരുമാണ്. മേഘമാകട്ടെ, കാറ്റാകട്ടെ, അഗ്നിയാകട്ടെ, ഭൂമിയാകട്ടെ എല്ലാം അല്ലാഹുവിനെ അനുസരിക്കുന്നതിലും അവന്റെ പരിശുദ്ധി പ്രകീർത്തിക്കുന്നതിലും ലയിച്ചിരിക്കുന്നു. ശരീഅത്ത് നിയമങ്ങളെ അംഗീകരിക്കാത്ത ധിക്കാരിപോലും നിയതിനിയമത്തിന്റെ കല്പനകൾക്ക് വിധേയനാണ്. ഈ രണ്ട് ഭരണവ്യവസ്ഥിതിക്ക് അതീതമായി ഒന്നുംതന്നെയില്ല. ഏതെങ്കിലും ദൈവികഭരണത്തിന്റെ നുകം ഓരോന്നിന്റേയും പിടലിയിലുണ്ട്. അതെ, മനുഷ്യഹൃദയങ്ങളുടെ നന്മയുടേയും തിന്മയുടേയും അടിസ്ഥാനത്തിൽ അശ്രദ്ധയും ദൈവസ്മരണയും ഊഴംപോലെ ഭൂമിയിൽ അതിന്റെ വിജയം സ്ഥാപിക്കുന്നു. എന്നാൽ, അല്ലാഹുവിന്റെ അറിവും ഉദ്ദേശ്യവും കൂടാതെ ഈ ഏറ്റക്കുറച്ചിലുകൾ സ്വയം ഉണ്ടാവുകയില്ല. ഭൂമിയിൽ അങ്ങനെയുണ്ടാകണമെന്ന് അല്ലാഹു ആഗ്രഹിക്കുമ്പോൾ അതുണ്ടാകുന്നു. രാവിന്റേയും പകലിന്റേയും കാലംപോലെ സന്മാർഗ്ഗത്തിന്റേയും ദുർമാർഗ്ഗത്തിന്റേയും കാലവും അല്ലാഹുവിന്റെ നിയമവും കല്പനയും അനുസരിച്ച് നടന്നുകൊണ്ടിരിക്കുന്നു; സ്വയം അല്ല. ഓരോ വസ്തുവും അവന്റെ ശബ്ദം കേൾക്കുകയും അവന്റെ പരിശുദ്ധി സ്മരിക്കുകയും ചെയ്യുന്നു. എന്നാൽ, ഭൂമി ദൈവത്തിന്റെ പരിശുദ്ധിയിൽനിന്നും ശൂന്യമാണെന്ന് ബൈബിൾ പറയുന്നു. അതിനുള്ള കാരണം ബൈബിളിന്റെ ഈ പ്രാർത്ഥനയുടെ അടുത്ത വചനത്തിൽ സൂചന എന്ന നിലയിൽ വിവരിക്കപ്പെട്ടിരിക്കുന്നു. അതെന്താണെന്നുവെച്ചാൽ, ഇപ്പോഴതിൽ ദൈവത്തിന്റെ ഭരണം വന്നിട്ടില്ല എന്നതാണ്. അതുകൊണ്ട് ഭരണമില്ലാത്ത കാരണത്താൽ- മറ്റൊരു കാരണവും കൊണ്ടല്ല- ദൈവത്തിന്റെ ഇഷ്ടം ആകാശത്തിൽ നടപ്പിലായിട്ടുള്ളതുപോലെ ഭൂമിയിൽ നടപ്പിൽ വന്നില്ല. എന്നാൽ ഖുർആനിക അദ്ധ്യാപനം ഇതിന് തികച്ചും വിരുദ്ധമാണ്. ദൈവികസവിധത്തിൽനിന്ന് അധികാരം നല്കാത്തിടത്തോളംകാലം കള്ളനും കൊലയാളിക്കും വ്യഭിചാരിക്കും അവിശ്വാസിക്കും ദുർമാർഗ്ഗിക്കും ധിക്കാരിക്കും കുറ്റവാളിക്കും ഒരുതരത്തിലുള്ള തിന്മയും ഭൂമിയിൽചെയ്യാൻ സാദ്ധ്യമല്ല. അങ്ങനെവരുമ്പോൾ ദൈവികമായ ഭരണം ഭൂമിയിലില്ലെന്ന് എങ്ങനെയാണ് പറയാൻ കഴിയുക? ഭൂമിയിൽ ദൈവനിയമം നടപ്പിൽവരുന്നത് തടസ്സപ്പെടുത്താൻ ആർക്കാണ് സാധിക്കുക? സുബ്ഹാനല്ലാഹ്! അങ്ങനെ ഒരിക്കലും സംഭവിക്കില്ല. അല്ലാഹു അവൻതന്നെ ആകാശത്ത് മലക്കുകൾക്ക് വേറെ നിയമവും ഭൂമിയിൽ മനുഷ്യർക്കായി വേറെ നിയമവും ഉണ്ടാക്കിയിരിക്കുന്നു. (*കശ്ത്തിനൂഹ്, ഭാഗം-38-40, വിവ:മുഹമ്മദ് ഉമർ എച്ച്.എ*)

*4-ാം പേജിൽനിന്ന്*

തലയും മുറുക്കി രംഗത്തിറങ്ങുന്നു. പ്രവാചകനും അനുയായികൾക്കും അല്പം ചില്ലറ നഷ്ടങ്ങളും മറ്റും വരുത്തിവയ്ക്കാനും അവർക്ക് കഴിയുന്നു. എങ്കിലും അവർക്ക് കാരുണ്യവാനായ അല്ലാഹു പശ്ചാത്തപിച്ച് മടങ്ങാൻ വേണ്ടി സമയം നീട്ടികൊടുക്കുന്നു. അവർ പശ്ചാത്തപിക്കാതെ അക്രമത്തിൽ അതിരുകടക്കുമ്പോൾ ***ഉംലീ ലഹും ഇന്ന കൈദീമത്തീൻ*** (*7:184*) എന്ന നിയതിനിയമമനുസരിച്ച് അവരെ ശക്തമായി അല്ലാഹു പിടിക്കുന്നു.

അല്ലാഹു പറയുന്നു. ഒരു ദൂതനെ അയക്കുന്നതുവരെ നാം ശിക്ഷിക്കാറില്ല.(*17:16*) എങ്ങനെയാണ് അല്ലാഹുവിന്റെ ശിക്ഷ ഇറങ്ങുന്നതെന്ന് വിശുദ്ധഖുർആനിൽ വിശദമായിത്തന്നെ വിവരിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു: "അക്രമം പ്രവർത്തിക്കുകയായിരുന്ന എത്രയെത്ര നാടുകളെയാണ് നാം തകർത്തുകളഞ്ഞത്. അവയ്ക്കുശേഷം നാം വേറൊരു ജനതയെ സൃഷ്ടിക്കുകയും ചെയ്തു." (*21:12*)

നൂഹ്(അ)ന്നെതിരിൽ പ്രവർത്തിച്ചവരെ അല്ലാഹു ശിക്ഷിച്ചത് വെള്ളപൊക്കം വരുത്തിക്കൊണ്ടായിരുന്നു. (*11:41*) നൂഹ്(അ)ന്റെ മകനുൾപ്പെടെയുള്ള ശത്രുസമൂഹം ആ ശിക്ഷയ്ക്കിരയായപ്പോൾ അല്ലാഹു നൂഹിനേയും സത്യവിശ്വാസികളേയും അതിൽനിന്ന് രക്ഷിച്ചു.

ഹസ്റത്ത് ലൂത്ത്നബി(അ)ന്റെ എതിരാളികളെ അല്ലാഹു ശിക്ഷിച്ചത് ഭൂകമ്പം കൊണ്ടായിരുന്നു. അവരുടെ ആ പട്ടണം അല്ലാഹു അടിമേൽ മറിച്ചു. അട്ടിയട്ടിയായി കല്ലുകൾ അവരുടെമേൽ വർഷിച്ചു. (*11:83*) ലൂത്ത് (അ)ന്റെ ഭാര്യയുൾപ്പെടെയുള്ള ശത്രുക്കൾ ആ ദുരന്തത്തിൽ നശിച്ചപ്പോൾ ലൂത്ത്(അ)ഉം സത്യവിശ്വാസികളും അതിൽനിന്ന് രക്ഷപ്പെട്ടു.

ഹസ്റത്ത് സാലിഹ് നബി(അ)യുടെ എതിരാളികളേയും അല്ലാഹു ശിക്ഷിച്ചത് ഭൂകമ്പം കൊണ്ടായിരുന്നു. "ഭൂകമ്പം അവരെ പിടികൂടി. അങ്ങനെ അവർ പ്രഭാതവേളയിൽ തങ്ങളുടെ വീടുകളിൽ കമിഴ്ന്നുവീണ് കിടക്കുന്നവരായിത്തീർന്നു." (*7:79*) അതായത് ശിക്ഷ വന്നപ്പോൾ അവർ പ്രാർത്ഥിക്കാൻ തുടങ്ങി. പക്ഷെ, ശിക്ഷ വന്നുകഴിഞ്ഞാൽ പശ്ചാത്താപം സ്വീകരിക്കപ്പെടുകയില്ല. അങ്ങനെ അവർ നശിച്ചൊടുങ്ങി. ഇങ്ങനെ വേറേയും പ്രവാചകവിരോധികളെ നശിപ്പിച്ച കാര്യം ഖുർആൻ പറയുന്നുണ്ട്. പ്രകൃതിദുരന്തങ്ങൾ മുഖേനയാണ് പ്രവാചകവിരോധികളെ അല്ലാഹു ശിക്ഷിക്കുന്നതെന്ന് വിശുദ്ധഖുർആന്റെ പാഠങ്ങളിൽ നിന്ന് മനസ്സിലാകുന്നു.

നബി(സ) തിരുമേനി തന്റെ ഉമ്മത്തിനോട് വാഗ്ദാനം ചെയ്ത വാഗ്ദത്ത മഹ്ദിയും മസീഹുമായ ഹസ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനിയേയും (1835-1908) പ്രതാപവാനായ അല്ലാഹു തന്റെ ശത്രുക്കൾക്കുണ്ടാകുന്ന നാശത്തെക്കുറിച്ച് മുൻകൂട്ടി അറിയിച്ചിരുന്നു. 1904-ൽ ജൂൺ 1-ന് അല്ലാഹു ആ മഹാത്മാവിനെ വെളിപാട് മുഖേന അറിയിച്ചു. [illegible] നിങ്ങൾക്ക് സമാധാനം, നിങ്ങൾ സന്തുഷ്ടരാവുക. താൽക്കാലികതാമസത്തിനും സ്ഥിരതാമസത്തിനുമായി പണിതിട്ടുള്ള എല്ലാ വീടുകളും തകർന്നടിയുന്നതാണ്.

തനിക്കുണ്ടായ ഈ ദിവ്യവെളിപാട് ആ മഹാത്മാവ് വിജ്ഞാപനം മുഖേന ജനങ്ങളെ അറിയിച്ചു. അപ്പോൾ ശത്രുമൂപ്പന്മാരായ മുല്ലമാർ അത് പുച്ഛിച്ചുതള്ളുകയും സാധാരണക്കാർ അതിന് ഒരുവിലയും നല്കാതെ മൗനം പാലിക്കുകയും ചെയ്തു. തുടർന്ന് ഇന്നേക്ക് കൃത്യം നൂറുവർഷം മുമ്പേ 1905 ഏപ്രിൽ 4-ന് ഹിമാചൽപ്രദേശിലെ കാങ്കട ജില്ലയിൽ ലൂത്ത് നബിയുടെ കാലത്തെ ഓർമ്മിപ്പിക്കുംവിധം അതിശക്തമായ ഭൂകമ്പം ഉണ്ടായി. മുപ്പതിനായിരത്തിലേറെ ആളുകളാണ് അതിൽ മരണപ്പെട്ടത്. അതിനേക്കാൾ കൂടുതൽ പേർക്ക് പരിക്ക് പറ്റുകയും പല ഗ്രാമങ്ങളും നാമാവശേഷമാവുകയും ചെയ്തു. ഹസ്റത്ത് അഹ്മദ്(അ) പറഞ്ഞു: തൂർ പർവ്വതത്തെ അവർക്കുമീതെ നാം ഉയർത്തിയിരിക്കുന്നുവെന്ന് അല്ലാഹു ഖുർആനിൽ പറഞ്ഞത് കാങ്കട വാസികൾ നേരിൽ കാണുകയുണ്ടായി. വലിയ വലിയ പാറകൾ അവരുടെമേൽ തെറിച്ചുവീണു. അന്നത്തെ ആ ഭൂകമ്പത്തിൽ ഒരു അഹ്മദിയുടെ ജീവൻപോലും നഷ്ടപ്പെട്ടില്ല എന്നത് ഹസ്റത്ത് അഹ്മദ്(അ)ന്റെ സത്യതയ്ക്കുള്ള തെളിവാണ്.

ദുരന്തങ്ങളുണ്ടാകുമ്പോൾ സത്യവിശ്വാസികളും അതിൽപെട്ടുപോകാറുണ്ട്; പക്ഷേ, വളരെ വിരളം മാത്രം. അങ്ങനെ വരുമ്പോൾ അല്ലാഹു അവർക്ക് ശഹാദത്തിന്റെ മഹനീയ സ്ഥാനം നല്കി അനുഗ്രഹിക്കുന്നുവെന്ന് നബി(സ) സുവാർത്ത അറിയിച്ചിട്ടുണ്ട്. സത്യാസത്യ വിവേചനത്തിനുവേണ്ടി നടന്ന ബദ്ർ യുദ്ധത്തിൽ മുസ്ലിം പക്ഷത്തും ആളപായം ഉണ്ടായി. അവരെ ബദ്രീംകൾ എന്ന് നാം ബഹുമാനത്തോടെ സ്മരിക്കുന്നു. മറുപക്ഷത്ത് നൂറുകണക്കിന്നാളുകളാണ് നാശമടഞ്ഞത്. പക്ഷേ, ആരും അവരെ ഓർക്കുന്നില്ല.

ഈ വീക്ഷണത്തിലൂടെ നോക്കുമ്പോൾ ഇക്കാലത്തെ ദൈവനിയോഗിതനെ വിശ്വസിച്ച അഹ്മദികൾ ദൈവികദർബാറിൽ സന്നിഹിതരായി, അവന്റെ മുമ്പിൽ ആത്മാർത്ഥമായി പ്രണമിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ അവർക്കുനേരെ, 'ദൈവത്തിന്റെ സ്വന്തം ആളുകൾ' എന്ന് സ്വയം അവകാശപ്പെടുന്ന നാമമാത്ര മുസ്ലിംനേ

36-ാം പേജിൽ

# സൂറത്തുൽ ഹിജ്ർ

(a ¡ bnÂ AhXcn¨ A ²ymbw)

## അർത്ഥം, വ്യാഖ്യാനം

وَلَقَدْ جَعَلْنَا فِي السَّمَاءِ بُرُوجًا وَزَيَّنَّاهَا لِلنَّاظِرِينَ

**15:17 "നാം ആകാശത്ത് പല രാശികളെ ഏർപ്പെടുത്തുകയും നാം അവയെ കാണികൾക്ക് അലംകൃതമാക്കുകയും ചെയ്തിരിക്കുന്നു."**

പദാർത്ഥം: തീർച്ചയായും നാം ഏർപ്പെടുത്തിയിരിക്കുന്നു ആകാശത്തിൽ രാശികളെ അവയെ നാം അലങ്കരിക്കുകയും ചെയ്തു കാണികൾക്ക്

وَحَفِظْنَاهَا مِن كُلِّ شَيْطَانٍ رَّجِيمٍ

**15:18 "വിരട്ടപ്പെട്ട എല്ലാ പിശാചിൽനിന്നും നാം അവയെ സുരക്ഷിതമാക്കുകയും ചെയ്തിരിക്കുന്നു."**

പദാർത്ഥം: അവയെ നാം സുരക്ഷിതമാക്കുകയും ചെയ്തു എല്ലാ പിശാചിൽനിന്നും വിരട്ടപ്പെട്ട

إِلَّا مَنِ اسْتَرَقَ السَّمْعَ فَأَتْبَعَهُ شِهَابٌ مُّبِينٌ

**15:19 "പക്ഷേ വല്ലവനും ഒളിഞ്ഞുകേൾക്കുന്നതായാൽ അപ്പോൾ അവനെ ഒരു പ്രകാശിക്കുന്ന തീജ്വാല പിൻപറ്റുന്നതാണ്."**

പദാർത്ഥം: ഒളിഞ്ഞു ശ്രമം നടത്തിയവനൊഴികെ കേൾക്കാൻ അപ്പോൾ അവനെ പിന്തുടരും തീജ്വാല (ഉൽക്ക-ചെങ്കോൽ) പ്രകാശിക്കുന്ന

വ്യാഖ്യാനം: ഭൗതികവ്യവസ്ഥിതിയും ആത്മീയവ്യവസ്ഥിതിയും തമ്മിൽ ശക്തമായ തുല്യതയും രൂപസാദൃശ്യവും വിശുദ്ധഖുർആൻ പറയുന്നുണ്ട്. ആത്മീയലോകത്തെ മനസ്സിലാക്കിത്തരുന്നതിനായി ആവർത്തിച്ചാവർത്തിച്ച് അത് ഭൗതികലോകത്തിന്റെ ഉദാഹരണം നല്കുന്നു. ചിലപ്പോൾ ഇൽഹാം അഥവാ വെളിപാടിനെ വെള്ളത്തോട് സാദൃശ്യപ്പെടുത്തിക്കൊണ്ട് അതിന്റെ പ്രഭാവങ്ങളും ദൈവികവചനത്തിന്റെ പ്രഭാവങ്ങളും തമ്മിലുള്ള സദൃശ്യം നിരത്തുന്നു. ചിലപ്പോൾ ഭൂമിയുടേയും ആകാശത്തിന്റേയും ബന്ധങ്ങൾ കൊണ്ട് ആത്മാവിന്റേയും ശരീരത്തിന്റേയും ബന്ധങ്ങളുടെമേൽ വെളിച്ചം വീശുന്നു. ചിലപ്പോൾ വെളിച്ചവും കണ്ണും തമ്മിലുള്ള ബന്ധങ്ങൾ പറഞ്ഞുകൊണ്ട് ആന്തരികമായ കഴിവുകൾ കൂടാതെ സത്യത ഫലം ചെയ്യുകയില്ലെന്ന് പറയുന്നു. ചുരുക്കത്തിൽ ഭൗതിക വ്യവസ്ഥിതിയിൽനിന്ന് നൂറുകണക്കിന് പാഠങ്ങൾ കരസ്ഥമാക്കാൻ അത് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നുണ്ട്. ഈ വചനത്തിലും അത്തരം സാദൃശ്യത്തിലേക്ക് തന്നെയാണ് നമ്മുടെ ശ്രദ്ധ ക്ഷണിച്ചിട്ടുള്ളത്.

ഭൂമിയിൽ വസിക്കുന്നവർക്ക് തങ്ങളുടെ തലയ്ക്കു മീതെ ഒരാകാശം കാണാൻ കഴിയുന്നു. അതിൽ നക്ഷത്രങ്ങളുടെ ഒരു വ്യവസ്ഥിതിയുണ്ട്. അത് അതാതിന്റെ നേരത്തും അതാതിന്റെ പരിധിയിലും പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ആ വ്യവസ്ഥിതിയെ മാറ്റിമറിക്കാൻ ആർക്കും കഴിയില്ല. അല്ലാഹുതന്നെ അതിനെ സംരക്ഷിക്കുന്നു. ഈ ഉദാഹരണത്തെ എടുത്തുദ്ധരിച്ചുകൊണ്ട് വിശുദ്ധഖുർആനിൽ അനേകതവണ ആത്മീയാകാശത്തിന്റെ വ്യവസ്ഥിതിയെപ്പറ്റി പറഞ്ഞിരിക്കുന്നു. എന്റെ ദൃഷ്ടിയിൽ ഇവിടേയും അതേ വ്യവസ്ഥിതിയിലേക്കുള്ള സൂചന തന്നെയാണുള്ളത്. പറയുന്നു: എപ്രകാരം ഭൗതികവ്യവസ്ഥിതി ഉറച്ച അടിത്തറകളിൽ നിലകൊള്ളുന്നുവോ ആത്മീയവ്യവസ്ഥിതിയും ഉറച്ച അടിത്തറകളിൽ നിലകൊള്ളുന്നു. നാം അതിനേയും ഭൗതികവ്യവസ്ഥിതിപോലെ പല തട്ടുകളിൽ വീതിച്ചിരിക്കുന്നു. അതിന്റെ മുകളിലത്തെ തട്ട് സുരക്ഷിതം തന്നെയാണ്. അതിന്റെ താഴത്തെത്തട്ടിന്

ഉപദ്രവമേല്ക്കാനിടയുണ്ട്. എങ്കിലും അതിനേയും നാം നക്ഷത്രങ്ങളെക്കൊണ്ട് അലങ്കരിച്ചിരിക്കുന്നു. അവ മുഖേന ഈ താഴത്തെ ആകാശത്തെ സംരക്ഷിക്കുകയും ചെയ്തിരിക്കുന്നു.

പറഞ്ഞതിന്റെ ഉദ്ദേശ്യമിതാണ്. എപ്രകാരം ബാഹ്യമായ ആകാശത്തിന്റെ താഴത്തെ ഭാഗം ഒരു വ്യവസ്ഥിതിയുടെയും അതിനു വിധേയമായി നില്ക്കുന്ന നക്ഷത്രങ്ങളുടേയും ഗ്രഹങ്ങളുടേയും പേരാണോ, അതേ പ്രകാരം ആത്മീയാകാശത്തിന്റെ താഴത്തെ ഭാഗവും ഒരു വ്യവസ്ഥിതിയുടേയും കുറച്ചു നക്ഷത്രങ്ങളുടേയും പേരാണ്. അവ ആത്മീയാകാശത്തെ സംരക്ഷിക്കുന്നു. എപ്രകാരം ഭൗതികമായ നക്ഷത്രങ്ങളെക്കൊണ്ട് ഭൗതിക ആകാശം നിലകൊള്ളുന്നുവോ അപ്രകാരം ആത്മീയമായ നക്ഷത്രങ്ങളെക്കൊണ്ട് ആത്മീയാകാശവും നിലകൊള്ളുന്നു. എന്നല്ല എപ്രകാരം ഭൂമിയോടു ഏറ്റവും അടുത്ത ആകാശം നക്ഷത്രങ്ങളുടെ സമുച്ചയത്തിന്റെ പേരും അത് അതിന്റെ സൗന്ദര്യത്തിന് കാരണവും ആകുന്നുവോ അപ്രകാരം ആത്മീയമായ ഭൂമിയുടെ ഏറ്റവുമടുത്ത ആകാശം ആത്മീയമായ നക്ഷത്രസമുച്ചയത്തിന്റെ പേരാണ്. അതുതന്നെയാണ് അതിന്റെ സൗന്ദര്യത്തിന് കാരണമാകുന്നത്. എപ്രകാരം ഭൗതികമായ നക്ഷത്രങ്ങൾ ഭൂമിയുടെ അടുത്ത ആകാശത്തിന്റെ സംരക്ഷണത്തിന് കാരണമാകുന്നുവോ- കാരണം അത് അതിന്റെ ഭാഗങ്ങളാണ്, അതിനു കേടുസംഭവിച്ചാൽ സകല വ്യവസ്ഥിതിയും ഛിന്നഭിന്നമായിപ്പോകും- അപ്രകാരം ആത്മീയമായ നക്ഷത്രങ്ങൾ ആത്മീയമായ ഭൂമിയുടെ അടുത്ത ആകാശത്തെ സംരക്ഷിക്കുന്നതിന് കാരണമാണ്. അവയിൽ കേടു സംഭവിച്ചാൽ ആത്മീയമായ ഭൂമിയുടെ അടുത്ത ആകാശവും ഛിന്നഭിന്നമായിപ്പോകും. അതുകൊണ്ട് ആരെങ്കിലും അതിന് കേടുവരുത്താൻ ആഗ്രഹിച്ചാൽ അല്ലാഹുവിൽനിന്ന് അവന്റെ മീതെ അടി വീഴുന്നു; തീയും കല്ലും പെയ്യുന്നു; റുജൂം, ശഹബ് എന്നീ പദങ്ങളിൽ പറയപ്പെട്ടിരിക്കുന്നതുപോലെ.

ഈ തീ, കല്ല് എന്നുള്ള പ്രയോഗം ദൈവികശിക്ഷയെ സംബന്ധിച്ച് പൊതുവെ പറയുന്നതാണ്. വിശുദ്ധഖുർആനിൽ അവിശ്വാസികളെ സംബന്ധിച്ച് അവർ തീയും കല്ലുകളുമടങ്ങുന്ന ഒരു ശിക്ഷയിൽ അകപ്പെടുത്തപ്പെടുമെന്ന് പറഞ്ഞിട്ടുണ്ട്. അതു പറയുന്നു: നരകവാസികളും കല്ലുകളും വിറകായുള്ള അഗ്നിയിൽനിന്ന് നിങ്ങൾ രക്ഷപ്പെട്ടുകൊള്ളുക. (*2:25*) അതായത്, ആ തീ ആളിക്കത്തിക്കാനുള്ള ആത്മീയമായ കാരണം, പാപികളായ മനുഷ്യരായിരിക്കും. ഭൗതികമായ മാർഗ്ഗം കല്ലായിരിക്കും. ദൈവികശിക്ഷയെ തീയോടും കല്ലിനോടും സാദൃശ്യപ്പെടുത്തുന്നതായി വിശുദ്ധഖുർആനിൽനിന്ന് മനസ്സിലാകുന്നുണ്ട്. ഈ വചനങ്ങളിലും ***ശഹബ്*** എന്നും ***റജം*** എന്നും പറഞ്ഞുകൊണ്ട്, അത്തരക്കാർ ദൈവികശിക്ഷയിൽ അകപ്പെടുമെന്ന് തന്നെയാണ് പറഞ്ഞിട്ടുള്ളത്.

വിശുദ്ധഖുർആനിൽ ആത്മീയമായ വ്യവസ്ഥിതിയെ ഭൗതികമായ വ്യവസ്ഥിതിയുമായി സാദൃശ്യപ്പെടുത്തി പറഞ്ഞിരിക്കുന്നു എന്നത് പറയാനാണ് ഇനി ഞാനാഗ്രഹിക്കുന്നത്. സൂറഃ അഹ്സാബിൽ നബി(സ) തിരുമേനിയെക്കുറിച്ച് അല്ലാഹു പറയുന്നു: ഓ നബി, നാം നിന്നെ ഒരു സാക്ഷിയും സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീത് നല്കുന്നവനും അല്ലാഹുവിന്റെ കല്പനയനുസരിച്ച് അവനിലേക്ക് ക്ഷണിക്കുന്നവനും കത്തുന്ന സൂര്യനുമായി അയച്ചിരിക്കുന്നു. നബി(സ) തിരുമേനി പ്രവാചകത്വവ്യവസ്ഥിതിയുടെ കേന്ദ്രമാണെന്ന് മറ്റു വചനങ്ങളിൽനിന്ന് പ്രകടമാണ്; സൂര്യൻ ഭൗതികവ്യവസ്ഥിതിയുടെ കേന്ദ്രസ്ഥിതനാണെന്നതുപോലെ. നബി(സ) തിരുമേനിയെ സൂര്യൻ എന്നു പറഞ്ഞുകൊണ്ട്, ആത്മീയമായ ആകാശത്ത് നിന്നെക്കൂടാതെ നക്ഷത്രങ്ങളും ചന്ദ്രനുമുണ്ടെന്ന് പറഞ്ഞിരിക്കുന്നു. അവയെല്ലാം നിന്റെ ചുറ്റും കറങ്ങുന്നു. ഈ നക്ഷത്രങ്ങളും ചന്ദ്രനും മറ്റു പ്രവാചകന്മാരാണ്. അവരുടെ പ്രവാചകത്വം നബി(സ) തിരുമേനിയെ സംബന്ധിച്ചിടത്തോളം ഉപഗ്രഹങ്ങൾ എന്ന നിലയിലുള്ളതായിരുന്നു. എല്ലാ നബിമാരും നബി(സ) തിരുമേനിക്കു ചുറ്റും നക്ഷത്രങ്ങളെപ്പോലെ ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കുന്നു. എപ്രകാരം വിശാലമായ ആത്മീയവ്യവസ്ഥിതിയിൽ മറ്റു പ്രവാചകന്മാർ നബി(സ) തിരുമേനിക്ക് നക്ഷത്രങ്ങളുടെ സ്ഥാനത്തായിരുന്നുവോ, അവിടന്ന് അവരിൽ സൂര്യനെന്ന നിലയിലായിരുന്നുവോ അപ്രകാരം ഒരു ചെറിയ വൃത്തത്തിൽ നബി(സ) സൂര്യന്റെ സ്ഥാനത്തായിരുന്നു. അവിടത്തെ സ്വഹാബിമാർ നക്ഷത്രങ്ങളുടെ സ്ഥാനത്തായിരുന്നു. നബി (സ) തിരുമേനി പറയുന്നു: ***അസ്ഹാബി ക്കന്നജൂമി ബിഅയ്യിഹിമുഖ്തദയ്തും ഇഹ്തദയ്തും.*** എന്റെ ചുറ്റുമുള്ള എന്റെ സ്വഹാബത്ത് സൂര്യനു ചുറ്റുമുള്ള നക്ഷത്രങ്ങളെപ്പോലെയാണ്. നക്ഷത്രങ്ങൾ സൂര്യന്റെ വ്യവസ്ഥിതിയുമായി ബന്ധപ്പെട്ടിരിക്കുകയും ജനങ്ങൾക്ക് വഴി കാണിക്കുകയും ചെയ്യുന്നതുപോലെ എന്റെ സ്വഹാബിമാരിൽ ആരാണോ എന്റെ വ്യവസ്ഥിതിയുമായി ബന്ധപ്പെട്ടിരിക്കുന്നത്, അവർ നക്ഷത്രങ്ങളുടെ ഫലം ചെയ്യുന്നതാണ്. ഭാഗികമായ അഭിപ്രായഭിന്നതകളുണ്ടായാലും അവരിൽ ആരെ പിൻപറ്റിയാലും സന്മാർഗ്ഗം പ്രാപിക്കു

ന്നതാണ്.

വിശുദ്ധഖുർആൻ ആത്മീയവ്യവസ്ഥിതിയെ സൂര്യൻ ചന്ദ്രൻ നക്ഷത്രങ്ങളുമായി സാദൃശ്യപ്പെടുത്തി പറഞ്ഞിട്ടുള്ളതിന് മറ്റൊരു തെളിവാണ് ഹസ്റത്ത് യൂസുഫ് നബി(അ)യുടെ സ്വപ്നം. വിശുദ്ധഖുർആനിൽ വന്നിരിക്കുന്നു. ഹസ്റത്ത് യൂസുഫ്(അ) ഒരു ദിവസം തന്റെ പിതാവിനോടു പറഞ്ഞു:

"എന്റെ പിതാവേ, പതിനൊന്ന് നക്ഷത്രങ്ങളേയും സൂര്യനേയും ചന്ദ്രനേയും അവ എന്നെ അനുസരിക്കുന്നതിൽ വ്യാപൃതരായിരിക്കുന്നതായി ഞാൻ കണ്ടു." (*12:5*) ഇതിന്റെ വ്യാഖ്യാനം തുടർന്ന് ഇങ്ങനെ വിവരിക്കപ്പെട്ടിരിക്കുന്നു.

"അതായത് യൂസുഫിന്റെ സഹോദരന്മാർ വന്നതിനുശേഷം, അവരുടെ മാതാപിതാക്കളും വന്നപ്പോൾ, അദ്ദേഹം തന്റെ മാതാപിതാക്കളെ ഉയർന്ന മണ്ഡപത്തിൽ തന്റെയടുത്തു ഇരുത്തി. നന്ദി പ്രകടനം എന്ന നിലയിൽ അവരെല്ലാം സാഷ്ടാംഗം പ്രണമിക്കുന്നവരായി വീണു. അപ്പോൾ യൂസുഫ്(അ) പറഞ്ഞു: എന്റെ പിതാവേ, ഞാൻ മുമ്പ് കണ്ട സ്വപ്നത്തിന്റെ വ്യാഖ്യാനമാണിത്. എന്റെ രക്ഷിതാവ് അവസാനം ആ സ്വപ്നത്തെ സത്യപ്പെടുത്തികാണിച്ചു. അതായത് പിതാവിനേയും മാതാവിനേയും സഹോദരങ്ങളേയും ഞാൻ ഭരിക്കുന്ന നാട്ടിൽ കൊണ്ടുവന്നു." (*12:101*)

വിശുദ്ധഖുർആൻ സ്വയം വിവരിക്കുന്ന ഈ സ്വപ്നത്തിൽനിന്നും അതിന്റെ വ്യാഖ്യാനത്തിൽനിന്നും വെളിപാട് ഭാഷയിൽ കുടുംബപരമോ മതപരമോ ആയ വ്യവസ്ഥിതിയെ നിളാമുശ്ശംസി അഥവാ സൗരവ്യൂഹവുമായി സാദൃശ്യപ്പെടുത്തുന്നു എന്നത് പ്രകടമാണ്.

എന്റെ നോട്ടത്തിൽ നാം ചർച്ചചെയ്യുന്ന വചനത്തിലും ഇതേ അർത്ഥം തന്നെയാണ് ഉദ്ദേശിച്ചിട്ടുള്ളത്.

അല്ലാഹുതആല ദൈവികവചനത്തിന്റെ സംരക്ഷണത്തെക്കുറിച്ച് പറഞ്ഞതിനോടൊപ്പം അതിനെ സോളാർ സിസ്റ്റം അഥവാ സൗരവ്യൂഹത്തിനോടുപമിച്ചുകൊണ്ട്, എങ്ങനെയാണ് ഇത് സംരക്ഷിക്കപ്പെടുന്നതെന്നും മനസ്സിലാക്കിത്തന്നിരിക്കുന്നു.

ബാഹ്യമായ ഭൗതികവ്യവസ്ഥിതിയിൽ ഒരാകാശം ഉള്ളതുപോലെ അതായത്, വിവിധ നക്ഷത്രങ്ങളുടെ ഒരു സമുച്ചയം ഉള്ളതുപോലെ ആത്മീയവ്യവസ്ഥിതിയിലും പ്രവാചകന്മാരുടെ ഒരു സമുച്ചയം ഉണ്ട്. അതിന് ആത്മീയാകാശം എന്നു പറയുന്നു. ഓരോ നക്ഷത്രവും അതാതിന്റെ സ്ഥാനത്ത് ആകാശത്തിന്റെ സൗന്ദര്യത്തിന് ഹേതുകമാകുന്നതുപോലെ ആകർഷകസിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിലും മനുഷ്യൻ ഇതുവരെ മനസ്സിലാക്കാൻ കഴിയാത്ത മറ്റുവിധത്തിലും അതതിനെ സംരക്ഷിക്കുന്നതുപോലെ ഓരോ നബിയും ആത്മീയവ്യവസ്ഥിതിക്ക് സൗന്ദര്യത്തിനും അതിന്റെ സംരക്ഷണത്തിനും ഹേതുകമാണ്. അനവസരത്തിലും അനാവശ്യമായിട്ടും ഒരു നബിയും വന്നിട്ടില്ല. ഓരോ നബിക്കും ഒരു നിശ്ചിത ജോലിയുണ്ടായിരുന്നു. അവർക്കല്ലാതെ മറ്റാർക്കും അത് ചെയ്യാൻ സാധിക്കുമായിരുന്നില്ല. ഓരോ നബിയും ആത്മീയമായ ആകാശത്തെ സംരക്ഷിക്കുന്ന ജോലി നിർവ്വഹിച്ചുപോന്നു. ദൈവികവചനത്തിന് സേവനം ചെയ്തു. അതിന്റെ യാഥാർത്ഥ്യവും ഉന്നമനവും സ്വാധീനവും തങ്ങളെക്കൊണ്ടും തങ്ങളുടെ ശിഷ്യഗണങ്ങളെകൊണ്ടും സ്ഥാപിച്ചു. ദൈവികവചനത്തെ തകർക്കാൻ ആഗ്രഹിച്ച സാത്താനികമായ ഗുണങ്ങളുള്ള ആളുകളെ പരാജയപ്പെടുത്തുകയും നിന്ദിതരാക്കുകയും ചെയ്തു. അവർ ആ ആളുകളുടെമേൽ പാറകളും തീയുംപോലെ പതിക്കുകയും അവരെ പരാജയപ്പെടുത്തുകയും ചെയ്തു.

ഭൗതികവ്യവസ്ഥിതിയിൽ ശയ്ത്താന്മാർ അതായത്, ദുഷ്ടജനങ്ങൾ തങ്ങളുടെ ഭൂമിയിലുള്ള നിയന്ത്രണം കൊണ്ട് അക്രമവും കുഴപ്പങ്ങളും ഉണ്ടാക്കിക്കൊണ്ടിരിക്കുകയും- ആകാശത്തിൽ അവരുടെ ഒരു നിയന്ത്രണവും നടക്കുകയില്ല- അക്രമപരമായ നിലയിൽ അവർ ഭൗതികാനുഗ്രഹങ്ങൾ പിടിച്ചെടുക്കുകയും ചെയ്യുന്നു. എന്നാൽ, ഭൗതികാനുഗ്രഹമായ നക്ഷത്രങ്ങളുടെ സ്വാധീനം, പ്രകാശം, കാറ്റ് എന്നിവയുടെ ഫലങ്ങളിൽ നിന്ന് ജനങ്ങളെ തടയാൻ അവർക്ക് കഴിയാത്തതുപോലെതന്നെ ആകാശത്തിൽ അവർക്കൊരധികാരവും ഇല്ല.

അവലംബം: Thafseer kabeer Urdu Vol. II by The Second Heād of the Ahmadiya Jamath, Hadrat Bashiruddin Mahmood Ahmad, Kahalifathul Massih II

عَنْ أَبِي هُرَيْرَةَ
عَنِ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ لَا يَتَقَدَّمَنَّ
أَحَدُكُمْ رَمَضَانَ بِصَوْمِ يَوْمٍ أَوْ يَوْمَيْنِ إِلَّا أَنْ يَكُونَ رَجُلٌ
كَانَ يَصُومُ صَوْمَهُ فَلْيَصُمْ ذَلِكَ الْيَوْمَ۔

അബൂഹുറയ്റ(റ) നിവേദനം. നബി(സ) പറഞ്ഞു റമസാൻ നോമ്പിന് ഒന്നോ രണ്ടോ ദിവസം മുൻകൂട്ടി നിങ്ങൾ നോമ്പ് തുടങ്ങരുത്. വല്ലവനും അതിന് മുമ്പേ (ആ ദിവസങ്ങളിൽ) നോമ്പ് പിടിക്കാറുണ്ടെങ്കിൽ അവനങ്ങനെ നോമ്പ് അനുഷ്ഠിക്കാം. (ബുഖാരി)

ഖുത്ബ

മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ്

# നോമ്പ് ഒരു പരിച:
## തീയിൽനിന്ന് രക്ഷപ്പെടാനുള്ള കോട്ടയും

വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു: “വിശ്വാസികളേ, നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുന്നതിനുവേണ്ടി”.

ചില നിശ്ചിതദിവസങ്ങളാണ്. എന്നാൽ നിങ്ങളിലാരെങ്കിലും രോഗിയോ യാത്രയിലോ ആയാൽ ആ കാലയളവിലെ നോമ്പ് മറ്റുദിവസങ്ങളിൽ പൂർത്തീകരിക്കേണ്ടതാണ്. പ്രായശ്ചിത്തം നല്കുന്നതിന് കഴിവുള്ളവർ ഒരഗതിയുടെ ആഹാരം ഫിദ്‌യ നല്കേണ്ടതാണ്. ഇനി ആരെങ്കിലും ഐച്ഛികമായ നന്മ ചെയ്താൽ അത യാൾക്ക് വളരെ നല്ലതാണ്. നിങ്ങളുടെ നോമ്പനുഷ്ഠാനം നിങ്ങൾക്കുത്തമമാണ്; നിങ്ങൾ ഗ്രഹിക്കുന്നവരാണെങ്കിൽ.

സമസ്ത മനുഷ്യർക്കും സന്മാർഗദായകവും മാർഗദർശനത്തിന്റേയും സത്യാസത്യ വിവേചനത്തിന്റേയും സ്പഷ്ടമായ തെളിവുകൾ ഉൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമസാൻ. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസം കണ്ടാൽ അയാൾ അതിൽ നോമ്പനുഷ്ഠിക്കട്ടെ. എന്നാൽ, നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്യുന്നപക്ഷം ആ എണ്ണം മറ്റു ദിനങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്; അവൻ നിങ്ങൾക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല. (ഇതാകട്ടെ) നിങ്ങൾ എണ്ണം പൂർത്തീകരിക്കുന്നതിനും അല്ലാഹു നിങ്ങളെ സന്മാർഗ്ഗത്തിലാക്കിയതിനും നിങ്ങൾ അവനെ മഹത്വപ്പെടുത്തുന്നതിനും നിങ്ങൾ കൃതജ്ഞത കാണിക്കുന്നതിനും വേണ്ടിയാകുന്നു.” (*2:184-186*)

സത്യവിശ്വാസികൾക്കും, അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നവർക്കും ഈ മാസം അസംഖ്യം അനുഗ്രഹങ്ങൾക്കു കാരണ മാകുമ്പോൾ ശയ്ത്വാന്മാർക്കിത് ബുദ്ധിമുട്ടിന്റെ മാസമായിത്തീരുന്നു. അതായത് സാത്താനിക പ്രകൃതിയുള്ളവർക്ക്. കാരണം, ശയ്ത്വാൻ ഈ മാസത്തിൽ ചങ്ങലയിൽ തളക്കപ്പെടുന്നുവെന്ന് ഒരു ഹദീസിൽ വന്നിരിക്കുന്നു. എന്നാൽ, സത്യവിശ്വാസി ഈ മാസത്തിൽ ഏറ്റവും കൂടുതൽ തഖ്‌വയിൽ ചലിക്കാനും ശയ്ത്വാന്റെ ആക്രമണത്തിൽനിന്ന് രക്ഷപ്പെടാനും ശ്രമിക്കുന്നു. ഇതാണ് ശയ്ത്വാന് ബുദ്ധിമുട്ടുണ്ടാക്കുന്നത്. ശയ്ത്വാനെ തളച്ചിടുക എന്നതിന്റെ ഉദ്ദേശ്യം അല്ലാഹുവിന്റെ ഒരു ദാസൻ അല്ലാഹുവിനുവേണ്ടി അനുവദനീയമായ കാര്യങ്ങൾപോലും ചെയ്യാതിരിക്കുമ്പോൾ, അനുവദനീയമല്ലാത്ത കാര്യങ്ങളിൽനിന്ന്- അതിനെക്കുറിച്ചാണ് ശയ്ത്വാൻ മനസ്സിൽ ദുർബോധനം ചെയ്തുകൊണ്ടിരിക്കുന്നത്- രക്ഷപ്പെടാൻ എത്രമാത്രം ആ ദാസൻ ഉത്സാഹിക്കുമെന്ന് പറയേണ്ടതില്ലല്ലോ. റമസാന്റെ ആദരവ് മനസ്സിലുണ്ടാകാത്ത ബലഹീന വിശ്വാസികൾ, റമസാനിലും പൂർണ്ണമായും ശയ്ത്വാന്റെ കരങ്ങളിലായിരിക്കും. അവർ റമസാനിലും അല്ലാഹുവിനെ ആരാധിക്കുന്നതിൽ അശ്രദ്ധരും ജനങ്ങളുടെ അവകാശം ധ്വംസിക്കുന്നതിൽ ഉത്സുകരുമായിരിക്കും. ചുരുക്കത്തിൽ നിഷ്ക്കളങ്കരായി അല്ലാഹുവിനെ ആരാധിക്കാനാഗ്രഹിക്കുന്നവർക്കും ആരാധിക്കുന്നവർക്കും റമസാൻ അനുഗ്രഹീതമാസമാണ്. അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിച്ചുകൊണ്ട്, അല്ലാഹു ചെയ്യാൻ കല്പിച്ചിട്ടുള്ള എല്ലാ നന്മയും ചെയ്യാൻ പരിശ്രമിക്കുകയും ചെയ്യുകയും അല്ലാഹു ഉപേക്ഷിക്കാൻ പറഞ്ഞ ദോഷങ്ങൾ ഉപേക്ഷിക്കുകയും ചെയ്യുന്ന ഓരോരുത്തർക്കും അനുഗൃഹീത മാസമാണിത്. എന്നുമാത്രമല്ല അവർ ചില അനുവദനീയകാര്യങ്ങൾ പോലും ഒരു പ്രത്യേക നേരത്തേക്ക് അല്ലാഹു അതുപേക്ഷിക്കാൻ കല്പിച്ച കാരണത്താൽ ഉപേക്ഷിക്കുകയും ചെയ്യുന്നു. ഈ നോമ്പ് നിർബന്ധമാക്കിയതും ചില കാര്യങ്ങൾക്ക് പഥ്യം ഏർപ്പെടുത്തിയതും നിങ്ങൾ തഖ്‌വയിൽ അഭിവൃദ്ധിപ്പെടാനാണെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. എന്താണ് തഖ്‌വ? തഖ്‌വ എന്നു പറയുന്നത് പാപങ്ങളിൽനിന്നുള്ള രക്ഷപ്പെടലാണ്. അതിൽനിന്ന് രക്ഷപ്പെടാനുള്ള പരിശ്രമമാണ്. പരിചയുടെ പിന്നിൽ മറഞ്ഞുനിന്ന് രക്ഷപ്പെടുന്നതുപോലെയുള്ള രക്ഷപ്പെടൽ! ഏതെങ്കിലും വസ്തുവിന്റെ പിന്നിൽ നിന്ന് മനുഷ്യൻ രക്ഷപ്പെടാൻ ശ്രമിക്കുമ്പോൾ ഒരു ഭയവുമുണ്ടാകും. ഭയം കാരണത്താലാണ് പിന്നിൽ ഒളിഞ്ഞുനില്ക്കുന്നത്. പറഞ്ഞു: നോമ്പു പിടിക്കുക. പിടിക്കേണ്ടുന്ന മുറപോലെ നോമ്പുപിടിക്കുക. എങ്കിൽ, തഖ്‌വയിൽ അഭിവൃദ്ധിപ്പെടുന്നതാണ്. ഇല്ലെങ്കിൽ, ഒരു നിവേദനത്തിൽ വന്നിട്ടുള്ളതുപോലെ നിങ്ങളെ വിശപ്പോടെ നിറുത്തണമെന്ന താൽപര്യമൊന്നും അല്ലാഹുവിനില്ല. നിങ്ങൾ ചെയ്തിട്ടുള്ള തെറ്റുകളുടേയും പാപങ്ങളുടേയും ദുഷ്ഫലങ്ങളിൽനിന്ന് നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി ഞാൻ നിങ്ങൾക്കായി ഒരു വഴിയൊരുക്കിയിരിക്കുന്നുവെന്ന് അല്ലാഹു പറയുന്നു: നിഷ്ക്കളങ്കരായി വീണ്ടും എന്നിലേക്കു വരുന്നതിനുവേണ്ടി. ഈ റമളാനിൽ നോമ്പിന്റെ മുറകൾ നിറവേറ്റിക്കൊണ്ട് എനിക്കുവേണ്ടി നിങ്ങൾ അനുവദനീയമായ കാര്യങ്ങളെപോലും ഉപേക്ഷിക്കുന്നവരായിത്തീർന്നിരിക്കുകയാണ്, ഇക്കാരണത്താൽ

ഞാൻ നിങ്ങളിൽ കരുണയുടെ ദൃഷ്ടി പതിപ്പിക്കുന്നു. ശയ്ത്വാനെ ചങ്ങലയിൽ തളയ്ക്കുന്നു; ഏതൊരു ഭയത്താലാണോ നിങ്ങൾ നോമ്പു പിടിക്കുന്നത്, നോമ്പ് പിടിച്ചുകൊണ്ട് പരിചയുടെ പിന്നിൽ വരുന്നത്, തഖ്‌വ കൈക്കൊള്ളുന്നത്, അതിൽനിന്ന് നിങ്ങൾ സുരക്ഷിതരാകുന്നതിനും, നിങ്ങൾക്ക് ഒരു നഷ്ടവും വരുത്താൻ ശയ്ത്വാന് കഴിയാതിരിക്കുന്നതിനും വേണ്ടി. ഈ തഖ്‌വ, ഈ പരിച, ശയ്ത്വാന്റെ ആക്രമണങ്ങളിൽ നിന്നും പാപങ്ങളിൽനിന്നും രക്ഷപ്പെടുന്നതിനുള്ള ഈ ശ്രമം നിങ്ങൾ നോമ്പ് പിടിക്കുന്ന കാരണത്താലാണ് നിങ്ങളെ സംരക്ഷിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഒരു ***മുജാഹദ*** ചെയ്ത് നിങ്ങൾ ഈ സംരക്ഷണത്തിന്റെ കോട്ടയിൽ വന്ന സ്ഥിതിക്ക് ഇവിടെ നിലനില്ക്കാനും പരിശ്രമിക്കേണ്ടതാണ്. അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിച്ചുകൊണ്ട്, ഈ കോട്ടയെ, ഈ തഖ്‌വയെ അതിശക്തമാക്കിത്തീർക്കേണ്ടതുണ്ട്. ആദ്യമേതന്നെ നന്മയിൽ നിലകൊള്ളുന്നവർ നോമ്പ് കാരണത്താൽ തഖ്‌വയുടെ കൂടുതൽ നിലവാരം കരസ്ഥമാക്കിക്കൊണ്ടുപോകുന്നു. അവർ അഭിവൃദ്ധിപ്പെട്ട് അല്ലാഹുവിന്റെ അങ്ങേയറ്റത്തെ സാമീപ്യം പ്രാപിക്കുന്നു. നോമ്പ് എന്നു പറയുന്നത് കുറച്ചുനേരത്തേക്ക് ഭക്ഷണപാനീയങ്ങൾ ഉപേക്ഷിച്ചു കഴിഞ്ഞാൽ തഖ്‌വയുടെ ഉന്നതനിലവാരം ലഭിക്കുന്ന ഒന്നല്ല. ഞാൻ പറഞ്ഞതുപോലെ, നോമ്പിനോടൊപ്പം ഒരുപാട് തിന്മകളും ഉപേക്ഷിക്കേണ്ടതായിവരും. അല്ലാഹുവിനെ ആരാധിക്കുന്നതും ആദ്യത്തേക്കാൾ അധികമാക്കേണ്ടിവരും. അപ്പോഴേ തഖ്‌വ ലഭ്യമാകുകയുള്ളൂ. അതിൽ അഭിവൃദ്ധിയുമുണ്ടാകും.

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ്(അ) പറയുന്നു: "നോമ്പിന്റെ യാഥാർത്ഥ്യത്തെ സംബന്ധിച്ചും ജനങ്ങൾ അജ്ഞരാണ്. യഥാർത്ഥമെന്താണെന്നുവെച്ചാൽ, പോയിക്കണ്ടിട്ടില്ലാത്ത രാജ്യത്തെക്കുറിച്ചും പരിചയമില്ലാത്ത ലോകത്തെക്കുറിച്ചും മനുഷ്യന് എന്താണ് പറയാൻ കഴിയുക? മനുഷ്യൻ വിശന്നും ദാഹിച്ചും ഇരിക്കുകയെന്നതു മാത്രമല്ല നോമ്പ്. അതിന് ഒരു പ്രഭാവമുണ്ട്. അനുഭവത്തിലൂടെയാണ് അതറിയാൻ കഴിയുക. ഭക്ഷണം കുറയ്ക്കുന്നതനുസരിച്ച് ആത്മാവ് പരിശുദ്ധമാകുന്നു. ദർശനശക്തി വർദ്ധിക്കുന്നു. ഭൗതികഭക്ഷണം കുറച്ച് ആധ്യാത്മികഭക്ഷണം അധികമാക്കുക എന്നതാണ് അല്ലാഹു ഇതുകൊണ്ടുദ്ദേശിക്കുന്നത്. വിശപ്പ് മാത്രമല്ല അവനിൽനിന്ന് പ്രതീക്ഷിക്കുന്നതെന്ന കാര്യം നോമ്പുകാരന്റെ ദൃഷ്ടിയിൽ ഉണ്ടായിരിക്കണം. ഏകാന്തവാസവും ഭൗതികതയിൽ നിന്നുള്ള അകൽച്ചയും ലഭിക്കാനായി ദൈവസ്മരണയിൽ അധികമധികം ലയിക്കണം. കേവലശരീരത്തിന് പോഷണം നല്കുന്ന ഭക്ഷണം ഉപേക്ഷിച്ച് ആത്മാവിന്റെ തൃപ്തിക്കും സന്തുഷ്ടിക്കും ഉതകുന്ന ഭക്ഷണം സ്വീകരിക്കുക എന്നതാണ് നോമ്പുകൊണ്ടുള്ള ഉദ്ദേശ്യം. ഒരു ചടങ്ങു തീർക്കുന്നു എന്ന നിലയിലല്ലാതെ ആരാണോ അല്ലാഹുവിനുവേണ്ടി നോമ്പ് നോല്ക്കുന്നത് അയാൾക്ക് ആദ്ധ്യാത്മിക ഭക്ഷണം ലഭിക്കുന്നതിനായി അല്ലാഹുവിനെ സ്തുതിക്കുന്നതിലും, അവനെ പ്രകീർത്തിക്കുന്നതിലും, അവന്റെ ഏകത്വം കീർത്തനം ചെയ്യുന്നതിലും അയാൾ മുഴുകിക്കൊള്ളട്ടെ." (*മൽഫൂസാത്ത്, വാല്യം -9, പേ-123*)

നോമ്പിന്റെ ഫലം ലഭിക്കുന്നത് ഭൗതികഭക്ഷണം കുറച്ച്, ആദ്ധ്യാത്മിക ഭക്ഷണം വർദ്ധിപ്പിക്കുമ്പോഴാണ്. വെറും ലോകത്തിന്റെ പിന്നാലെ പോകാതിരിക്കുക. അത്താഴം കഴിച്ച് പിന്നീട് ലോകകാര്യങ്ങളിൽ മാത്രം മുഴുകുന്നതുകൊണ്ട് ഒന്നും ലഭിക്കുകയില്ല. ഭൗതികതക്ക് മുൻതൂക്കം നല്കുന്നവനും ആരോഗ്യം ലഭിക്കുമെന്ന വിചാരത്തോടെയോ ഫാഷനെന്ന നിലയിലോ ഭക്ഷണം കുറയ്ക്കാറുണ്ട്. നിങ്ങൾ ഭക്ഷണം കുറയ്ക്കുന്നത് ശരീരസൗന്ദര്യത്തിനോ ആരോഗ്യം ലക്ഷ്യമാക്കിയോ ആകാൻ പാടില്ല. പ്രത്യുത അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടിയായിരിക്കണം. ഈ തൃപ്തി ലഭിക്കുന്നത് ആദ്യത്തെ അപേക്ഷിച്ച് കൂടുതൽ ബന്ധം അല്ലാഹുവുമായിട്ട് ഉണ്ടാകുമ്പോഴാണ്. അവന് തസ്ബീഹ് ചെയ്തുകൊണ്ടും എല്ലാ ശക്തികളുടേയും ഉടമസ്ഥനാണെന്ന് മനസ്സിലാക്കിക്കൊണ്ടും അവനിലേക്ക് കൂടുതൽ കുനിയുമ്പോഴാണ് നോമ്പ് ശയ്ത്വാനിൽനിന്ന് മനുഷ്യനെ കൂടുതൽ രക്ഷപ്പെടുത്തുന്നത്. അത് അവന്റെ തഖ്‌വയേയും വർദ്ധിപ്പിക്കും. ഇല്ലെങ്കിൽ ഞാൻ പറഞ്ഞതുപോലെ, ശയ്ത്വാൻ തുറന്നനിലയിൽ വിഹരിച്ചുകൊണ്ടിരിക്കുന്ന ഒരുപാടാളുകളുണ്ട്. മുസ്‌ലിംകളിലും അത്തരക്കാരെ കാണാം. അവരുടെ ശയ്ത്വാൻ ചങ്ങലയിൽ തളയ്ക്കപ്പെടുന്നില്ല. കാരണം അവർ തഖ്‌വ കൈക്കൊള്ളാൻ പരിശ്രമിക്കുകയോ അല്ലാഹുവിനെ ഭയക്കുകയോ ചെയ്യുന്നില്ല.

അല്ലാഹു പറയുന്നു: തഖ്‌വയുടെ നിലവാരം ഉയർത്തുന്നതിനും നന്മയിൽ വളരുന്നതിനും ശയ്ത്വാനിൽനിന്ന് രക്ഷപ്പെടുന്നതിനുമുള്ള ട്രെയിനിംഗ് കോഴ്സാണിത്. ഇത്രയുംനാൾ എങ്ങനെ ഞങ്ങൾ സഹിക്കുമെന്നോർത്ത് വ്യാകുലചിത്തരാകാൻ മാത്രം അത് ദീർഘകാലത്തെ കോഴ്സൊന്നുമല്ല. വർഷത്തിലെ ചില ദിനങ്ങളാണ്. 365 ദിവസങ്ങളിൽ വെറും 29, 30 ദിവസം മാത്രം. ശയ്ത്വാനിൽനിന്ന് രക്ഷപ്പെടാൻ നിങ്ങളാഗ്രഹിക്കുന്നെങ്കിൽ ഇത്രമാത്രം ത്യാഗം നിങ്ങൾ വരിക്കേണ്ടിവരും. ശയ്ത്വാനിൽനിന്ന് സുരക്ഷിതരായിരിക്കുക എന്നു മാത്രമല്ല, അല്ലാഹു പറയുന്നത് എന്റെ തൃപ്തിയും കരസ്ഥമാക്കുക എന്നാണ്. എന്റെ പ്രതിഫലം കരസ്ഥമാക്കണമെന്ന് നിങ്ങളാഗ്രഹിക്കുന്നെങ്കിൽ എന്റെ സാമീപ്യം പ്രാപിക്കുന്നവരായിത്തീരുക.

പറഞ്ഞു, രോഗിയോ യാത്രയിലോ ആണെങ്കിൽ, കാരണം രോഗവും മനുഷ്യനോടൊപ്പം ചേർന്നിട്ടുള്ളതാണ്, യാത്ര ചെയ്യാൻ നിർബന്ധിതരുമാകേണ്ടിവരും. അത്തരം ഘട്ടത്തിൽ വിട്ടുപോകുന്ന നോമ്പ് പിന്നീട് പിടിച്ചുവീട്ടുക. ഈ എളുപ്പവും അല്ലാഹു തന്നിട്ടുള്ളത്- അവൻ പറയുന്നു, ഞാനുമായി ബന്ധം സ്ഥാപിക്കുന്നതിനുവേണ്ടി നിങ്ങൾ ഒരു പരിശ്രമം നടത്തുകയാണ്, ഒരു മുജാഹദ നടത്തുകയാണ്. അതുകൊണ്ട് ഞാൻ നിങ്ങളുടെ പ്രകൃതിപരവും അപ്രതീക്ഷിതമായി ഉണ്ടാകുന്നതുമായ നിർബന്ധഘട്ടം കാരണത്താൽ

നിങ്ങൾക്ക് ഈ ഇളവ് തന്നിരിക്കുകയാണ്. വിട്ടുപോയ നോമ്പ് അടുത്തവർഷത്തിനുള്ളിൽ പിടിച്ചുവീട്ടുക. ഈ ഇളവ് നിങ്ങൾക്ക് നല്കിയിട്ടുള്ളത് നിങ്ങളുടെ പരിശ്രമത്തെ മാനിച്ചുകൊണ്ടാണെന്ന് അല്ലാഹു പറയുന്നു. അതായത്, മറ്റുദിനങ്ങളിൽ നിങ്ങൾ നിങ്ങളെ ബുദ്ധിമുട്ടിൽ അകപ്പെടുത്തിക്കൊണ്ട് എന്റെ സാമീപ്യം പ്രാപിക്കാൻ എനിക്കുവേണ്ടിയാണല്ലോ ഇതൊക്കെ ചെയ്യുന്നത്. പറഞ്ഞു. ഈ എല്ലാ കർമ്മങ്ങളും നിങ്ങൾ ചെയ്യുന്നത് എനിക്കുവേണ്ടിയാണ്. അതുകൊണ്ട് നിങ്ങൾ താൽക്കാലിക രോഗികളോ, അല്ലെങ്കിൽ യാത്ര ചെയ്തുകൊണ്ട് നോമ്പ് വിട്ടുപോകുകയോ ചെയ്തിട്ടുണ്ടെങ്കിൽ സാമ്പത്തികശേഷി നല്ലതാണെങ്കിൽ ഫിദ്‌യയും കൊടുക്കുക. ഇത് അധികമായ നന്മയാണ്. പിന്നീട് നോമ്പ് പിടിച്ചുവീട്ടുകയും ചെയ്യുക. നിത്യരോഗികളോ, മുലകുടിപ്പിക്കുന്ന ഉമ്മമാരോ, അല്ലെങ്കിൽ ഗർഭിണികളോ ആണെങ്കിൽ- അവർക്ക് നോമ്പ് പിടിക്കാൻ കഴിയില്ല. അതുകൊണ്ട് അത്തരം രോഗികൾ അവരുടെ കഴിവനുസരിച്ച് ഫിദ്‌യ കൊടുക്കേണ്ടതാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഫിദ്‌യ വാർദ്ധക്യം പ്രാപിച്ചവരോ അതുപോലുള്ളവർക്കോ വേണ്ടിയാണ്. ഇർഫാനീ സാഹിബിനെക്കുറിച്ചായിരുന്നു ചോദ്യം. അദ്ദേഹം നിത്യരോഗിയായിരുന്നു. വാർദ്ധക്യം ബാധിച്ചവരോ അല്ലെങ്കിൽ നോമ്പുപിടിക്കാൻ ഒരിക്കലും സാധിക്കാത്ത അതുപോലുള്ളവരോ ആണ് ഫിദ്‌യ കൊടുക്കേണ്ടത്. ആരോഗ്യം വീണ്ടുകിട്ടി നോമ്പുപിടിക്കാൻ സാധിക്കുന്നവർ ഫിദ്‌യയെക്കുറിച്ച് ചിന്തിക്കുന്നത് ആലസ്യത്തിന്റെ വാതിൽ തുറക്കലായിരിക്കും. (അതായത്, ഓരോരുത്തരും അവരവരുടെ സൗകര്യത്തിനനുസരിച്ച് വ്യാഖ്യാനം നൽകാൻ തുടങ്ങും.)

ഹസ്റത്ത് മസീഹ് മൗഊദ്(അ) 'സിർഫ്' എന്ന പദമാണ് ഉപയോഗിച്ചിട്ടുള്ളത്. അതിന്റെ ഉദ്ദേശ്യം, പിന്നീട് നോമ്പുപിടിക്കാൻ ശക്തിയുള്ളവർ ഫിദ്‌യ കൊടുക്കുകയാണെങ്കിൽ അതൊരു അധികനന്മയായിരിക്കും എന്നാണ്. പിന്നീട് നോമ്പും പിടിച്ചുവീട്ടി, ഫിദ്‌യയും കൊടുത്തു. നോമ്പുപിടിക്കാൻ കഴിവില്ലാത്തവർക്കുവേണ്ടിയാണ് ഫിദ്‌യ. വിവിധ വ്യാഖ്യാതാക്കൾ വിവിധരീതിയിൽ ഇത് ചർച്ച ചെയ്തിട്ടുണ്ട്. ഫിദ്‌യ എങ്ങനെയാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "കഴിവുള്ളവർ ഫിദ്‌യ കൊടുക്കുക, താൽക്കാലികമായി രോഗിയായവരും."

വീണ്ടും അവിടന്ന് പറയുന്നു: '***വ അലല്ലദീന യുത്വീഖൂനഹു ഫിദ്‌യത്തുൻ തആമുമിസ്ക്കീൻ***.' ഫിദ്‌യ എന്തിനാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് ഒരിക്കൽ ഞാൻ ചിന്തിച്ചു. ഭാഗ്യം തെളിയാൻ വേണ്ടിയാണതെന്ന് അപ്പോൾ എനിക്കു മനസ്സിലായി, അതുമുഖേന നോമ്പുപിടിക്കാനുള്ള ഭാഗ്യം കിട്ടുന്നു. ഭാഗ്യം നൽകാൻ അല്ലാഹുവിനു മാത്രമേ കഴിയൂ. എല്ലാ കാര്യങ്ങളും അവനോടുതന്നെ ചോദിക്കണം. അവൻ സർവ്വശക്തനാണ്. അവനുദ്ദേശിച്ചാൽ ഒരു ശ്വാസരോഗിക്കുപോലും നോമ്പുപിടിക്കാനുള്ള ശക്തി നൽകാം. ഫിദ്‌യ കൊണ്ടുള്ള ഉദ്ദേശ്യവും ആ ശക്തി ലഭിക്കുക എന്നതാണ്. അത് അല്ലാഹുവിന്റെ അനുഗ്രഹത്താലാണുണ്ടാകുന്നത്. എന്റെ പക്കൽ മനുഷ്യൻ ഇങ്ങനെ ദുആ ചെയ്യുന്നത് വളരെയേറെ നല്ലതാണ്. ഇലാഹീ! ഇതു നിന്റെ ഒരു അനുഗൃഹീതമാസമാണ്. ഞാൻ ഇതിൽ നിന്ന് തടയപ്പെടുന്നു. അടുത്തവർഷം ജീവിച്ചിരിക്കുമോ എന്നറിയില്ല. അല്ലെങ്കിൽ ഈ വിട്ടുപോയ നോമ്പ് പിടിച്ചുവീട്ടാൻ പറ്റുമോ എന്നും അറിയില്ല." ഇങ്ങനെ പറഞ്ഞ് അവനോട് തൗഫീഖ് ചോദിച്ചാൽ അത്തരം ഹൃദയങ്ങൾക്ക് അല്ലാഹു ശക്തിപകരുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു.

നോമ്പു പിടിക്കാൻ താൽക്കാലികമായ തടസ്സമുണ്ടാകുമ്പോൾ ഫിദ്‌യ കൊടുക്കുകയാണെങ്കിൽ അല്ലാഹു അതിന്റെ അനുഗ്രഹത്താൽ നോമ്പു പിടിക്കാൻ തൗഫീഖും നൽകാം. അതുകൊണ്ട് ഫിദ്‌യ കൊടുക്കുകയും ഒപ്പം ദുആ ചെയ്യുകയും വേണം.

വീണ്ടും അവിടന്ന് പറയുന്നു: വിശുദ്ധഖുർആൻ ഒഴിവ് നൽകിയിട്ടുള്ളതനുസരിച്ച് പ്രവർത്തിക്കുന്നതും തഖ്‌വയാണെന്നതാണ് വാസ്തവം. അല്ലാഹുതആല രോഗിക്കും യാത്രക്കാരനും മറ്റു സമയങ്ങളിൽ നോമ്പുപിടിക്കുന്നതിന് അനുവാദവും ഒഴിവും നൽകിയിരിക്കുന്നു. അതുകൊണ്ട് ഇതനുസരിച്ചും പ്രവർത്തിക്കേണ്ടതാണ്. രോഗിയോ യാത്രക്കാരനോ നോമ്പുപിടിക്കുകയാണെങ്കിൽ അത് പാപമാണെന്ന് മിക്ക മഹാത്മാക്കളും അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ യഥാർത്ഥ ലക്ഷ്യം അല്ലാഹുവിന്റെ തൃപ്തിയാണ്. നമ്മുടെ ഇഷ്ടമല്ല. അല്ലാഹുവിന്റെ തൃപ്തി അനുസരണത്തിലാണ്. എന്തൊന്ന് അവൻ കല്പിക്കുന്നുവോ അതനുസരിക്കുക. സ്വന്തംനിലയിൽ അതിന് അടിക്കുറിപ്പ് എഴുതരുത്. (അതായത് അതിനെ വിശദീകരിക്കരുത്) അവൻ കല്പിച്ചിട്ടുള്ളത് '***മൻകാന മിൻകും മരീളൻ അവ് അലാ സഫറിൻ ഫഇദ്ദത്തുൻ മിൻ അയ്യാമിൻ ഉഖറ***' എന്നാണ്. ഇങ്ങനെയുള്ള യാത്രയെന്നോ അങ്ങനെയുള്ള രോഗമെന്നോ പറഞ്ഞ് ഇതിന് ഒരുവിലക്കും ഏർപ്പെടുത്തിയിട്ടില്ല. പറഞ്ഞു: "ഞാൻ യാത്രാവസരത്തിൽ നോമ്പെടുക്കാറില്ല; അതുപോലെതന്നെ രോഗാവസ്ഥയിലും." ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. ഇന്നും എനിക്ക് സുഖമില്ല. അതുകൊണ്ട് ഞാനിന്ന് നോമ്പ് പിടിച്ചിട്ടില്ല.

രോഗിയോ യാത്രക്കാരനോ റമസാൻ മാസത്തിൽ നോമ്പുപിടിച്ചാൽ അവൻ അല്ലാഹുവിന്റെ വ്യക്തമായ കല്പനയെ ധിക്കരിക്കുകയാണ് ചെയ്യുന്നത്. അല്ലാഹു സ്പഷ്ടമായും പറഞ്ഞിട്ടുള്ളത് രോഗിയും യാത്രക്കാരനും നോമ്പുപിടിക്കരുതെന്നാണ്. രോഗം സുഖമായതിനും യാത്ര അവസാനിച്ചതിനും ശേഷം നോമ്പുപിടിക്കുക. അല്ലാഹുവിന്റെ ഈ കല്പനയനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. കാരണം മോക്ഷം ലഭിക്കുന്നത് അനുഗ്രഹം കൊണ്ടാണ്. അല്ലാതെ സ്വന്തം ശക്തി കാണിച്ച് ആർക്കും അത് കരസ്ഥമാക്കാൻ സാധ്യമല്ല. കുറച്ചു രോഗമാണോ കൂടുതൽ രോഗമാണോ എന്നൊന്നും അല്ലാഹു പറഞ്ഞിട്ടില്ല. ചെറിയ യാത്രയാണോ വലിയ യാത്രയാണോ എന്നും പറഞ്ഞി

ട്ടില്ല. പ്രത്യുത പൊതുവായിട്ടുള്ള കല്പനയാണ്. ഇതനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. രോഗിയും യാത്രക്കാരനും നോമ്പുപിടിക്കുകയാണെങ്കിൽ അവരിൽ കല്പന ലംഘിച്ചു എന്ന കുറ്റം ചുമത്തപ്പെടുന്നതാണ്.

ചിലയാളുകൾ ആവശ്യത്തേക്കാളധികം തങ്ങളെ സ്വയം ബുദ്ധിമുട്ടിലാക്കുന്നു. ബുദ്ധിമുട്ടിലാക്കാൻ പരിശ്രമിക്കുന്നു. ഇന്നത്തെ യാത്ര ഒരു യാത്രയല്ല എന്ന് പറയുന്നു. അതുകൊണ്ട് നോമ്പുപിടിക്കുന്നത് അനുവദനീയമാണത്രെ! മനഃപൂർവ്വം സ്വയം ബുദ്ധിമുട്ടിലകപ്പെടുത്തുക എന്നതല്ല നന്മ. നന്മ എന്നു പറയുന്നത് അല്ലാഹുവിന്റെ കല്പന നടപ്പിൽ വരുത്തുക എന്നതാണ്. വ്യക്തമായ കല്പനയ്ക്ക് സ്വന്തം നിലയിൽ വിശദീകരണവും വ്യാഖ്യാനവും നൽകേണ്ട ആവശ്യമില്ല. അതനുസരിച്ച് പ്രവർത്തിക്കുകയാണ് വേണ്ടത്. രോഗിയും യാത്രക്കാരനും നോമ്പുപിടിക്കരുത് എന്നത് വ്യക്തമായ കല്പനയാണ്. കല്പനകൾ പാലിക്കുന്നതിലാണ് അനുഗ്രഹം കുടികൊള്ളുന്നത്. അല്ലാതെ നിർബന്ധിച്ച് അല്ലാഹുവിനെ തൃപ്തിപ്പെടുത്താൻ ശ്രമിക്കുന്നതിലല്ല.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ഇബ്നു ഉമർ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനിയോട് ഒരാൾ റമസാൻ മാസത്തിൽ യാത്രാവസ്ഥയിൽ നോമ്പുപിടിക്കുന്നതിനേയും നമസ്കരിക്കുന്നതിനേയും കുറിച്ച് ചോദിച്ചു. നബി(സ) തിരുമേനി പറഞ്ഞു: റമസാനിൽ യാത്രാവസ്ഥയിൽ നോമ്പുപിടിക്കാതിരിക്കുക. തനിക്ക് നോമ്പുപിടിക്കാൻ ശക്തിയുണ്ടെന്ന് അയാൾ പറഞ്ഞു. നബി(സ) തിരുമേനി അദ്ദേഹത്തോട് ചോദിച്ചു. ***അൻത അഖ്വാ അമില്ലാഹ്***! നീയാണോ കൂടുതൽ ശക്തിമാൻ അതോ അല്ലാഹുവോ? തീർച്ചയായും അല്ലാഹു എന്റെ സമുദായത്തിലെ രോഗികൾക്കും യാത്രക്കാർക്കും റമസാൻ മാസത്തിൽ യാത്രാവസ്ഥയിൽ നോമ്പുപിടിക്കാതിരിക്കുന്നതിനെ സദഖ എന്ന നിലയിൽ ഒരു ഇളവ് നൽകിയിരിക്കുന്നു. നിങ്ങളിൽ ആരെങ്കിലും സദഖ കൊടുക്കുകയും ആ സദഖ നിങ്ങൾക്കുതന്നെ അയാൾ മടക്കിത്തരികയും ചെയ്യുന്നത് നിങ്ങൾ ഇഷ്ടപ്പെടുമോ? ഈ സദഖ അല്ലാഹുവിൽനിന്നാണ് ലഭിക്കുന്നത്. വിശുദ്ധഖുർആൻ തികവുറ്റതും പരിപൂർണ്ണവുമായ ശരീഅത്ത് ഗ്രന്ഥമാണ്. ഈ മാസത്തിലാണ് അത് അവതരിപ്പിക്കപ്പെട്ടത്. ഹസ്റത്ത് ജിബ്രീൽ(അ) ഓരോ വർഷവും, അതുവരെ ഇറങ്ങിയിരുന്ന ഖുർആൻ മുഴുവനും റമസാൻ മാസത്തിൽ ആവർത്തിച്ച് ചൊല്ലികൊടുക്കുമായിരുന്നുവെന്ന് ഹദീസിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി വഫാത്താവുന്നതിനു മുമ്പേവന്ന റമസാനിൽ രണ്ട്പ്രാവശ്യം ഇത് ആവർത്തിക്കപ്പെട്ടിരുന്നു. പറഞ്ഞു: ഇതിൽ മഹത്തായ ഒരു നിർദ്ദേശമുണ്ട്. അതുകൊണ്ട് നിങ്ങളും അത് ചിന്തിച്ച് പാരായണം ചെയ്യുക. അതെപ്പോഴും പാരായണം ചെയ്യേണ്ടതുതന്നെയാണ്. പക്ഷേ, റമസാനിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തിലാവത്ത് ചെയ്യുക. തർജമ വായിക്കുക. ദർസിന് ഏർപ്പാടുള്ളിടത്ത് ദർസും കേൾക്കുക. കാരണം ചില കാര്യങ്ങൾ എല്ലാവരും അറിഞ്ഞുകൊള്ളണമെന്നില്ല. എന്നാൽ മുകളിൽപറഞ്ഞതുപോലെ നിങ്ങൾ ചെയ്യുമ്പോൾ നിങ്ങൾക്കതിലെ ഗഹനമായ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയും. എല്ലാ കാര്യങ്ങളേയും കല്പനകളേയും സംബന്ധിച്ച് വിശദീകരണമുണ്ടാകും. അതിനെ നിങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റാൻ കഴിയും. രണ്ടാമത്തെ വചനത്തിൽ വീണ്ടും താക്കീത് ചെയ്തിരിക്കുന്നു. നിങ്ങൾ നോമ്പു പിടിക്കുക. രോഗിയും യാത്രക്കാരനും ഈ ദിനങ്ങളിൽ നോമ്പു പിടിക്കാതിരിക്കുക. മറ്റുദിനങ്ങളിൽ എണ്ണം പൂർത്തിയാക്കുക. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് ശുക്ർ പ്രകടിപ്പിച്ചുകൊണ്ട് അവന്റെ മുമ്പിൽ കുനിയുക. അവനോട് നന്ദിയുള്ള ദാസരായിത്തീരുക. ഈ നന്ദിയും നിങ്ങളെ നന്മയിലും തഖ്വയിലും വളർത്തുന്നതാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. ***ശഹ്റു റമളാനല്ലദീ ഉൻസില ഫീഹിൽഖുർആൻ***. ഇതിൽ നിന്നും റമസാൻ മാസത്തിന്റെ മഹത്വം മനസ്സിലാകുന്നുണ്ട്. ഹൃദയം പ്രകാശിക്കുന്നതിന് ഉത്തമമായ മാസമാണിതെന്ന് സൂഫികൾ എഴുതിയിരിക്കുന്നു. ഇതിൽ ധാരാളമായി ദിവ്യദർശനങ്ങളുണ്ടാകുന്നു. നമസ്കാരം ആത്മാവിനെ ശുദ്ധീകരിക്കുന്നു. നോമ്പ് ഹൃദയത്തെ പ്രകാശമാനമാക്കിത്തീർക്കുന്നു. ആത്മാവിന്റെ ശുദ്ധീകരണം എന്നതിന്റെ വിവക്ഷിതം ആത്മാവിന്റെ ദോഷപ്രവണമായ അവസ്ഥയിൽനിന്നും അകലാൻ കഴിയുന്നു എന്നുള്ളതാണ്. (നഫ്സെ അമ്മാറ എപ്പോഴും തിന്മയിലേക്ക് പ്രചോദിപ്പിക്കുന്ന ആത്മാവാണ്. ഇതിൽ നിന്ന് അകൽച്ചയുണ്ടാകുന്നു) ഹൃദയം പ്രകാശിക്കുന്നു എന്നതിന്റെ അർത്ഥം ദിവ്യദർശനത്തിന്റെ വാതിൽ അവനിൽ തുറക്കുന്നു എന്നതാണ്. അതായത് അല്ലാഹുവിനെ കാണുന്നു.

നോമ്പു പിടിക്കുകയും ഖുർആൻ പാരായണം ചെയ്യുകയും ആരാധനകൾ നിർവ്വഹിക്കുകയും ചെയ്യുന്നതുകൊണ്ട് ഹൃദയം പ്രകാശിക്കുന്നു. അല്ലാഹുവുമായിട്ട് അടുത്തബന്ധം ഉണ്ടാകുന്നു. നമസ്കാരം ആത്മാവിനെ ശുദ്ധീകരിക്കുന്നു. ഈ ദിനങ്ങളിൽ നമസ്കാരത്തിലേക്കും പ്രത്യേകം ശക്തിചെലുത്തുക; ആത്മാവ് കൂടുതൽ ശുദ്ധമായിത്തീരുന്നതിനുവേണ്ടി. നമസ്കാരം ആത്മാവിനെ ശുദ്ധീകരിക്കുന്നു. നോമ്പിലൂടെ ഹൃദയത്തിന് വെളിച്ചം ലഭിക്കുന്നു. ഹൃദയത്തിന്റെ വെളിച്ചം എന്താണ്? അവിടന്ന് പറയുന്നു: അല്ലാഹുവിനെ കാണുന്നു എന്ന നിലയിലുള്ള അടുത്തബന്ധം അവനുമായുണ്ടാകുന്നു.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: നോമ്പൊഴിച്ചുള്ള മനുഷ്യന്റെ മറ്റെല്ലാ കർമ്മങ്ങളും അവനുതന്നെയുള്ളതാണെന്ന് അല്ലാഹു പ്രഖ്യാപിച്ചിട്ടുണ്ട്. നോമ്പ് എനിക്കുവേണ്ടി പിടിക്കുന്നു. ഞാൻതന്നെ അതിന് പ്രതിഫലം നൽകുന്നതാണ്. നോമ്പ് പരിചയാണ്. നിങ്ങളിൽ ആർക്കെങ്കിലും നോമ്പുണ്ടെങ്കിൽ തെറ്റ് പ്രവർത്തിക്കാതിരിക്കുകയും ബഹളമുണ്ടാക്കാതിരിക്കുകയും ചെയ്തുകൊള്ളട്ടെ. ഇനി വല്ലവനും അവനെ വഴക്കുപറയുകയോ അവനോട് ശണ്ഠ കൂടുകയോ ചെയ്യു

ന്നതായാൽ ഞാൻ നോമ്പുകാരനാണെന്ന് അവൻ പറയട്ടെ! ഏതൊരുവന്റെ കയ്യിലാണോ മുഹമ്മദിന്റെ ജീവനിരിക്കുന്നത് അവനെകൊണ്ട് സത്യം! നോമ്പുകാരന്റെ വായയുടെ മണം അല്ലാഹുവിന്റെ പക്കൽ കസ്തൂരിയേക്കാൾ മണമുള്ളതാണ്. നോമ്പുകാരന് രണ്ടാനന്ദമാണുള്ളത്. ഒന്ന് നോമ്പ് മുറിക്കുമ്പോഴും മറ്റൊന്ന് തന്റെ നാഥനെ കണ്ടുമുട്ടുമ്പോഴും. നോമ്പുകാരന്റെപേരിൽ അവൻ സന്തുഷ്ടനായിത്തീരുന്നു. (*ബുഖാരി, മുസ്‌ലിം*) ഇതിൽ നോമ്പ് തനിക്കുവേണ്ടിയാണ് പിടിക്കുന്നതെന്ന് അല്ലാഹു പറയുന്നു. അല്ലാഹുവിനുവേണ്ടി ചെയ്യുന്ന കാര്യത്തിൽ ഭൗതികതയുടെ കലർപ്പുണ്ടാകുക സാധ്യമല്ല. അല്ലാഹുവിനുവേണ്ടി ചെയ്യുന്ന കാര്യങ്ങൾ ജനങ്ങളിൽ പ്രകടിപ്പിക്കാനോ അവരിൽനിന്ന് സ്തുതി പിടിച്ചുപറ്റാനോ ആകുകയില്ല. എന്നല്ല, താൻ ചെയ്ത നന്മ മറഞ്ഞിരിക്കണമെന്ന ചിന്തയായിരിക്കുമുണ്ടാകുക. ജനങ്ങളെ ഒളിച്ചുചെയ്യുന്ന നന്മകൾക്ക് ഞാൻ പ്രതിഫലമായിത്തീരുമെന്ന് അല്ലാഹു പറയുന്നു.

പിന്നീട് പറഞ്ഞത് നോമ്പ് പരിചയാണെന്നാണ്. സംരക്ഷണത്തിനുള്ള ശക്തമായ മാർഗ്ഗമാണിത്. ഇതിന്റെ പിന്നിൽ ഒളിഞ്ഞിരുന്ന് ശയ്ത്വാന്റെ ആക്രമണത്തിൽനിന്ന് നിങ്ങൾക്ക് രക്ഷപ്പെടാവുന്നതാണ്. നോമ്പിനോടൊപ്പം അല്ലാഹുവിനെ ആരാധിക്കുകയും ദോഷങ്ങളിൽനിന്നും വഴക്കുകളിൽനിന്നും രക്ഷപ്പെടുകയും ചെയ്യുമ്പോഴാണ് അത് സാധ്യമാകുക. ആരെങ്കിലും ചീത്ത വിളിച്ചാൽ ദേഷ്യപ്പെടാനും പാടില്ല. മറിച്ച്, ഞാൻ നോമ്പുകാരനാണെന്ന് പറയുക. ഓരോതലത്തിലും അതായത് വീട്ടിലായാലും പരിസരത്തായാലും വെളിയിലായാലും സുഹൃത്തുക്കളിലായാലും ഇതനുസരിച്ച് പ്രവർത്തിക്കുമെന്ന് ഓരോ അഹ്മദിയും പ്രതിജ്ഞ ചെയ്യുക. അതായത് ചീത്തവിളിച്ചാൽ പ്രതികരിക്കില്ലെന്നും വഴക്കും വക്കാണവും ഉണ്ടാക്കില്ലെന്നും പ്രതിജ്ഞചെയ്താൽ, ലോകത്തെ പകുതിയിലധികം വഴക്കുകളും ഇല്ലാതാക്കാൻ കഴിയുമെന്ന് ഞാൻ മനസ്സിലാക്കുന്നു. സന്തോഷം ലഭിക്കുന്നവർക്ക് ഏറ്റവുമധികം സന്തോഷം ലഭിക്കുന്നത് തങ്ങളുടെ റബ്ബിന്റെ സാമീപ്യം കരസ്ഥമാകുമ്പോഴാണ്. അത് ഈ നോമ്പു കാരണത്താലാണ് ലഭിക്കുന്നത്. ഇതിൽ നിന്ന് നോമ്പിനുശേഷവും ഈ കർമ്മം തുടർന്നുപോയാൽ അല്ലാഹുവിന്റെ സാമീപ്യം ലഭിച്ചുകൊണ്ടേപോകുമെന്നാണ് മനസ്സിലാകുന്നത്. ഇല്ലെങ്കിൽ ഇത് താൽക്കാലികമായിരിക്കും. റമസാനിൽ എന്റെ സാമീപ്യം കരസ്ഥമാക്കുക, അതിനുശേഷം ഇഷ്ടത്തിനൊത്ത് നിങ്ങൾ പ്രവർത്തിച്ചുകൊള്ളുക എന്ന് അല്ലാഹു പറഞ്ഞില്ല. സ്വായത്തമാക്കുന്ന നന്മകൾക്ക് അമരത്തം നല്കേണ്ടതാണ്.

ഹസ്റത്ത് ഇബ്നു ഉമർ(റ) നിവേദനം ചെയ്യുന്നു. അവിടന്ന് പറയുന്നു. നബി(സ) തിരുമേനി പറഞ്ഞു: "കർമ്മങ്ങളുടെ അവസ്ഥ അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഏഴുവിധത്തിലാണ്. രണ്ട് കർമ്മങ്ങളുണ്ട്. അത് ചെയ്യുന്നതുകൊണ്ട് രണ്ടുകാര്യം നിർബന്ധമായിത്തീരുന്നു. രണ്ട് കർമ്മങ്ങളുണ്ട് അതിന് സമാനമായ പ്രതിഫലമാണ് കിട്ടുന്നത്. ഒരു കർമ്മമുണ്ട് അതിന് പത്തിരട്ടി പ്രതിഫലമുണ്ട്. വേറൊരു കർമ്മമുണ്ട്. അതിന് എഴുന്നൂറിരട്ടി പ്രതിഫലമുണ്ട്. ഒരു കർമ്മമുണ്ട്. അതനുഷ്ഠിക്കുകയാണെങ്കിൽ അതിനുള്ള പ്രതിഫലം അല്ലാഹുവിനല്ലാതെ മറ്റാർക്കും അറിയില്ല. രണ്ടു കാര്യം നിർബന്ധമായിത്തീരുന്ന കർമ്മം ഇതാണ്. അതായത് ആത്മാർത്ഥമായി അല്ലാഹുവിനെ ആരാധിക്കുകയും അവനോട് ആരേയും പങ്കുചേർക്കാതിരിക്കുകയും ചെയ്യുന്ന നിലയിൽ അല്ലാഹുവിനെ കണ്ടുമുട്ടുന്ന ആൾക്ക് ജന്നത്ത് നിർബന്ധമാക്കിയിരിക്കുന്നു. അല്ലാഹുവിന് പങ്കുകാരെ വെച്ചുകൊണ്ട് ആരാധന നടത്തുന്നവന് ജഹന്നം നിർബന്ധമാക്കിയിരിക്കുന്നു. ദോഷം ചെയ്യുന്നവന് അതനുസരിച്ച് ശിക്ഷ ലഭിക്കുന്നതാണ്. നന്മ ചെയ്യാൻ ഉദ്ദേശിച്ചു, പക്ഷേ ചെയ്യാൻ കഴിഞ്ഞില്ല. അയാൾക്ക് നന്മ ചെയ്തവനു തുല്യമായ പ്രതിഫലം ലഭിക്കുന്നതാണ്. എന്നാൽ നന്മ പ്രവർത്തിച്ചവന് പത്തിരട്ടി പ്രതിഫലം ലഭിക്കുന്നതാണ്. ആരാണോ തന്റെ ധനം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിച്ചത്, അവൻ ചെലവഴിച്ച ദർഹം, അല്ലെങ്കിൽ ദിനാർ എഴുന്നൂറിരട്ടി വർദ്ധിപ്പിക്കുന്നതാണ്. പറഞ്ഞു: നോമ്പ് അല്ലാഹുവിനുവേണ്ടി പിടിക്കുന്ന ഒരു കർമ്മമാണ്. നോമ്പ് പിടിക്കുന്നവന്റെ പ്രതിഫലം അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ."

മറ്റൊരു സ്ഥലത്ത് അതിന്റെ പ്രതിഫലം ഞാൻ തന്നെയാണെന്ന് അല്ലാഹു പറഞ്ഞിട്ടുണ്ട്. അതെത്ര വേണമെങ്കിലും അവന് വർദ്ധിപ്പിക്കാൻ കഴിയും. എഴുന്നൂറിരട്ടി എന്നു പറഞ്ഞുകൊണ്ട്, ഇതിനേക്കാളധികം പ്രതിഫലം കിട്ടാൻ സാധ്യതയുണ്ടെന്ന് പറഞ്ഞിരിക്കുന്നു. കാരണം നോമ്പുകാരൻ തന്റെ ഉള്ളിൽ വലിയൊരു മാറ്റമുണ്ടാക്കുന്നു. അല്ലാഹുവിന്റെ സന്തോഷം കരസ്ഥമാക്കാൻ പരിശ്രമിക്കുന്നു. അതിൽ നിലനിൽക്കാൻ ശ്രമിക്കുമ്പോൾ പ്രതിഫലവും കിട്ടിക്കൊണ്ടേയിരിക്കും. ഹസ്റത്ത് സൽമാൻ(റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി ശഅ്ബാൻ മാസത്തിന്റെ അവസാന ദിവസം ഞങ്ങളെ അഭിസംബോധന ചെയ്തു പറഞ്ഞു:

"അല്ലയോ ജനങ്ങളേ! നാളെ മുതൽ അതിശ്രേഷ്ഠമായ ഒരു മാസം ആരംഭിക്കുകയായി. ഏറ്റവും അനുഗ്രഹപൂർണ്ണമായ മാസമത്രെ ഇത്. ഈ മാസത്തിൽ ആയിരം മാസത്തേക്കാൾ ശ്രേഷ്ഠതയുള്ള ഒരു പ്രത്യേക രാത്രിയുണ്ട്. ഈ മാസം അല്ലാഹു നമുക്ക് നോമ്പനുഷ്ഠിക്കാനും നിർബന്ധമാക്കിയിരിക്കുന്നു. ഈ മാസത്തിലെ രാത്രികളിൽ ഉറക്കമുണർന്ന് നമസ്കരിക്കുന്നത് നഫ്ല് ആക്കിയിരിക്കുന്നു. (അധികമായ ആരാധന ആക്കിയിരിക്കുന്നു) '***ഹുവ ശഹ്റുൻ അവ്വലഹു റഹ്മത്തുൻ ഔസത്തഹു മഗ്ഫിറത്തുൻ വ ആഖിറഹു ഇത്ത്ഖുൻ മിനന്നാർ.***' ഇതൊരു പ്രത്യേക മാസമാണ്. ഇതിന്റെ ആദ്യത്തെ പത്ത് റഹ്മത്ത് അഥവാ കാരുണ്യത്തിന്റേയും രണ്ടാമത്തെ പത്ത് പാപപൊറുതിയുടേയും അവസാനത്തെ പത്ത് നരകത്തിൽനിന്ന് മോചനം നൽകുന്നതുമാണ്. ഇതിൽ ഒരു നോമ്പുകാരനെ നോമ്പു തുറപ്പിച്ചാൽ അവനെ അല്ലാഹു എന്റെ ഹൗളിൽനിന്ന് കുടിപ്പിക്കുന്നതാണ്. അതിന്റെ ഫലമായി അവന് ജന്നത്തിൽ കടക്കുന്നതുവരെ ദാഹമു

ണ്ടാകുകയില്ല.''

ഈ മാസത്തെ നോമ്പ് നിർബന്ധമാണെന്ന് ഇതിൽ നിന്ന് കൂടുതൽ വ്യക്തമായി. അതുകൊണ്ട് തന്ത്രങ്ങളൊന്നും കാണിക്കരുത്. മറ്റൊന്ന് വിശന്നിരുന്നാൽ മാത്രം പോരാ, ആരാധനാകർമ്മങ്ങളിലും വർദ്ധനയുണ്ടാക്കേണ്ടതാണ്. രാത്രിയിലും ആരാധനയ്ക്കായി എഴുന്നേൽക്കണം. അപ്പോഴാണ് ഇപ്പറഞ്ഞ പ്രതിഫലത്തിനും അവൻ വാഗ്ദാനം ചെയ്ത സ്വർഗ്ഗത്തിനും അവകാശികളായിത്തീരുന്നത്. ഹസ്റത്ത് സൽമാൻ (റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി ശഅ്ബാൻ മാസത്തിന്റെ അവസാനദിവസം ഞങ്ങളോട് പറഞ്ഞു: (ഈ രിവായത്തിൽ വേറൊരു കാര്യംകൂടി ഉൾപ്പെടുത്തിയിരിക്കുന്നു) ''ഈ നോമ്പുമാസത്തിൽ ആരാണോ ഏതെങ്കിലും നല്ലസ്വഭാവം സ്വായത്തമാക്കുന്നത് അവൻ, അതിനു പുറമേയുള്ള കടമകൾ നിറവേറ്റിയവനെപ്പോലെയാണ്. ആരാണോ ഈ മാസത്തിൽ ഒരു നിർബന്ധ കടമ നിറവേറ്റിയത് അവൻ റമസാനു പുറമെ എഴുപത് നിർബന്ധ കടമ നിറവേറ്റിയവനെപ്പോലെയാണ്. റമസാൻ മാസം ക്ഷമയുടെ മാസമാണ്. ക്ഷമയുടെ പ്രതിഫലം സ്വർഗ്ഗമാണ്. ഇത് സഹിഷ്ണുതയുടേയും സാഹോദര്യത്തിന്റേയും മാസമാണ്. ഇതിൽ സത്യവിശ്വാസിക്ക് ജീവിതവിഭവം നൽകപ്പെടുന്നു. അതായത് സാഹോദര്യം, സ്നേഹം, സഹതാപം, സഹിഷ്ണുത തുടങ്ങിയവയുടെ മാസമാണ്.''

ക്ഷമ എല്ലാതരത്തിലും വേണ്ടത് നിർബന്ധമാണ്. ഇത് ക്ഷമിക്കാനുള്ള മാസമാണ്. എങ്ങനെയാണ് ക്ഷമ ഉണ്ടായത്. നോമ്പ് പിടിച്ച് വിശപ്പ് സഹിക്കുന്നു. ശരീരേച്ഛകളിൽ ക്ഷമിക്കുന്നു. ജനങ്ങളുടെ പ്രതികരണത്തിൽ ക്ഷമിക്കുന്നു. സ്വന്തം അവകാശങ്ങൾ ധ്വംസിക്കപ്പെടുമ്പോഴും ക്ഷമിക്കുന്നു. കാരണം വഴക്കിടരുത്, ലഹളയുണ്ടാക്കരുത് എന്നത് അല്ലാഹുവിന്റെ കല്പനയാണ്. ഇതിൽ ജനങ്ങളോട് സഹതാപത്തോടും സഹിഷ്ണുതയോടും വിട്ടുവീഴ്ചയോടും കൂടി പെരുമാറേണ്ടതാണ്. അപ്പോഴാണ് ഇതിൽനിന്ന് ഫലമെടുക്കാൻ കഴിയുക. അപ്പോഴാണ് ഇതിൽനിന്ന് അനുഗ്രഹം ലഭിക്കുന്നത്. ഈ ക്ഷമയും സഹതാപവുംകൊണ്ടും അക്രമമുണ്ടാകുമ്പോൾ മൗനം പാലിക്കുന്നതുകൊണ്ടും അല്ലാഹു ആത്മീയമായ അഭിവൃദ്ധി നൽകുന്നതിനോടൊപ്പം, ഭൗതിക ഭക്ഷണത്തിലും അനുഗ്രഹമിടുന്നതാണ്. അല്ലാഹുവിനുവേണ്ടി പ്രവർത്തിക്കുന്നവന്റെ ജാമ്യക്കാരൻ അല്ലാഹുതന്നെയായിത്തീരുന്നു. ഹസ്റത്ത് അബൂ മസ്ഊദ് ഗഫ്ഫാരി(റ) നിവേദനം ചെയ്യുന്നു. റമസാൻ ആരംഭിച്ചതിനുശേഷം ഒരു ദിവസം നബി (സ) തിരുമേനി ഇങ്ങനെ പറയുന്നതായി കേട്ടു; ''റമസാന്റെ മഹത്വത്തെക്കുറിച്ച് ജനങ്ങൾ അറിഞ്ഞിരുന്നെങ്കിൽ എന്റെ സമുദായം വർഷം മുഴുവൻ റമസാനായിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ചേനെ.'' ഇതുകേട്ടപ്പോൾ ഖസാഗോത്രത്തിലെ ഒരാൾ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ! റമസാന്റെ മഹത്വത്തെക്കുറിച്ച് ഞങ്ങൾക്ക് പറഞ്ഞുതന്നാലും. അവിടന്ന് പറഞ്ഞു: ''തീർച്ചയായും റമസാനുവേണ്ടി വർഷാരംഭം മുതൽ അവസാനംവരെ സ്വർഗ്ഗത്തെ അലങ്കരിച്ച് ഒരുക്കിനിർത്തുന്നു. റമസാന്റെ ആദ്യദിവസമാകുമ്പോൾ, അല്ലാഹുവിന്റെ സിംഹാസനത്തിനുകീഴെ കാറ്റുവീശുന്നു.''

വേറൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: ''റമസാന്റെ പ്രഥമരാത്രിയിൽ അല്ലാഹു തന്റെ സൃഷ്ടികളിലേക്ക് നോക്കുന്നു. അല്ലാഹു ഏതെങ്കിലും ദാസന്റെനേരെ നോക്കിയാൽ പിന്നീടവന് ഒരിക്കലും ശിക്ഷ കൊടുക്കുകയില്ല. അല്ലാഹുതആല നിത്യവും ആയിരക്കണക്കിന് ലക്ഷക്കണക്കിനാളുകൾക്ക് മോക്ഷം നൽകുന്നു. റമസാന്റെ 29–ാം രാത്രി അല്ലാഹുതആല കഴിഞ്ഞ 28 രാത്രിക്കു സമാനമായി ജനങ്ങൾക്ക് പൊറുത്തുകൊടുക്കുന്നു.''

ഇവിടെ ഹദീസിൽ ***വഇദാ നളറല്ലാഹു ഇലാഅബ്ദിൻ ലം യുദ്ഹിബു അബദാ*** എന്നാണ് പറഞ്ഞിട്ടുള്ളത്. അബ്ദ് എന്ന പദമാണ് ഉപയോഗിച്ചിട്ടുള്ളത്. അതായത് തികഞ്ഞ അനുസരണശാലി. മനുഷ്യൻ അവന്റെ മുമ്പിൽ കുനിയുന്നവനും അവനെ ആരാധിക്കുന്നവനും ആയിരിക്കണം. എന്റെ അത്തരം ദാസന്മാരെ ഞാനെന്റെ സ്നേഹത്തിന്റെ പുതപ്പിൽ ഒരു പ്രാവശ്യം പൊതിയുന്നതാണ്. അതുകഴിഞ്ഞാൽ അവർക്ക് നഷ്ടമുണ്ടാക്കാൻ ഒരു ശത്രുവിനും കഴിയുകയില്ല. അല്ലാഹു അവരെ സ്വർഗ്ഗത്തിന്റെ അനന്തരാവകാശിയാക്കും. അല്ലാഹുതആല എല്ലാവർക്കും യഥാർത്ഥ ദാസരായിത്തീരാൻ തൗഫീഖ് നല്കുമാറാകട്ടെ.

തബ്റാനിയിൽ ഹസ്റത്ത് അനസിബ്നുമാലിക്(റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു. ഞാൻ നബി (സ) തിരുമേനിയിൽ നിന്നുകേട്ടു. അവിടന്ന് പറയുകയായിരുന്നു. ''ഇതിൽ സ്വർഗ്ഗകവാടങ്ങൾ തുറക്കപ്പെടുന്നു. നരകത്തിന്റെ കവാടങ്ങൾ അടക്കപ്പെടുന്നു. പിശാചുക്കൾ ചങ്ങലകളിൽ ബന്ധിക്കപ്പെടുകയും ചെയ്യുന്നു. റമസാൻ മാസം പ്രാപിക്കുകയും എന്നാൽ പാപം പൊറുപ്പിക്കാതിരിക്കുകയും ചെയ്യുന്നവന്റെ മേൽ നാശം. റമസാനിൽ അത് പൊറുക്കപ്പെടുന്നില്ലെങ്കിൽ പിന്നെപ്പോഴാണ് അത് പൊറുക്കപ്പെടുക?''

ഇതിൽനിന്ന് ആദ്യം പറഞ്ഞ ഹദീസ് ഒന്നുകൂടി വ്യക്തമായി. അല്ലാഹുതആല തന്റെ യഥാർത്ഥ ദാസരായിത്തീരാനുള്ള എല്ലാ വഴികളും മനുഷ്യർക്ക് സൗകര്യപ്പെടുത്തിക്കൊടുത്തു. എന്നിട്ടും അവർ യഥാർത്ഥ ദാസരാകുന്നില്ല. റമസാനിൽനിന്ന് അനുഗ്രഹജലം എടുക്കുന്നില്ല. അവനെ ആരാധിക്കുന്നവനും അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നവനും നന്മയെ പരത്തുന്നവനും ആകുന്നില്ല. അവനെക്കുറിച്ച് ഖേദിക്കുകയല്ലാതെ എന്തുചെയ്യാനാണ്. അല്ലാഹുവിന്റെ റസൂൽ(സ) പറഞ്ഞത് അവന്റെമേൽ നാശമുണ്ടാകുമെന്നാണ്. അല്ലാഹുവിന്റെ കാരുണ്യത്തിന്റെ എല്ലാ സൗകര്യങ്ങളുമുണ്ടായിട്ടും പാപം പൊറുപ്പിക്കാൻ അവനു കഴിഞ്ഞില്ല. അതുകൊണ്ട് ഈ പാപം പൊറുത്തുകിട്ടുന്നതിന് അല്ലാഹുവിനോടുള്ള കടമകളും സൃഷ്ടികളോടുള്ള കടമകളും നിറവേറ്റേണ്ടിവരും. അല്ലാഹു അതിന് തൗഫീഖ് നല്കുമാറാകട്ടെ.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: "ഏതൊരുവൻ റമസാനിലെ നോമ്പ് വിശ്വാസദാർഢ്യത്തോടെയും ആത്മപരിശോധന നടത്തിക്കൊണ്ടും അനുഷ്ഠിക്കുന്നുവോ അവന്റെ മുൻപാപങ്ങൾ അവന് പൊറുക്കപ്പെടുന്നതാണ്. റമസാന് എന്തെല്ലാം മഹത്വങ്ങളാണുള്ളതെന്ന് നിങ്ങൾ മനസ്സിലാക്കിയിരുന്നെങ്കിൽ വർഷം മുഴുവൻ നോമ്പായിരുന്നെങ്കിൽ എന്ന് നിങ്ങൾ ആശിച്ചുപോകുമായിരുന്നു."

ആയിരക്കണക്കിന് ലക്ഷക്കണക്കിനാളുകൾക്ക് പൊറുത്തുകൊടുക്കുമെന്ന് ആദ്യഹദീസിൽ പറയുകയുണ്ടായി. അതിന്റെ വിശദീകരണമാണ് ഇവിടെയുള്ളത്. വിശ്വാസദാർഢ്യത്തോടെ നോമ്പ് പിടിക്കുകയും, മുറയനുസരിച്ചും ആത്മപരിശോധന നടത്തിയും തന്നിലേക്കുതന്നെ നോക്കിയും, മറ്റുള്ളവരുടെ ദോഷം കണ്ടാൽ മാത്രംപോര സ്വയം കണക്കെടുത്തും അല്ലാഹുവിന്റെ യഥാർത്ഥ ദാസരായാൽ ഈ അനുഗ്രഹത്തിൽനിന്ന് ഫലമെടുക്കുന്നവരായിത്തീരുന്നതാണ്.

ഹസ്റത്ത് നള്ർബിൻ സൽമാൻ പറയുന്നു: ഞാൻ അബൂസൽമബിൻ അബ്ദുർറഹ്മാനോടു പറഞ്ഞു: താങ്കൾ താങ്കളുടെ പിതാവിൽനിന്നു കേട്ട എന്തെങ്കിലും ആരാധനാകർമ്മം എനിക്കു പറഞ്ഞുതരിക. അദ്ദേഹം റമസാൻ മാസത്തെക്കുറിച്ച് നബി(സ) തിരുമേനിയിൽ നിന്ന് നേരിട്ട് കേട്ടതായിരിക്കണം അത്. അബൂസൽമബിൻ അബ്ദുർറഹ്മാൻ പറഞ്ഞു: അതേ, എന്റെ പിതാവ് പറഞ്ഞു: നബി(സ) തിരുമേനി പറഞ്ഞിരുന്നു. "അല്ലാഹു തആല റമസാന്റെ നോമ്പ് നിങ്ങളിൽ നിർബന്ധമാക്കിയിരിക്കുന്നു. ഞാൻ നിങ്ങൾക്കു വേണ്ടി അതിന്റെ അനുഷ്ഠാനം തുടങ്ങിയിരിക്കുന്നു. ഏതൊരുവൻ ദൃഢവിശ്വാസത്തോടും പ്രതിഫലേച്ഛയോടുകൂടി അതിൽ നോമ്പു നോൽക്കുന്നുവോ, തന്റെ മാതാവ് അവനെ പ്രസവിച്ചതുപോലെ അവൻ പാപത്തിൽനിന്ന് പുറത്തുവരുന്നു. അതായത് നിഷ്ക്കളങ്കനായ കുട്ടിയെപ്പോലെ."

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: "നോമ്പ് ഒരു പരിചയും തീയിൽനിന്ന് രക്ഷിക്കുന്ന ശക്തമായൊരു കോട്ടയുമാണ്." എന്നാൽ, ഇത് കോട്ടയാണെന്നത് ശരിതന്നെ. ഈ പരിചയുടെ പിന്നിൽ ഈ കോട്ടയ്ക്കുള്ളിൽ എപ്പോൾവരെയാണ് സുരക്ഷിതരായിരിക്കാൻ കഴിയുക. അതിന്റെ വിശദീകരണം മറ്റൊരു നിവേദനത്തിൽ പറഞ്ഞു. കളവും പരദൂഷണവുംകൊണ്ട് അതിനെ തകർക്കാതിരിക്കുവോളം അതിലിരിക്കുന്നതാണ്.

റമസാനിലെ അനുഗ്രഹം ലഭിക്കുന്നത്, നമുക്ക് നിസ്സാരമാണെന്ന് തോന്നുന്ന ഇത്തരം ചെറിയ ചെറിയ ദോഷങ്ങളും ഉപേക്ഷിക്കുമ്പോഴാണ്. മനുഷ്യൻ ബോധവാനാകാത്ത ഏറ്റവും വലിയ ദോഷം കളവാണ്. കളവു പറയുമ്പോൾ ആ പരിചയെ തച്ചുതകർക്കുകയാണ് ചെയ്യുന്നത്. പരദൂഷണം പറയുമ്പോൾ, ഏഷണി പറയുമ്പോൾ, പിന്നിലിരുന്ന് പിറുപിറുക്കുമ്പോൾ ഇതും നിങ്ങളുടെ പരിചയെ തകർക്കുന്നതാണ്. നോമ്പ് എല്ലാ നിർബന്ധ നിബന്ധനയോടും കൂടി പിടിച്ചാൽ അത് പരിചയായിത്തീരും. ഇല്ലെങ്കിൽ ഒരിടത്ത് പറഞ്ഞത് ആ നോമ്പ് വെറും വിശപ്പും ദാഹവുമാണെന്നാണ്. അല്ലാഹുതആല നമുക്ക് നോമ്പ് എല്ലാ നിബന്ധനയോടുംകൂടി പിടിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹുവിനു വേണ്ടി മാത്രം നോമ്പു പിടിക്കുന്നവരായിത്തീരുമാറാകട്ടെ. ലോകത്തെ കാണിക്കുന്നതിനു വേണ്ടിയല്ല. ശരീരേച്ഛയുടെ ഒരു തന്ത്രവും നോമ്പുപിടിക്കാൻ തടസ്സമാകാതിരിക്കട്ടെ. ഈ മാസത്തിൽ നമ്മുടെ ആരാധനകളേയും ജീവസുറ്റതാക്കിത്തീർക്കാൻ അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ. നന്മയുടെ മാർഗ്ഗത്തിൽ ഈ റമസാനിൽ നടക്കുമ്പോൾ, ആ നന്മ റമസാൻ അവസാനിക്കുന്നതോടുകൂടി അതിന് അന്ത്യം കുറിക്കാതിരിക്കാനും ദുആ ചെയ്യേണ്ടതാണ്. അതെന്നെന്നും നമ്മുടെ ജീവിതത്തിന്റെ ഭാഗമായിരിക്കണം. നമ്മളിലോരോരുത്തരും അല്ലാഹുവിന്റെ സ്നേഹത്തിൽ ഭാഗഭാക്കായിത്തീരുമാറാകട്ടെ. അവന്റെ സ്നേഹം ആർജ്ജിക്കുന്നവരായിത്തീരട്ടെ. എപ്പോഴും അവന്റെ സ്നേഹദൃഷ്ടി നമ്മുടെമേൽ പതിഞ്ഞുകൊണ്ടിരിക്കട്ടെ. ഈ റമസാൻ നമുക്കുവേണ്ടി, ജമാഅത്തിനുവേണ്ടി അസാധാരണമായ വിജയങ്ങൾ കൊണ്ടുവരുന്നതാകുമാറാകട്ടെ. അല്ലാഹു അനുഗ്രഹിക്കട്ടെ. (*ഖുത്ബ, 15.10.2004*)

**വസിയ്യത്ത് ചെയ്തവർ ശ്രദ്ധിക്കുക**

വസിയ്യത്ത് ഫോറത്തിൽ നിങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സ്വത്ത് വിവര കണക്കുകൾ ബദ്ർ പത്രത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബദ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കിൽ എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ ആ വിവരം കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്. നിങ്ങൾ എഴുതി രേഖപ്പെടുത്തിയിട്ടുള്ള സ്വത്തിന്റെ വില സാധുവാകുന്നത് കേന്ദ്രം അംഗീകരിക്കുമ്പോഴാണ്. അതിനായി സ്വത്തിന്റെ വില നിർണ്ണയിക്കണമെന്നാവശ്യപ്പെട്ട് *സെക്രട്ടറി ബിഹിശ്തി മഖ്ബറ, ഖാദിയാൻ* എന്ന വിലാസത്തിൽ പ്രത്യേകം അപേക്ഷ നല്കേണ്ടതാണ്. നിങ്ങളുടെ അപേക്ഷ കിട്ടിക്കഴിഞ്ഞാൽ നിങ്ങളുടെ ജമാഅത്തിലെ പ്രസിഡന്റിനെ അതിനായി കേന്ദ്രം നിയോഗിക്കും. അവർ സാക്ഷ്യപ്പെടുത്തുന്ന തുകയായിരിക്കും നിങ്ങൾ കൊടുക്കേണ്ടിവരിക. ഇപ്പോൾതന്നെ ഈ നടപടി സ്വീകരിച്ചാൽ പല ബുദ്ധിമുട്ടുകളും ഒഴിവാക്കാൻ സാധിക്കുന്നതാണ്.

പ്രസംഗം

ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്

# പള്ളികൾ ഐക്യത്തിന്റെ പ്രതീകങ്ങളാകണം

(ലണ്ടൻ ഫസ്ൽ പള്ളിയുടെ തറക്കല്ലിടൽ നിർവ്വഹിച്ചുകൊണ്ട് 1924 ഒക്ടോബർ 19-ന് ഹസ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ(റ) ചെയ്ത പ്രസംഗം)

**അ**ല്ലാഹുവിന്റെ കാരുണ്യകടാക്ഷത്തോടെ, അവൻ മാത്രം സഹായി. സഹോദരീസഹോദരന്മാരേ,

നമ്മളിന്നിവിടെ സമ്മേളിച്ചിരിക്കുന്നത് നിസ്തുലമായ ഒരു കാര്യനിർവഹണത്തിന്നത്രെ. എല്ലാവരുടേയും സ്രഷ്ടാവായ ദൈവത്തെ സ്മരിക്കുവാനായി നിർമ്മിക്കുന്ന ഒരാരാധനാലയത്തിന്റെ തറക്കല്ലിടലാണിത്. എല്ലാറ്റിന്റേയും കേന്ദ്രബിന്ദുവായിരിക്കുന്നവനെ ഭക്തിപുരസ്സരം ആരാധിക്കുവാനുള്ള ഒരു കേന്ദ്രം നിർമ്മിക്കപ്പെടുന്നു. അവന്റെ മുന്നിൽ നില്ക്കുമ്പോൾ എല്ലാ ഭിന്നതകളും നാം മറക്കുന്നു. പ്രായത്തിന്റേയും പദവിയുടേയും നിറത്തിന്റേയും പശ്ചിമപൂർവ്വ ദേശവ്യത്യാസങ്ങളുടേയും ഭിന്നതകളെല്ലാം അവന്റെ സാമീപ്യം പ്രാപിച്ചുകൊണ്ട് അവനെ സ്മരിക്കുമ്പോൾ നമ്മിൽനിന്നും അകന്നുമാറുന്നു. മനുഷ്യകുലം ഒന്നെന്ന സത്യം നാം ഉൾക്കൊള്ളുന്ന സന്ദർഭമത്രെ ഇത്. നാമൊത്തുചേരുന്ന ഈ ഭവനം മാനവരാശിയുടെ ഐക്യത്തെയാണ് പ്രതിനിധാനം ചെയ്യുക. മനുഷ്യർ തമ്മിലുള്ള സാഹോദര്യഭാവത്തെയാണത് വിളംബരപ്പെടുത്തുക. നമ്മുടെയെല്ലാം പ്രഭവസ്ഥാനവും നാം ചെന്നുചേരുന്ന ഇടവും ഒന്നാണെന്ന് അത് നമ്മെ തെര്യപ്പെടുത്തുന്നു. അതുകൊണ്ട് പ്രത്യക്ഷത്തിൽ കാണപ്പെടുന്ന അഭിപ്രായഭിന്നതകൾകൊണ്ട് നമ്മൾ തമ്മിലടിക്കേണ്ടതില്ല. പ്രശ്നങ്ങൾ സൃഷ്ടിക്കേണ്ടതില്ല.

> **ഇവിടെനിന്നും ആത്മീയതയുടെ പ്രകാശം ഈ രാജ്യത്തും ചുറ്റുമുള്ള രാജ്യങ്ങളിലും വ്യാപിപ്പിക്കുന്ന ഒരു സൂര്യോദയം സംഭവിക്കുവാനും ഞാൻ ദൈവത്തോട് പ്രാർത്ഥിക്കുന്നു.**

ഭിന്നതകൾ ലോകത്ത് എന്നും ഉണ്ടായിട്ടുണ്ട്. ഇനിയുണ്ടാവുകയും ചെയ്യും. എല്ലാ ഭിന്നതകളും അപ്രത്യക്ഷമായൊരു കാലവും ഉണ്ടായിട്ടില്ല. ഇനിയൊട്ടുണ്ടാവുകയുമില്ല. മനുഷ്യനിൽ പുരോഗമിക്കുവാനും വളരാനുമുള്ള തൃഷ്ണ ഉള്ളിടത്തോളംകാലം അവന്റെ ആവശ്യങ്ങളും ആഗ്രഹങ്ങളും വിഭിന്നങ്ങളായിരിക്കും. ലോകപുരോഗതിക്കു ഇതുതന്നെയാണ് നിദാനം. ഈ ഭിന്നതകളും വൈവിധ്യങ്ങളും വിശുദ്ധപ്രവാചകൻ മുഹമ്മദ്(സ) ചൂണ്ടിക്കാട്ടിയതുപോലെ ഒരനുഗ്രഹമത്രെ, അപകടമല്ല. ബലപ്രയോഗംകൊണ്ട് ഐക്യം സ്ഥാപിക്കുക സാധ്യമല്ല. ഐക്യം സ്ഥാപിക്കാനെന്ന പേരിൽ പ്രകടമാകുന്ന അസഹിഷ്ണുതയും അമിതാവേശവുമാണ് ഒട്ടേറെ തിന്മകൾക്കു കാരണമാകുന്നത്. വാസ്തവത്തിൽ മാനവമൈത്രി നേരിടുന്ന വലിയ ഭീഷണി ഐക്യവക്താക്കളുടെ അസഹിഷ്ണുതയിൽ നിന്നുള്ളതാണ്. ഔചിത്യബോധം തൊട്ടുതീണ്ടിയിട്ടില്ലാത്ത അവരുടെ ഐക്യത്തിന് വേണ്ടിയുള്ള പരാക്രമങ്ങൾ അവരുടെ ലക്ഷ്യത്തെ തകർത്തെറിയുന്നു. അങ്ങനെ മാനവിക മൈത്രി അതിന്റെ ശത്രുക്കളിൽനിന്നല്ല, വക്താക്കളിൽനിന്നുതന്നെ ശരങ്ങളേറ്റ് വീണുകിടക്കുന്നു.

അഭിപ്രായഭിന്നത അത്രയും ചീത്തയായ ഒരു കാര്യമാണോ? ആണെങ്കിൽ പിന്നെ സഹിഷ്ണുതക്കെന്തുണ്ട് പ്രസക്തി? ഭിന്നതകൾ ഉണ്ടാകുമ്പോഴാണ് ഹൃദയവിശാലതക്കും സഹിഷ്ണുതക്കും സാംഗത്യമുണ്ടാകുന്നത്. അതുകൊണ്ട് ഇന്ന് ലോകത്തിന്നാവശ്യം ഭിന്നതകളും വൈജാത്യങ്ങളും തുടച്ചുനീക്കലല്ല, പ്രത്യുത, വിശാലവീക്ഷണവും സഹിഷ്ണുതയും വളർത്തിയെടുക്കലാണ്. വിശ്വാസകാര്യങ്ങളിലും അഭിപ്രായ-അഭിരുചികളിലും ഭിന്നത നിലനിൽക്കെതന്നെ പരസ്പര സ്നേഹത്തിലും സാഹോദര്യഭാവത്തിലും പുലരാൻ നമുക്കാവണം.

സത്യപ്രചാരണത്തിലൂടെ മാത്രമെ യഥാർത്ഥ മനുഷ്യപുരോഗതി നേടുവാനാവുകയുള്ളൂ എന്നത് നേര്. അതുകൊണ്ടുതന്നെ ഒരാൾക്ക് തനിക്ക് ബോധ്യപ്പെട്ട സത്യത്തിലേക്ക് മറ്റൊരാളെ ക്ഷണിക്കാനുള്ള അവകാശമുണ്ട്. പക്ഷേ, അയാൾക്കു മറ്റുള്ളവർക്ക് ബോധ്യപ്പെടാത്ത ഒരു കാര്യത്തെ അവരുടെമേൽ അടിച്ചേൽപ്പിക്കാനുള്ള അവകാശമില്ല. മറ്റുള്ളവർ ഭിന്നാഭിപ്രായം പുലർത്തുന്നുവെന്നതുകൊണ്ട് അവരെ ശത്രുക്കളായി കരുതി അവരെ പീഡിപ്പിക്കാനും അയാൾക്ക് പാടുള്ളതല്ല.

സഹോദരീ സഹോദരന്മാരേ, പള്ളികൾ നിർമ്മിക്കപ്പെടുന്നത് പരസ്പരം സ്നേഹത്തിന്റേയും സഹതാപത്തിന്റേയും ഭാവങ്ങൾ പോഷിപ്പിച്ചെടുക്കാനാണ്. ഇസ്ലാമിക പദാവലയിൽ ഒരു ആരാധനാലയത്തെ ***ബൈത്തുല്ലാഹ്***- ദൈവത്തിന്റെ ഗേഹം എന്ന് പറയുന്നു. ദൈവത്തിന്റെ ഭവനത്തിൽനിന്ന് ആർക്കും ആരേയും വിശ്വാസവൈജാത്യത്തിന്റെ പേരിൽ ആട്ടിപ്പുറത്താക്കാൻ

അധികാരമില്ല. പള്ളി ആരുടേയും സ്വകാര്യസ്വത്തല്ല. ദൈവമാകട്ടെ പള്ളി പണിതവരുടേയും അവരുടെ എതിരാളികളുടേയും നാഥനുമാകുന്നു. അതുകൊണ്ടാണ് വിശുദ്ധഖുർആൻ ചോദിക്കുന്നത്, അല്ലാഹുവിന്റെ പള്ളികളിൽനിന്ന് അവന്റെ നാമം സ്മരിക്കുന്നത് തടയുകയും അതുവഴി അവയുടെ നാശത്തിന്നായി ശ്രമിക്കുകയും ചെയ്യുന്നവനേക്കാൾ അക്രമി മറ്റാരെന്ന്. (*2:115*)

ഒരിക്കൽ ഒരു ക്രൈസ്തവ നിവേദകസംഘം നബി തിരുമേനി(സ)യെ കാണാൻ ചെന്നു. വിശ്വാസപ്രമാണങ്ങളെ കുറിച്ച് അവർ അദ്ദേഹവുമായി ചർച്ചയിൽ ഏർപ്പെട്ടു. ചർച്ച പ്രാർത്ഥനാവേളവരെ നീണ്ടുപോയപ്പോൾ പുറത്തുപോയി തങ്ങളുടെ പ്രാർത്ഥന നിർവഹിക്കാൻ അവർ നബിയുടെ അനുമതി തേടി. പ്രാർത്ഥനക്കായി അവർ പുറത്തുപോകേണ്ടതില്ലെന്നും തന്റെ പള്ളിയിൽവെച്ച് തന്നെ അവർക്ക് പ്രാർത്ഥനകൾ നടത്താമെന്നുമായിരുന്നു പ്രവാചകൻ അവരെ അറിയിച്ചത്. അപ്പോൾ വിശുദ്ധഖുർആനിൽനിന്നും നബിചര്യയിൽനിന്നും ഒരു മുസ്ലിംപള്ളിയുടെ കവാടം ദൈവാരാധന നടത്തുന്നവർക്കെല്ലാം തുറന്നിടപ്പെട്ടിരിക്കുന്നുവെന്ന് തെളിയുന്നു. മുസ്ലിം പള്ളികൾ മനുഷ്യന് ഐക്യബോധത്തിന്റെ പ്രതീകങ്ങളായിരിക്കേണ്ടതാണ്. ഇസ്ലാമിന്റെ ഈ അന്തസത്ത ഉൾക്കൊണ്ട് കൊണ്ടാണ് അഹ്മദിയ്യാ സമൂഹം ഈ പള്ളിക്ക് തറക്കല്ലിടുന്നത്. ആ കർമ്മം നിർവ്വഹിക്കുന്നതിന് മുൻപ് ഇവിടെ കൂടിയിരിക്കുന്ന നിങ്ങളെല്ലാവരോടും നിങ്ങളിലൂടെ ലോകത്തോടാകമാനവും ഒരു കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ പള്ളി ഏക ദൈവത്തെ ആരാധിക്കുവാനും അവന്റെ വഴിയിൽ സേവനങ്ങളർപ്പിക്കുവാനും വേണ്ടിയുള്ളതാകുന്നു. അങ്ങനെ അവനോടുള്ള സ്നേഹം മനുഷ്യമനസ്സുകളിൽ രൂഢമൂലമാകാനും മതവിശ്വാസത്തിലേക്ക് ജനഹൃദയങ്ങൾ ആകൃഷ്ടമാകാനും ഇടവരുമാറാകട്ടെ. യഥാർത്ഥ മനുഷ്യപുരോഗതി ഇതുകൂടാതെ സാധ്യമല്ല. ഈ പള്ളിയുടെ നിർമ്മാണത്തിലേർപ്പെട്ടവരുടെ പ്രാർത്ഥനകൾക്കും ഈ ദൈവഗേഹത്തിന്റെ സുരക്ഷയ്ക്കും സുസ്ഥിതിക്കും മുടക്കമുണ്ടാകാത്തവിധം ഇതിൽ പ്രവേശിച്ച് ദൈവാരാധന നടത്തുന്ന ഒരാളേയും ഞങ്ങൾ തടയുകയില്ലെന്ന് പ്രഖ്യാപിച്ചുകൊള്ളട്ടെ. ഈ പള്ളിയുടെ പണി കൈവരുത്തുന്ന സഹിഷ്ണുതയുടേയും ഹൃദയവിശാലതയുടേയും ചൈതന്യം എല്ലാ സംഘർഷത്തിനും വിദ്വേഷത്തിനും അറുതി വരുത്തുകയും മനുഷ്യർക്കിടയിൽ സമാധാനത്തിന്റേയും ഐക്യത്തിന്റേയും ദീപനാളം തെളിക്കുകയും ചെയ്യുമാറാകട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. എല്ലാ യുദ്ധങ്ങളും യുദ്ധസന്നാഹങ്ങളും അവസാനിപ്പിച്ച് ജനങ്ങൾ സമാധാനത്തിലും ഒത്തൊരുമയിലും ഒന്നായി ഭവിക്കുന്ന നാളുകൾ ഏറെ വൈകാതെ വന്നെത്തുകതന്നെ ചെയ്യും. നമ്മുടെയെല്ലാം സ്രഷ്ടാവ് ഏകനായിരിക്കെ നമ്മൾ സഹോദരീസഹോദരന്മാർ തന്നെയാണ്. മറ്റുള്ളവരുടെ പുരോഗതി തടയുന്നതിനു പകരം അതുമായി സഹകരിക്കാനുള്ള മനോഭാവം വളർത്തിയെടുക്കേണ്ടതാണ്. ഒരു പിതാവ് തന്റെ മക്കൾ തമ്മിൽ കലഹിക്കുന്നത് എപ്രകാരം ഇഷ്ടപ്പെടുന്നില്ലയോ അതേപോലെ ദൈവവും അവന്റെ സൃഷ്ടികൾ തമ്മിൽ വഴക്കിടുന്നത് ഇഷ്ടപ്പെടുന്നില്ല.

വാസ്തവത്തിൽ നമ്മുടെ കലഹങ്ങൾക്കും ഏറ്റുമുട്ടലുകൾക്കും കാരണം നമ്മൾ ദൈവത്തിൽനിന്നും അകന്നുപോകുന്നതാണ്. അതുകൊണ്ടുതന്നെയാണ് അവൻ തന്റെ കാരുണ്യാതിരേകത്താൽ ഈ പ്രസ്ഥാനസ്ഥാപകരായ വാഗ്ദത്ത മസീഹിനെ ജനങ്ങളെ ദൈവത്തോടടുപ്പിക്കുവാനായി ഈ കാലഘട്ടത്തിൽ നിയോഗിച്ചത്. സംഘട്ടനങ്ങളിൽനിന്നും അവരെ മുക്തരാക്കി പരസ്പര ധാരണയിലേക്കും ഒത്തൊരുമയിലേക്കും അവരെ നയിക്കുവാൻ വേണ്ടിയാണീ നിയോഗമുണ്ടായത്. അതുകൊണ്ട് ദൈവാനുഗ്രഹത്താൽ ലക്ഷ്യപ്രാപ്തിക്കായി എല്ലാവിധ ത്യാഗങ്ങൾ വരിക്കാനും പ്രയാസങ്ങൾ നേരിടാനും അഹ്മദിയ്യാ ജമാഅത്ത് തയ്യാറാണ്. എല്ലാവിധ വംശ-രാഷ്ട്രീയ യുദ്ധങ്ങളും അവസാനിപ്പിച്ച് സ്നേഹം നിരുപാധികം അംഗീകരിക്കപ്പെടേണമെന്നതാണ് ആ ലക്ഷ്യം. എല്ലാ രാജ്യങ്ങളിലേയും നല്ലയാളുകൾ- അവരുടെ മതങ്ങളും വിശ്വാസങ്ങളും എന്തുമാകട്ടെ- സമാധാന സംസ്ഥാപനത്തിന്നായി അഹ്മദിയ്യാ പ്രസ്ഥാനം നടത്തുന്ന യത്നങ്ങളിൽ പങ്കുചേരുമെന്ന് ഞങ്ങളാശിക്കുന്നു. ഇവിടെ സമ്മേളിച്ചിരിക്കുന്ന എല്ലാ ജാതിയിലും മതത്തിലുംപെട്ട മാന്യവ്യക്തികൾ അവരുടെ സാന്നിധ്യംകൊണ്ട് അതിന്റെ സാധ്യതയെ വിളിച്ചറിയിക്കുന്നു. അതിനാൽ നിറമാർന്ന പ്രതീക്ഷയോടെയും ശുഭാപ്തിവിശ്വാസത്തോടേയും ഇന്ത്യയിൽ പഞ്ചാബിലെ ഖാദിയാനിൽ ജന്മംകൊണ്ട അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫയായ, മിർസാ ബശീറുദ്ദീൻ മഹ്മൂദഹ്മദ് എന്ന ഞാൻ ഹിജ്റ 1343-ാം വർഷം റബീഉൽ അവ്വൽ 20-ാം തിയ്യതി ഈ പള്ളിയുടെ തറക്കല്ലിടൽ കർമ്മം നിർവഹിച്ചുകൊള്ളുന്നു. ദൈവത്തിന്റെ പ്രീതി തേടിക്കൊണ്ടും അവന്റെ നാമം ഇംഗ്ലണ്ടിൽ പ്രകീർത്തിക്കപ്പെടുവാനും ഞങ്ങൾക്ക് നല്കപ്പെട്ടിരിക്കുന്ന അനുഗ്രഹങ്ങളെ ഈ രാജ്യക്കാരുമായി പങ്കുവെക്കാനും ഇതിടവരുത്തുമാറാകട്ടെ. അഹ്മദിയ്യാ സമൂഹത്തിലെ സ്ത്രീ-പുരുഷന്മാരുടെ ഈ എളിയ സംരംഭം അവൻ സ്വീകരിക്കുവാനും ഈ പള്ളിയുടെ വളർച്ചക്കുള്ള സാഹചര്യങ്ങൾ ഉണ്ടാക്കിത്തീർത്ത് ഇതിനെ അവൻ എന്നന്നേക്കും വിശുദ്ധിയുടേയും ഭക്തിയുടേയും നീതിയുടേയും സ്നേഹത്തിന്റേയും മന്ദിരമാക്കിത്തീർക്കുവാനും ഇവിടെനിന്നും ആത്മീയതയുടെ പ്രകാശം ഈ രാജ്യത്തും ചുറ്റുമുള്ള രാജ്യങ്ങളിലും വ്യാപിപ്പിക്കുന്ന ഒരു സൂര്യോദയം സംഭവിക്കുവാനും ഞാൻ ദൈവത്തോട് പ്രാർത്ഥിക്കുന്നു. പ്രവാചകന്മാരുടെ മുദ്രയും ദൈവത്തിന്റെ ഇഷ്ടദാസനുമായ മുഹമ്മദ് നബി(സ)യുടെ പ്രകാശം അദ്ദേഹത്തിന്റെ പ്രതിഛായയായ ഹസ്റത്ത് അഹ്മദ്(അ)യിലൂടെ ഇവിടെ വ്യാപിക്കുമാറാകട്ടെ. (*ദ റിവ്യൂ ഓഫ് റിലിജൻസ്, ജൂൺ 2005. വിവ: പ്രൊ. എം. മുഹമ്മദ്*)

# വ്രതാനുഷ്ഠാനത്തിന്റെ പ്രാധാന്യം

*ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ പ്രവചന സാക്ഷാത്കാരവും വാഗ്ദത്ത മഹ്ദിയും മസീഹുമായ ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)നു ശേഷം ആഗതരായ ഖലീഫമാർ റമസാനിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് പറയുന്നു:*

### ഹസ്റത്ത് അല്ലാമാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ)

“റമസാൻ നമുക്കു തരുന്ന തഖ്‌വയുടെ പാഠത്തിന്റെ ഫലമായി മനുഷ്യന്റെ ജീവസന്ധാരണത്തിനും സന്താനപരമ്പരയുടെ നിലനില്പിനും ആവശ്യമായവയെകൂടി അല്ലാഹുവിന്റെ തൃപ്തിക്കും പ്രീതിക്കും വേണ്ടി റമസാനിൽ നാം ഉപേക്ഷിക്കുവാൻ തയ്യാറാകുന്നു. ജീവസന്ധാരണത്തിനു ഭക്ഷണപാനീയങ്ങളും സന്താനപരമ്പരയുടെ നിലനില്പിനു ഭാര്യയുമായുള്ള ബന്ധവും ആവശ്യമാണ്. എന്നാൽ റമസാൻ മാസത്തിൽ പകൽ മുഴുവനും ഈ ആവശ്യങ്ങളെ അല്ലാഹുവിന്റെ തൃപ്തി മാത്രം കാംക്ഷിച്ചുകൊണ്ട് നാം ഉപേക്ഷിക്കുന്നു. ഇതിൽനിന്ന് അല്ലാഹു തരുന്ന പാഠം, ഒരു മനുഷ്യൻ തന്റെ ഏറ്റവും സുപ്രധാനമായ ആവശ്യങ്ങളും ആഗ്രഹങ്ങളും ദൈവപ്രീതിക്കായി പരിത്യജിക്കാൻ സന്നദ്ധനാകുമ്പോൾ അനാവശ്യവും നിസ്സാരവുമായ ആവശ്യങ്ങളെ പരിത്യജിക്കുക എന്നത് അയാൾക്ക് അനായാസകരമായിരിക്കും എന്നതാണ്. നോക്കുക, ഒരാളുടെ സ്വന്തം വീട്ടിൽ ശീതളപാനീയങ്ങളും പഴവർഗ്ഗങ്ങളും ഉണ്ടായിട്ടും ദാഹം വരുമ്പോൾ ആ പാനീയങ്ങൾ കഴിക്കാതിരിക്കുന്നത് അല്ലാഹു വിലക്കിയതുകൊണ്ടാണല്ലോ. അതേ പ്രകാരം വീട്ടിൽ സ്വാദിഷ്ടമായ ഭക്ഷണവസ്തുക്കൾ ഉണ്ടായിട്ടും അവ ഭക്ഷിക്കാൻ ഒരു തടസ്സവും ഇല്ലാഞ്ഞിട്ടും അവ ഭക്ഷിക്കാതെ അങ്ങേയറ്റത്തെ വിശപ്പു സഹിക്കുന്നത് ദൈവകല്പനയെ നിഷേധിക്കരുത് എന്ന ഏക ഉദ്ദേശ്യത്തോടുകൂടിയായിരിക്കുമല്ലോ. അങ്ങനെ അല്ലാഹുവിന്റെ കല്പനയ്ക്കനുസരിച്ച് തന്റെ സുപ്രധാനമായ ആവശ്യങ്ങളെ ത്യജിക്കാൻ സന്നദ്ധനായ ഒരു മനുഷ്യന് ദൈവം നിഷിദ്ധമാക്കിയിരിക്കുന്ന നിസ്സാരവും തുച്ഛവുമായ ആവശ്യങ്ങളെ ത്യജിക്കുന്നത് വളരെ എളുപ്പമായി തീരുന്നു. അതുപോലെ കൈക്കൂലി, പലിശ, കൊടുത്തുവീട്ടണമെന്ന ഉദ്ദേശ്യമില്ലാതെ വാങ്ങുന്ന കടം, വിശ്വാസവഞ്ചനയിലൂടെയും വ്യാജമായ വഴികളിലൂടെയും ഉള്ള സമ്പാദ്യം എന്നീ നിഷിദ്ധകാര്യങ്ങളെ ഉപേക്ഷിക്കുവാനും സാധിക്കുന്നതാണ്. വീട്ടിൽ സുന്ദരിയായ ഭാര്യ ഉണ്ടായിരിക്കെ അല്ലാഹുവിന്റെ തൃപ്തിക്കായി അവളുമായി ബന്ധപ്പെടാതിരിക്കാൻ സാധിക്കുന്ന ഒരാൾക്കു ദുർന്നോട്ടം മുതലായ നിഷിദ്ധകാര്യങ്ങളെ ഉപേക്ഷിക്കുന്നതിൽ എന്തിന് പ്രയാസമുണ്ടാകണം? ചുരുക്കത്തിൽ റമസാൻ മാസം മനുഷ്യന് ദൈവഭയവും സൂക്ഷ്മതയും പരിശുദ്ധിയും സഹനശക്തിയും സ്ഥിരചിത്തതയും ആഗ്രഹങ്ങളെ അതിജീവിക്കാനുള്ള മനഃസ്ഥൈര്യവും പ്രദാനം ചെയ്യുന്ന പരിശുദ്ധമാസമാണ്.”

### ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)

“പരിശുദ്ധ റമസാൻ മാസം പ്രാർത്ഥനയുടെ സ്വീകാര്യവുമായി ബന്ധപ്പെട്ട മാസമാണ്. ഈ മാസത്തിൽ പ്രാർത്ഥിക്കുന്നവരോട് അല്ലാഹുതആല ‘ഖരീബ്’ അഥവാ അടുത്ത് എന്ന വാക്കുപയോഗിക്കുന്നു. അല്ലാഹു മനുഷ്യന്റെ സമീപസ്ഥനായിരിക്കുന്ന അവസരത്തിലും അവസ്ഥയിലും അയാൾക്കവനെ പ്രാപിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ പിന്നെ എപ്പോഴാണ് അവനത് സാധിക്കുക? ഒരു ദാസൻ അല്ലാഹുവുമായി സുദൃഢബന്ധം പുലർത്തുകയും അല്ലാഹുവിന്റെ തിരുസന്നിധിയെ വിട്ട് താനെങ്ങും പോകുന്നതല്ല എന്നു അയാൾ തന്റെ കർമ്മങ്ങൾ മുഖേന സ്ഥാപിക്കുകയും ചെയ്യുകയാണെങ്കിൽ അയാൾക്കു മുമ്പാകെ ദൈവീകാനുഗ്രഹങ്ങളുടെ വാതിലുകൾ തുറക്കപ്പെടുന്നതാണ്. ഞാനിതാ അടുത്തുതന്നെയുണ്ട് (ഇന്നീഖരീബുൻ) എന്ന ശബ്ദം അയാൾക്ക് കേൾക്കാൻ സാധിക്കുന്നു. ഇതിന്റെ അർത്ഥം അല്ലാഹുവിന്റെ സാമീപ്യവും സഹായവും എപ്പോഴും അയാളോടൊപ്പം ഉണ്ടായിരിക്കുമെന്നാണ്. ഈ അവസ്ഥ ലഭ്യമായാൽ അയാൾക്ക് അല്ലാഹുവിനെ പ്രാപിക്കുവാൻ സാധിച്ചു എന്നാണർത്ഥം.

വ്രതാനുഷ്ഠാനത്തിന്റെ മഹത്തായൊരു പ്രയോജനമായിട്ട് അല്ലാഹു പറയുന്നത് അതിന്റെ ഫലമായി തഖ്‌വയിൽ നിലനിൽക്കുവാൻ സാധിക്കുന്നുവെന്നാണ്. മനുഷ്യന് ആത്മീയമായ ഉന്നതസ്ഥാനങ്ങൾ വ്രതാനുഷ്ഠാനംമൂലം ലഭ്യമാകുന്നു. വ്രതാനുഷ്ഠാനംമൂലം സമ്പന്നന്മാർ മാത്രമല്ല ദരിദ്രരായ പാവപ്പെട്ടവർക്കും ദൈവസാമീപ്യം പ്രാപിക്കുവാനും പുതിയൊരു ആത്മീയചൈതന്യം കൈവരിക്കുവാനും സാധിക്കുന്നതാണ്. സാധുക്കളായ ആളുകൾ വർഷം മുഴുവനും ഞെരുക്കത്തിൽ ജീവിതം നയിക്കുന്നവരും പല പ്രാവശ്യം ഭക്ഷണപാനീയങ്ങൾ ലഭിക്കാതെ വിശന്നു പൊരിയേണ്ടിവരുന്നവരുമാണ്. അല്ലാഹു റമസാൻ മാസം വഴി അവർക്ക് നല്കുന്ന പാഠം ഈ വിശപ്പിലും പുണ്യം സമ്പാദിക്കാൻ സാധിക്കും എന്നാണ്. ‘മനുഷ്യൻ എനിയ്ക്കുവേണ്ടിയാണ് വ്രതമനുഷ്ഠിക്കുന്നതു ഞാൻ തന്നെ അവന്നുള്ള പ്രതിഫലമാണ്’ എന്നു അല്ലാഹു അരുൾചെയ്യുന്നു. മനുഷ്യൻ ചെയ്യുന്ന ഓരോ

നന്മയ്ക്കും സൽകർമ്മത്തിനും അതിന്റേതായ പ്രതിഫലമുണ്ട്. എന്നാൽ വ്രതാനുഷ്ഠാനംമൂലം അല്ലാഹുവിനെ പ്രാപിക്കുവാൻ മനുഷ്യന് സാധിക്കുന്നു. ഒരു മനുഷ്യന് അല്ലാഹുവിനെ പ്രാപിക്കുവാൻ സാധിച്ചുവെങ്കിൽ അവന് പിന്നെ മറ്റെന്താണ് വേണ്ടത്?"

### ഹസ്റത്ത് മിർസാ നാസിർ അഹ്മദ്(റഹ്)

"റമസാനിലെ യഥാർത്ഥവും ശ്രേഷ്ഠവുമായ ആരാധന വ്രതാനുഷ്ഠാനം തന്നെയാണ്. വ്രതാനുഷ്ഠാനത്തിന്റെ പ്രതിഫലം അല്ലാഹു തന്നെയാണെന്ന് തിരുനബി(സ) അരുൾ ചെയ്യുന്നു. മതനിയമ ദൃഷ്ട്യാ ഒഴിവാക്കപ്പെട്ടവരല്ലാത്ത എല്ലാ സ്ത്രീപുരുഷന്മാരും ഈ അനുഗൃഹീത മാസത്തിൽ വ്രതമനുഷ്ഠിച്ചുകൊണ്ട് അല്ലാഹുവിന്റെ പ്രത്യേക വരപ്രസാദങ്ങൾക്ക് പാത്രീഭൂതരായിത്തീരാൻ ശ്രമിക്കേണ്ടതാണ്. ഒരു നിശ്ചിത നേരത്തേക്ക് ഭക്ഷണപാനീയങ്ങളിൽനിന്ന് ഒഴിഞ്ഞിരിക്കൽ മാത്രമല്ല നോമ്പിന്റെ ഉദ്ദേശ്യം. മറിച്ച് യഥാർത്ഥത്തിലുള്ള വ്രതാനുഷ്ഠാനത്തിന്റെ ഉദ്ദേശ്യം ആത്മനിയന്ത്രണം, ഹൃദയശുദ്ധി, ദൈവഭക്തി, ആത്മാർത്ഥത, ത്യാഗസന്നദ്ധത, പശ്ചാത്താപ പ്രവണത എന്നിവ ഒരാളിൽ അങ്കുരിപ്പിക്കുക എന്നതാണ്. ഇതിന്റെ ഫലമായി മനുഷ്യൻ അല്ലാഹുവുമായി അടുക്കുമാറാകുകയും തന്നിൽ ഒരാത്മീയ പരിവർത്തനം ഉണ്ടായതായി അയാൾക്കനുഭവപ്പെട്ടു തുടങ്ങുകയും ചെയ്യുന്നു. അല്ലാഹു എല്ലാ സഹോദരിസഹോദരന്മാർക്കും ഹൃദയങ്ങളിൽ അത്തരം മാറ്റം ഉണ്ടാക്കിത്തീർക്കാനുള്ള ഭാഗ്യം പ്രദാനം ചെയ്യുകയും തന്റെ സാമീപ്യംകൊണ്ട് അവരെ അനുഗ്രഹിക്കുകയും ചെയ്യട്ടെ.

അല്ലാഹു തന്റെ ദീനരായ ദാസന്മാരുടെ പ്രാർത്ഥനയും വിലാപങ്ങളും കേൾക്കുകയും അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുകയും ചെയ്യുന്നു. അത്തരം പ്രാർത്ഥനകൾ പ്രത്യേക നിലയിൽ സ്വീകരിക്കപ്പെടുന്ന മാസമാണ് റമസാൻ. അതുകൊണ്ട് ഈ പുണ്യദിനങ്ങളെ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ എല്ലാവരും ശ്രമിക്കേണ്ടതാണ്."

### ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

"റമസാൻ പരിശുദ്ധമാസമാണ്. ഓരോ വർഷവും ഇത് വന്നുകൊണ്ടിരിക്കുന്നതിന്റെ ഉദ്ദേശ്യം ഓരോ വർഷവും അതിന്റെ ബർക്കത്തുകൾ ലഭിച്ചുകൊണ്ടിരിക്കുകയെന്നതാണ്. അതുകൊണ്ട് റമസാന്റെ ബർക്കത്തുകൾ തങ്ങൾക്കായി സംരക്ഷിക്കാനും അനുഗ്രഹങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കാനും പരിശ്രമിക്കേണ്ടതാണ്. റമസാനു മുമ്പും അതിനുശേഷവും തന്റെ ജീവിതത്തിൽ വന്നുചേർന്ന പരിവർത്തനം ഏത് രീതിയിലുള്ളതാണെന്നു ബോധപൂർവ്വം ഓരോരുത്തരും ഒരാത്മപരിശോധന നടത്തട്ടെ. അപ്പോൾ റമസാനു മുമ്പുള്ള ജീവിതത്തെ അപേക്ഷിച്ച് റമസാന്റെ അനുഗ്രഹങ്ങൾമൂലം തന്നിലുണ്ടായിത്തീർന്ന ആത്മീയോൽക്കർഷതയെ അനുഭവിച്ചറിയുവാൻ സാധിക്കുന്നതാണ്. തന്നിലുണ്ടായിരുന്ന പല ദുഷ്പ്രവണതയും റമസാന്റെ ബർക്കത്തുകൊണ്ട് തന്നിൽനിന്നും വിട്ടുപിരിഞ്ഞതായി അയാൾക്കു ബോധ്യപ്പെടുന്നു. അതുകൊണ്ട് ബോധപൂർവ്വം ഓരോരുത്തരും ഒരാത്മപരിശോധന നടത്തി റമസാന്റെ ദർപ്പണത്തിൽ തന്റെ പുതിയ മുഖം ദർശിച്ചുകൊണ്ട് ഈ സൗന്ദര്യം തന്നിൽ നിലനിറുത്തുവാൻ പരിശ്രമിക്കേണ്ടതാണ്. റമസാനു മുമ്പുണ്ടായിരുന്ന കറകളേയും മാലിന്യങ്ങളേയും വീണ്ടും തന്റെ മുഖത്തു വന്നുചേരാൻ അനുവദിക്കാതെ കാത്തുസൂക്ഷിക്കേണ്ടതാണ്. ഒരാത്മപരിശോധന നടത്തുവാനും റമസാന്റെ അനുഗ്രഹങ്ങളെ സ്ഥായിയാക്കാനുമുള്ള ഒരു ശാസ്ത്രീയ വഴിയാണിത്."

### ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹ്)

"ഈ അവസാനത്തെ പത്ത് അതിന്റെ എല്ലാ അനുഗ്രഹങ്ങളോടും കൂടി നമ്മളിലേക്കും വരാൻ പോകുകയാണ്. ഇൻശാഅല്ലാഹ്. കഴിവനുസരിച്ച് നമ്മളും ഈ ദിനങ്ങളിൽ നമ്മുടെ ആരാധനാകർമ്മങ്ങളെ അലങ്കരിക്കേണ്ടതാണ്. അതിനെ മെച്ചപ്പെടുത്തേണ്ടതാണ്. അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നവരും ഈ അവസാനത്തെ പത്തിൽ വരുന്ന ലയ്‌ലത്തുൽ ഖദ്ർ പ്രാപിക്കുന്നവരുമായിത്തീരാൻ ഇസ്തിഗ്ഫാർ ചെയ്യുന്നതിലേക്കും ആരാധനകൾ അനുഷ്ഠിക്കുന്നതിലേക്കും ശ്രദ്ധിക്കുക. നമുക്ക് ശീലമായിത്തീരുന്ന ഏത് ആരാധനയാണെങ്കിലും അതിനെ എന്നെന്നും നിലനിറുത്തുമെന്ന് പ്രതിജ്ഞ ചെയ്യുക.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: "വിശ്വാസദാർഢ്യത്തോടെയും ആത്മപരിശോധന നടത്തിക്കൊണ്ടും വല്ലവനും റമസാനിലെ നോമ്പനുഷ്ഠിച്ചാൽ തന്റെ മുൻകഴിഞ്ഞ പാപങ്ങൾ അവന് പൊറുക്കപ്പെടും. വിശ്വാസദാർഢ്യത്തോടെയും ആത്മപരിശോധന നടത്തിക്കൊണ്ടും വല്ലവനും ലയ്‌ലത്തുൽ ഖദ്റിന്റെ രാവിൽ ആരാധനയിൽ മുഴുകിയാൽ തന്റെ മുൻകഴിഞ്ഞ പാപങ്ങൾ അവന് പൊറുക്കപ്പെടുന്നതാണ്."

നോക്കുക. ഇവിടെ നോമ്പനുഷ്ഠാനത്തിലും ലയ്‌ലത്തുൽ ഖദ്ർ രാവിൽ ആരാധനയിൽ മുഴുകുന്നതിലും നിബന്ധനയുണ്ട്. ഒന്ന് വിശ്വാസദാർഢ്യത്തോടെ ആകണം. സത്യവിശ്വാസിയായിരിക്കണം. ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കുകയും വേണം. സത്യവിശ്വാസത്തിന്റെ എല്ലാ നിബന്ധനകളും യഥാവിധി പൂർത്തിയാക്കുന്നവനാണ് യഥാർത്ഥ സത്യവിശ്വാസി. നാവുകൊണ്ട് പറയൽ മാത്രമല്ല. എന്താണ് നിബന്ധനകൾ? വിശുദ്ധഖുർആനിൽ നിരവധി നിബന്ധനകളെക്കുറിച്ച് പറയുന്നുണ്ട്. അല്ലാഹുവിലുള്ള വിശ്വാസം. അല്ലാഹുവിൽ വിശ്വസിക്കുന്നവനാണല്ലോ മുഅ്മിൻ അഥവാ സത്യവിശ്വാസി. ഇതിന്റെ ഉദാഹരണം ഖുർആൻ ഇങ്ങനെ സമർപ്പിക്കുന്നു.

"അല്ലാഹുവിനെ സംബന്ധിച്ച് പറയപ്പെട്ടാൽ അവരുടെ ഹൃദയം ഭയമുള്ളതായിത്തീരുന്നു." (8:3) ആരുടെ ഹൃദയത്തിലാണോ അല്ലാഹുവിനോടുള്ള ഭയമുണ്ടാകുന്നത് അവൻ മറ്റുള്ളവന്റെ അവകാശം തട്ടിപ്പറിച്ചെടുക്കാനോ സമൂഹത്തിൽ ഭിന്നിപ്പുണ്ടാക്കാനോ

33-ാം പേജിൽ

ഈദ്
ഖുത്വ്ബ

*ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ്*

# ചെറിയ പെരുന്നാളിന്റെ സന്ദേശം

**അ**ൽഹംദുലില്ലാഹ്. റമസാൻ സുഖകരമായി കഴിഞ്ഞു. ഇന്ന് നാം എല്ലാവരും പെരുന്നാൾ ആഘോഷിക്കുകയാണ്. അല്ലാഹുവിനുവേണ്ടി നാം നമ്മളെ അനുവദനീയമായ കാര്യങ്ങളിൽനിന്ന് കുറച്ച് ദിവസം തടഞ്ഞുനിർത്തി എന്നത് അവന്റെ ഔദാര്യമാണ്. അവനതിനുപകരമായി പെരുന്നാളിന്റെ സന്തോഷം നമുക്ക് നല്കിയിരിക്കുന്നു. ഇതെല്ലാം നടന്നുവരുന്നത് അല്ലാഹുവിന് അവന്റെ അടിയാറുകളോടുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ്. ഏത് നന്മ നിങ്ങൾ ചെയ്താലും നിർബന്ധമായും അല്ലാഹു അതിന് പ്രതിഫലം നല്കും. മനുഷ്യൻ തന്റെ നേട്ടത്തിനായി നൂറു കണക്കിന് ഭൗതിക ഇടപാടുകളിൽ മുഴുകിയാലും അതിന്റെ അവസാനം സന്തോഷമുണ്ടാകും എന്നതിന് ഒരുറപ്പുമില്ല. അല്ലെങ്കിൽ അതിന് ഉത്തമമായ ഫലമുണ്ടാകുമെന്നും ദൃഢനിശ്ചയമില്ല. എന്നാൽ, അല്ലാഹുവിനുവേണ്ടി ചെയ്യപ്പെട്ട നന്മകൾക്ക് സൽഫലമുളവാകുകതന്നെ ചെയ്യും. അവനതിന് പ്രതിഫലം നല്കുകതന്നെ ചെയ്യും. അതിന്റെ പ്രകടനമെന്ന നിലയിൽ നമുക്ക് കാര്യങ്ങൾ മനസ്സിലാക്കിത്തരുന്നതിനുവേണ്ടി അവൻ ഈ നോമ്പുകൾക്കുശേഷം ഈ പെരുന്നാൾ എന്ന സന്തോഷദിനം കാണിച്ചുതന്നു. പെരുന്നാൾ ദിവസം വെച്ചിരിക്കുന്നതുതന്നെ ഇത് പ്രകടിപ്പിക്കുന്നതിനുവേണ്ടിയാണ്. എനിക്കുവേണ്ടി നിങ്ങൾ അനുഭവിച്ച ഞെരുക്കത്തിനും ബുദ്ധിമുട്ടിനും സഹനത്തിനും ശേഷം നിങ്ങൾക്ക് ഞാൻ സന്തോഷം നല്കുകയാണെന്ന് അല്ലാഹു അറിയിക്കുന്നു. ഈ പെരുന്നാൾ വിളിച്ചോതുന്നത് നിങ്ങളുടെ ഓരോ സൽകർമ്മങ്ങൾക്കും തീർച്ചയായും നിങ്ങൾക്ക് പ്രതിഫലം കിട്ടുമെന്നും അതിലൂടെ നിങ്ങൾക്ക് സന്തോഷം ലഭിക്കുമെന്നുമാണ്. അല്ലാഹുവിന്റെ സന്ദേശമാണിത്. അവൻ നിങ്ങൾക്ക് സന്തോഷത്തിന്റെ സാഹചര്യം ഒരുക്കിത്തരുന്നതാണ്. അതുകൊണ്ട് എപ്പോഴും അല്ലാഹുവിനെ അനുസരിക്കുകയും അവൻ നല്കിയിരിക്കുന്ന കല്പനകളനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുക. ആ കല്പനകളിലൊന്ന് പരസ്പരം സഹോദരന്മാരായി ജീവിക്കുകയും സഹായിക്കുകയും ചെയ്യുക എന്നതുമാണ്. ഇങ്ങനെ ജീവിക്കുമ്പോൾ അവനെപ്പോഴും നിങ്ങൾക്ക് സന്തോഷത്തിന്റേയും പെരുന്നാളിന്റേയും സാഹചര്യങ്ങൾ ഒരുക്കിക്കൊണ്ടിരിക്കും.

ഞാനോതിയ വചനത്തിലും ഇതിനെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിക്കുന്നവർ പരസ്പരം കലഹിക്കുകയില്ല. മറിച്ച്, സ്നേഹത്തോടും സന്തോഷത്തോടും കൂടി ജീവിക്കുന്നതാണ്. അതുകൊണ്ട് നിങ്ങളും അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിക്കുന്നവരാണെങ്കിൽ പരസ്പരമുള്ള വഴക്കും വക്കാണവും ഉപേക്ഷിക്കുക. ഈ വഴക്കും വക്കാണവും കാരണത്താൽ അല്ലാഹുവിന്റേയും റസൂലിന്റേയും കല്പനകളോട് നന്ദികേട് കാണിക്കുന്നവരാകുമെന്ന് മാത്രമല്ല, ജമാഅത്ത് മുഖേന നിങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ***റുഅ്ബ്*** (നിങ്ങളെക്കുറിച്ച് മറ്റുള്ളവരിൽ ഉണ്ടായിരിക്കുന്ന ആദരയുക്തമായ ഭയം) ഇല്ലാതാവുകയും ചെയ്യും. നിങ്ങളുടെ ശക്തി ക്ഷയിക്കുകയും എതിരാളികൾ നിങ്ങളുടെ കലഹങ്ങളിൽനിന്ന് ഫലമെടുക്കുകയും ചെയ്യും. നിങ്ങളുടെ ഈ കലഹം കാരണത്താൽ ശയ്ത്താൻ നിങ്ങളിൽ ദുർബ്ബോധനങ്ങളുണ്ടാക്കും. അവയിലൊന്ന് ജമാഅത്ത് വ്യവസ്ഥിതിയോട് വെറുപ്പുണ്ടാക്കുക എന്നതുമാകാം. കലഹം കാരണത്താൽ നിങ്ങൾ നിങ്ങളുടെ പ്രശ്നം ജമാഅത്തിന്റെയടുക്കൽ കൊണ്ടുചെല്ലുമ്പോൾ ഏത് കക്ഷിക്കെതിരെ വിധിയുണ്ടായാലും അവന്റെ ഹൃദയത്തിൽ ജമാഅത്തിലെ ഭാരവാഹികൾക്കെതിരിൽ തെറ്റുധാരണയുണ്ടാകും. ഇതുമുഖേന നിങ്ങളുടെ ശത്രുക്കൾ ഫലമെടുക്കുമെന്ന് മാത്രമല്ല ഇക്കാരണത്താൽ നിങ്ങളിൽ ഭീരുത്വവുമുണ്ടാകും. പരസ്പരം കലഹിക്കുമ്പോൾ ഭീരുക്കൾ തങ്ങളുടെ കൂട്ടുകാരെ കൂട്ടുപിടിക്കാൻ ശ്രമിക്കുന്നു, ഗ്രൂപ്പുണ്ടാക്കാൻ ശ്രമിക്കുന്നു. പിന്നീട് നിങ്ങളെ സഹായിക്കുന്ന ഇക്കൂട്ടർ നിങ്ങളെക്കൊണ്ട് അവരുടെ കാര്യങ്ങളും ഇതിനിടയിൽ സാധിപ്പിച്ചെടുക്കുന്നു. നിങ്ങളെ തെറ്റായ വഴിയിലൂടെ നടത്തുകയും നിങ്ങൾ ഭാരവാഹികൾക്കെതിരിൽ സംസാരിച്ച് തുടങ്ങുകയും ചെയ്യുന്നു. ഭിന്നിപ്പുണ്ടാക്കുന്ന ഒരുപാട് കാര്യങ്ങൾ ഇതിൽനിന്ന് ഉടലെടുക്കുന്നു. പിന്നെ ശയ്ത്താൻ നിങ്ങളെയിട്ട് വട്ടംകറക്കാൻ തുടങ്ങുന്നു. നിങ്ങളിലെ പരസ്പരമുള്ള കലഹവും വഴക്കും വെറുപ്പുമൊന്നും രഹസ്യമായിരിക്കില്ല. അതന്യരുടെ അടുത്തും പാട്ടാകുന്നതാണ്. നിങ്ങളൊരു ജമാഅത്തായ കാരണത്താൽ ജമാഅത്തിലെ ഒരംഗമെന്ന നിലയിൽ നിങ്ങൾക്കവരുടെയിടയിലുണ്ടായിരുന്ന അന്തസ്സും ഇല്ലാതാകും. അതുകൊണ്ടാണ് അത്തരം അവസ്ഥകൾ ഉണ്ടാകുമ്പോൾ സഹനം കൈക്കൊള്ളണമെന്ന് പറഞ്ഞത്. കുഴഞ്ഞുമറിഞ്ഞ എന്തെങ്കിലും കാര്യമാണെങ്കിൽ അത് നിങ്ങൾക്ക് പരിഹരിക്കാൻ സാധിക്കാതെ വന്നാൽ ജമാഅത്തിനോട് പറയുക. അവർ നിങ്ങൾക്കുവേണ്ടി നല്ലൊരു വഴി കണ്ടെത്താൻ ശ്രമിക്കുന്നതാണ്. നിങ്ങളെന്തായാലും സഹിച്ചുകൊണ്ട് നിശ്ശബ്ദരാവുകതന്നെ വേണം. ഈ സഹനം അല്ലാഹുവിനും ജമാഅത്തിന്റെ അന്തസ്സിനും ജനങ്ങൾക്ക് ജമാഅത്തിനുനേരെ വിരൽ ചൂണ്ടാനുള്ള അവസരം കൊടുക്കാതിരിക്കുന്നതിനും വേണ്ടിയാണെങ്കിൽ ഞാൻ നിങ്ങളോടൊപ്പമുണ്ടെന്ന് അല്ലാഹു പറ

യുന്നു. കാരണം എനിക്കുവേണ്ടിയാണ് നിങ്ങൾ അത് ചെയ്തത്. അപ്പോൾ എന്തായാലും ഞാൻ നിങ്ങളോടൊപ്പം തന്നെയുണ്ടാകും. നിങ്ങളുടെ ഉന്നമനത്തിനുള്ള അവസരം ഒരുക്കാൻ ശ്രമിക്കുകയും ചെയ്യും. അല്ലാഹു ആരോടൊപ്പമാണോ അവനുവേണ്ടി തന്റെ പക്കൽനിന്ന് സമാധാനത്തിനുള്ള ഏർപ്പാട് ചെയ്യുകയും സന്തോഷത്തിനുള്ള അവസരമൊരുക്കുകയും ചെയ്യുന്നു. നിങ്ങൾ ജമാഅത്തിന്റെ അഭിമാനം കാത്തുസൂക്ഷിക്കുന്നതിനു വേണ്ടി വരിച്ച ത്യാഗത്തിന് അല്ലാഹുതആല നിങ്ങളെ ആദരിക്കുന്നു. അതുകൊണ്ട് അല്ലാഹുവിനുവേണ്ടി നിങ്ങൾ സമർപ്പിച്ച ത്യാഗത്തിനുശേഷം അല്ലാഹു നിങ്ങൾക്കുവേണ്ടി പൊതുജീവിതത്തിലും സന്തോഷത്തിനുള്ള സാധന സാമഗ്രികൾ ഒരുക്കുമെന്ന പാഠവും ഈ റമദാൻ- ഈ പെരുന്നാൾ നല്കുന്നുണ്ട്. കാരണം ഒരുമാസത്തെ പരിശീലനം നിങ്ങൾ നേടിക്കഴിഞ്ഞതാണ്. ഇനി ഇതിനെ നിങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കണം.

സയ്യിദുനാ ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. "ഇസ്‌ലാമിക കക്ഷികളിൽ നിത്യേന ഭിന്നിപ്പ് വർദ്ധിച്ചുവരികയാണ്. ഭിന്നിപ്പ് ഇസ്‌ലാമിന് കടുത്ത ദോഷമാണ് ചെയ്യുന്നത്. അല്ലാഹു പറഞ്ഞു. ***ലാ തനാസഉ വ തഫ്ശലു വ തദ്ഹബ രീഹുകും.*** ഇസ്‌ലാമിൽ ഭിന്നിപ്പ് പൊട്ടിപ്പുറപ്പെട്ടതു മുതൽ ഓരോ നിമിഷവും അത് അധഃപതിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് അല്ലാഹു, ജനങ്ങൾ സകല ഗ്രൂപ്പുകളിൽനിന്നും രക്ഷപ്പെട്ട് ഈ ജമാഅത്തിൽ പ്രവേശിക്കുന്നിനുവേണ്ടി ഇത് രൂപീകരിച്ചിട്ടുള്ളത്. ഈ ജമാഅത്ത് നിരർത്ഥകമായ ഭിന്നിപ്പുകളിൽനിന്ന് തികച്ചും സുരക്ഷിതവും നബി(സ) തിരുമേനി പറഞ്ഞ നേരായ പാതയിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു."

ഹസ്റത്ത് മസീഹ് മൗഊദ്(അ) ജനങ്ങളോട് പറയുകയും അവരെ ഇതിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നു. ഏതൊരു പരിശുദ്ധ ജമാഅത്ത് രൂപീകരിക്കണമെന്നാണോ വിധിയുണ്ടായിരുന്നത് ആ ജമാഅത്ത് ഇപ്പോൾ രൂപീകരിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് സംഘടിച്ച് ജീവിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഈ ജമാഅത്തിൽ പങ്കാളികളാവുക. കാരണം ഇക്കാലത്ത് നബിതിരുമേനിയുടെ വഴിയിലൂടെ ചരിച്ചുകൊണ്ട് മുന്നോട്ടുപോകുന്നതും ജമാഅത്തിന്റെ ശക്തി അനുഭവിച്ചറിയുന്നതും ലഹളകളിൽനിന്നും കലഹങ്ങളിൽനിന്നും മുക്തി നേടിയതുമായ ജമാഅത്ത് ഇതൊന്നു മാത്രമാണ്. നോക്കുക. ഹസ്റത്ത് മസീഹ് മൗഊദ് (അ) നമ്മളിൽനിന്ന് പ്രതീക്ഷിക്കുന്നത് എത്ര വലിയ കാര്യമാണ്. അതുകൊണ്ട് ഈ പ്രതീക്ഷയ്ക്കൊത്തുയരാൻ ശ്രമിക്കേണ്ടത് നമ്മുടെ ബാധ്യതയാണ്. ചെറിയ ചെറിയ വഴക്കുകളും നിസ്സാര കാര്യങ്ങളിലുള്ള വെറുപ്പും വൈരാഗ്യവും ഉപേക്ഷിച്ച് പരസ്പരം സ്നേഹത്തോടും സന്തോഷത്തോടുംകൂടി ജീവിക്കണം. തെറ്റുകുറ്റങ്ങൾ പരസ്പരം പൊറുത്തുകൊടുക്കുന്ന ശീലരാകണം. എല്ലാ കാര്യത്തിനും പകരം വീട്ടുകയും ലഹളകൾ ഉണ്ടാക്കുകയും ചെയ്യുക എന്നത് നിർബന്ധമുള്ള കാര്യമല്ല. മറിച്ച്, അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളായിത്തീരാൻ ശ്രമിക്കുകയും മാപ്പുകൊടുക്കുകയും ചെയ്യേണ്ടതാണ്. അതുകൊണ്ട് എല്ലാവർക്കും സന്തോഷം പകരുന്ന ഈ പെരുന്നാളിൽ നമ്മുടെ സന്തോഷം കൂടുതൽ വർദ്ധിപ്പിക്കുന്നതിനായി വെറുപ്പും വിദ്വേഷവും വൈരാഗ്യവും വെച്ചുപുലർത്തുന്നവരും പരസ്പരമുള്ള സംസാരംതന്നെ നിർത്തിയിട്ടുള്ളവരും- അവർ സുഹൃത്തുക്കളാകട്ടെ ബന്ധുക്കളാകട്ടെ, കൂടെ ജോലി ചെയ്യുന്നവരാകട്ടെ, ഭാര്യയും ഭർത്താവുമാകട്ടെ, അമ്മായിയമ്മയും മരുമകളുമാകട്ടെ, സഹോദരനും സഹോദരിയുമാകട്ടെ- ആരുമായികൊള്ളട്ടെ അല്ലാഹുവിനുവേണ്ടി ജമാഅത്തിന് കരുത്ത് പകരാൻ ആ വെറുപ്പുകളെയൊക്കെ അകറ്റുകയും സ്വന്തം കാര്യങ്ങൾ അല്ലാഹുവിൽ ഭരമേല്പിച്ചുകൊണ്ട് ക്ഷമിക്കുകയും ചെയ്യുകയാണെങ്കിൽ ഞാൻ നിങ്ങളോടൊപ്പമുണ്ടെന്ന് അല്ലാഹു പ്രഖ്യാപിക്കുന്നു. ഈ സ്നേഹം വ്യാപിപ്പിക്കുന്ന കാരണത്താൽ വ്യക്തിഗതമായ നേട്ടം മാത്രമല്ല ഉണ്ടാകുന്നത്, നിങ്ങളുടെ ഈ പ്രവർത്തനം ജമാഅത്തിന്റെ കരുത്തിനും കാരണമായിത്തീരും. ഓരോരുത്തർക്കും ഇക്കാര്യം ബോധ്യമാകുമ്പോൾ അത് പെരുന്നാളിന്റെ യഥാർത്ഥ സന്തോഷത്തിന്റെ കോന്തലയായിത്തീരുന്നതാണ്. അതായിരിക്കും യഥാർത്ഥ സന്തോഷം. അല്ലാഹു എല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു. എന്റെ പ്രതാപത്തിനും എന്റെ മഹത്വത്തിനും വേണ്ടി പരസ്പരം സ്നേഹിച്ചിരുന്ന അക്കൂട്ടരെവിടെ? എന്ന് അല്ലാഹു പുനരുത്ഥാനനാളിൽ ചോദിക്കുന്നതാണ്. ഇന്ന് എന്റെ തണലല്ലാതെ മറ്റൊരു തണലുമില്ല. ഞാൻ അവർക്ക് എന്റെ കാരുണ്യത്തിന്റെ തണലിൽ ഇടം നല്കുന്നതാണ്.

നോക്കുക, തന്നെ സ്നേഹിക്കുന്നവരോടും തന്നെ അനുസരിക്കുന്നവരോടുമുള്ള അല്ലാഹുവിന്റെ പെരുമാറ്റം ഈ രീതിയിലുള്ളതാണ്. തന്റെ തണലിൽ അവർക്കവൻ ഇടം നല്കുന്നു. അന്നാണെങ്കിൽ മറ്റൊരു തണലും ഉണ്ടാവുകയില്ല.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു. ബന്ധം വിച്ഛേദിക്കുന്നവരുമായി ബന്ധം സ്ഥാപിക്കുകയും നിനക്ക് തരാത്തവർക്ക് നീ നല്കുകയും നിന്നെ ചീത്ത വിളിക്കുന്നവർക്ക് മാപ്പു കൊടുക്കുകയും ചെയ്യുക എന്നതാണ് ഏറ്റവും വലിയ ശ്രേഷ്ഠത.

ഇപ്പറഞ്ഞതാണ് യഥാർത്ഥ ശ്രേഷ്ഠത. ഇത് കരസ്ഥമാക്കാൻ ഇന്ന് ഓരോ അഹ്മദിയും പരിശ്രമിക്കേണ്ടതാണ്. നിങ്ങളുമായി ബന്ധമുള്ളവരും നിങ്ങളെ പരിഗണിക്കുന്നവരുമായിട്ട് ബന്ധം പുലർത്തുക എന്നത് വലിയ കാര്യമൊന്നുമല്ല. അതിലൊരു ശ്രേഷ്ഠതയുമില്ല. നിങ്ങളുമായി ബന്ധം മുറിക്കുന്നവർക്കും നിങ്ങൾക്ക് വിഷമമുണ്ടാക്കുന്നവർക്കും നിങ്ങളുടെ അവകാശം പിടിച്ചെടുക്കുന്നവർക്കും നിങ്ങളെക്കുറിച്ച്

ദോഷം പറഞ്ഞ് നടക്കുന്നവർക്കുമെല്ലാം മാപ്പുകൊടുക്കുന്നതിലാണ് ശ്രേഷ്ഠതയുള്ളത്. അവരുമായി ബന്ധം സ്ഥാപിക്കുക. അല്ലാഹുവിനുവേണ്ടി പുലർത്തുന്ന ഈ ബന്ധവും അല്ലാഹുവിനുവേണ്ടിയുള്ള മാപ്പുകൊടുക്കലുമാണ് നിങ്ങളുടെ ശ്രേഷ്ഠതയ്ക്ക് നിദാനമായിത്തീരുന്നത്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. "എല്ലാ പ്രവാചകന്മാരുടേയും നിയോഗോദ്ദേശ്യം അല്ലാഹുവിനോടുള്ള സത്യപൂർണ്ണമായ സ്നേഹം സ്ഥാപിക്കുക എന്നതാണ്. മനുഷ്യകുലത്തിനോടുള്ള സ്നേഹങ്ങളിലും അവരുടെ അവകാശങ്ങളിലും ഒരു പ്രത്യേക നിറം പിടിപ്പിക്കുക എന്നതാണ്. ഇതുണ്ടാകാത്തിടത്തോളം എല്ലാ കാര്യങ്ങളും വെറും ചടങ്ങായിരിക്കും. അല്ലാഹുതആല നമുക്കെല്ലാവർക്കും ചടങ്ങല്ലാത്തതും ഹൃദയത്തിന്റെ ആഴങ്ങളിൽനിന്ന് ഉണ്ടാകുന്നതുമായ ബന്ധം നിലനിർത്താൻ തൗഫീഖ് നല്കുമാറാകട്ടെ." വീണ്ടും ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നാവ്, കണ്ണ്, ചെവി പോലെയുള്ള എല്ലാ അവയവങ്ങളിലും തഖ്വ- ദൈവഭയം പ്രവഹിപ്പിക്കുക എന്നതാണ് ഈ ജമാഅത്ത് രൂപീകരിച്ചതിന്റെ ഉദ്ദേശ്യം. ദൈവഭയത്തിന്റെ പ്രകാശം മനുഷ്യന്റെ അകത്തും പുറത്തും ഉണ്ടാകേണ്ടതാണ്. അവ ഉൾകൃഷ്ടമായ സ്വഭാവങ്ങളുടെ ഉത്തമമാതൃകയായിരിക്കേണ്ടതാണ്. കോപവും വിദ്വേഷവും തീരെയുണ്ടാകരുത്. ദ്വേഷം എന്ന ന്യൂനത ജമാഅത്തിലെ അധികമാളുകളിലും ഇപ്പോഴും ഉള്ളതായി ഞാൻ കാണുന്നു. നിസ്സാരകാര്യങ്ങളിൽപോലും പകയും വിദ്വേഷവും വെച്ചുപുലർത്തുകയും പരസ്പരം ശണ്ഠകൂടുകയും ചെയ്യുന്നു. അത്തരക്കാർക്ക് ഈ ജമാഅത്തിൽനിന്ന് ഒരു വിഹിതവും ലഭിക്കുകയില്ല. ആരെങ്കിലും ചീത്തവിളിച്ചാൽ മൗനംപാലിച്ച് മറുപടി പറയാതിരിക്കുന്നതുകൊണ്ട് എന്തു കോട്ടം വരാനാണെന്ന് എനിക്കറിയില്ല. സൽസ്വഭാവത്തിലൂടെയാണ് ഓരോ ജമാഅത്തിന്റേയും പ്രാഥമിക സംസ്കരണം ആരംഭിക്കുന്നത്. ആരംഭത്തിൽതന്നെ സഹനപൂർവ്വം ശിക്ഷണത്തിൽ പുരോഗതി പ്രാപിക്കേണ്ടതാണ്. ആരെങ്കിലും ചീത്തവിളിച്ചാൽ, അല്ലാഹു അയാളെ നന്നാക്കട്ടേ എന്ന് മനമുരുകി പ്രാർത്ഥിക്കുക എന്നുള്ളതാണ് ഏറ്റവുമുത്തമമായ പ്രതിവിധി. ഹൃദയത്തിൽ ഒരിക്കലും വിദ്വേഷം വളർത്തരുത്. ലോകത്തിന് നിയമമുള്ളതുപോലെ അല്ലാഹുവിനും നിയമമുണ്ട്. ലോകം അതിന്റെ നിയമം കയ്യൊഴിക്കാൻ തയ്യാറല്ലാത്തപ്പോൾ അല്ലാഹു എങ്ങനെയാണ് തന്റെ നിയമത്തെ കയ്യൊഴിക്കുക. അതായത് ഇതിനുണ്ടാകുന്ന ഫലം അല്ലാഹുവിൽനിന്നുള്ള ശിക്ഷയായിരിക്കും.

അതുകൊണ്ട് മാറ്റമുണ്ടാകാത്തിടത്തോളം അല്ലാഹുവിന്റെ പക്കൽ നിങ്ങൾക്കൊരു സ്ഥാനവുമില്ല. സൽഗുണങ്ങളായ സഹിഷ്ണുതയുടേയും ക്ഷമയുടേയും മാപ്പിന്റേയും സ്ഥാനത്ത് മൃഗീയത ഉണ്ടാകുന്നത് അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുന്നില്ല. ഈ ഉൽകൃഷ്ടമായ സ്വഭാവങ്ങളിൽ നിങ്ങൾ അഭിവൃദ്ധിപ്പെട്ടാൽ എത്രയും വേഗം അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നതാണ്. എന്നാൽ ജമാഅത്തിന്റെ ഒരുഭാഗം ഇപ്പോഴും ഈ ഉൽകൃഷ്ട സ്വഭാവഗുണങ്ങളിൽ ബലഹീനത കാണിക്കുന്നു എന്നതിൽ എനിക്ക് വിഷമമുണ്ട്. ഇക്കാര്യങ്ങൾകൊണ്ട് ശത്രുക്കൾക്ക് ചിരിക്കാനും പരിഹസിക്കാനും അവസരമുണ്ടാവുക മാത്രമല്ല, അത്തരക്കാർ സ്വയം ദൈവസാമീപ്യത്തിന്റെ സ്ഥാനത്തുനിന്ന് വീണുപോവുകയും ചെയ്യുന്നു."

അല്ലാഹു നമുക്ക് സൽപന്ഥാവിലൂടെ നടക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. എപ്പോഴും അവന്റെ സാമീപ്യം പ്രാപിക്കുന്നവരായിരിക്കുമാറാകട്ടെ. നമ്മുടെ യഥാർത്ഥ പെരുന്നാൾ നമുക്കുണ്ടാകുന്നത് നാം അല്ലാഹുവിന്റെ അനുസരണത്തിൽ യഥാവിധി പ്രവേശിക്കുമ്പോഴാണ്. അവന്റെ കാരുണ്യത്തിന്റെ തണലിൽ ഇടം നേടുന്നവരാകുമ്പോഴാണ്. അല്ലാഹു നമുക്ക് ഇതിന് തൗഫീഖ് നല്കുമാറാകട്ടെ. പെരുന്നാളിനെ സംബന്ധിച്ച് ഒന്നുരണ്ട് കാര്യങ്ങൾകൂടി ഞാൻ പറയാൻ ആഗ്രഹിക്കുന്നു. നിവേദനത്തിൽ വന്നിരിക്കുന്നു. റസൂലുല്ലാഹി(സ) പറഞ്ഞു: നിങ്ങളുടെ പെരുന്നാളിനെ അല്ലാഹുവിന്റെ വലുപ്പത്തം പ്രഖ്യാപിച്ചുകൊണ്ട് അലങ്കരിക്കുക. മറ്റൊരു നിവേദനത്തിൽ അവിടന്ന് പറയുന്നു: തക്ബീറും തഹ്ലീലും സ്തുതിയും കീർത്തനവുംകൊണ്ട് അല്ലാഹുവിന്റെ പരിശുദ്ധി പ്രകടിപ്പിച്ച് നിങ്ങളുടെ പെരുന്നാളിനെ മനോഹരമാക്കുക.

നല്ല വസ്ത്രം ധരിക്കുകയും നല്ല ഭക്ഷണം കഴിക്കുകയും ചെയ്യുന്നതിന്റെ മാത്രം പേരല്ല പെരുന്നാൾ. മറിച്ച് പെരുന്നാൾ നമസ്കാരത്തിന് ഈദ്ഗാഹിൽ വരുമ്പോഴും മടങ്ങുമ്പോഴും ദിവസം മുഴുവനും ദൈവസ്മരണയിലും അല്ലാഹുവിനെ സ്തുതിക്കുന്നതിലും അവന് കീർത്തനം ചെയ്യുന്നതിലും ചെലവഴിക്കേണ്ടതാണ്. നമസ്കാരവും പാഴായിപ്പോകാതെ ശ്രദ്ധിക്കണം. പള്ളിയിലെ നമസ്കാരത്തിന്റെ ഹാജർ നിലയും ശ്രദ്ധിക്കണം. റമസാനിൽ നടന്നുവന്നതുപോലെ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് ബൈത്തുൽ ഫള്ലിലും സുബ്ഹി നമസ്കാരത്തിന് അടുത്തുള്ള ഒരുപാടാളുകൾ വന്നിരുന്നു. ഇങ്ങനെ പള്ളിയെപ്പോഴും ആളുകളെക്കൊണ്ട് നിറക്കാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

നമ്മുടെ യഥാർത്ഥ പെരുന്നാൾ അല്ലാഹുവിനെ ആരാധിക്കുന്നതിൽ തന്നെയാണ്. ഇതുതന്നെയാണ് നബി(സ) പറഞ്ഞത്; നിങ്ങളുടെ പെരുന്നാളിന്റെ മനോഹാരിത വെറും സന്തോഷം ആഘോഷിക്കുക എന്നതല്ല. ചെണ്ടയടിച്ചും മൃദംഗം കൊട്ടിയും ഒക്കെ മറ്റുള്ളവരും സന്തോഷിക്കാറുണ്ട്. ഇവിടെ കഴിഞ്ഞ ഒരാഘോഷത്തിൽ വലിയ വെടിക്കെട്ട്തന്നെ നടന്നിരുന്നു. പെരുന്നാളിന്റെ സൗന്ദര്യം വർദ്ധിപ്പിക്കുന്നതിന് വേണ്ടി അല്ലാഹുവിനെ സ്മരിക്കേണ്ടത് വളരെ ആവശ്യമാണ്. നിർബന്ധ നമസ്കാരത്തിന് ഹാജരായാൽ മാത്രം പോരാ. രാത്രിയിലെ നമസ്കാരത്തെ സംബന്ധിച്ചും നബി(സ) സുവാർത്ത അറിയിച്ചിരിക്കുന്നു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) പറഞ്ഞു: ആരാണോ രണ്ട് പെരുന്നാളിന്റേയും രാവുകളിൽ ആരാധനയിൽ മുഴുകുന്നത്, അവന്റെ ഹൃദയം

എന്നെന്നേക്കുമായി ജീവസ്സുറ്റതാക്കിത്തീർക്കുന്നതാണ്. ലോകത്തുള്ള എല്ലാവരുടേയും ഹൃദയങ്ങൾ മരിക്കുമ്പോഴും അവരുടെ ഹൃദയം മരിക്കുകയില്ല.

പെരുന്നാൾ രാവിനെ അല്ലാഹുവിന്റെ ആരാധനയാൽ ജീവിപ്പിക്കുന്നവർക്ക് എത്രമാത്രം വലിയ സുവാർത്തയാണിത്. അല്ലാഹുതആല എല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ. ഓരോ അഹ്മദിയും അല്ലാഹുവിനോടുള്ള കടമയും സൃഷ്ടികളോടുള്ള കടമയും നിറവേറ്റുന്നവരായിത്തീരുമാറാകട്ടെ. ഈ പെരുന്നാൾ ജമാഅത്തിലെ ഓരോ വ്യക്തിക്കും സന്തോഷത്തിന്റെ വാർത്തകളുമായി വരാൻ അല്ലാഹു തുണക്കുമാറാകട്ടെ. നാം എപ്പോഴും ഈ സന്തോഷത്തിൽ ഭാഗഭാക്കുകളായിത്തീരുമാറാകട്ടെ. ആമീൻ.

ഇനി നാം ദുആ ചെയ്യുന്നതാണ്. എല്ലാവരും ദുആയിൽ പങ്കെടുക്കുന്നതാണ് ഇൻശാഅല്ലാഹ്. ദുആയിൽ ലോകത്തുള്ള എല്ലാ അഹ്മദികളേയും തടവറയിൽ കഴിയുന്ന അഹ്മദികളേയും അഹ്മദീശുഹദാക്കളുടെ മക്കളേയും ലോകത്തുള്ള എല്ലാ വിവശരേയും പാവപ്പെട്ടവരേയും പലവിധ ആവശ്യക്കാരേയും ഓർമ്മിക്കുക. അല്ലാഹു എല്ലാവർക്കും സന്തോഷത്തിനുള്ള അവസരം ഒരുക്കുമാറാകട്ടെ. എല്ലാവരും അല്ലാഹുവിന്റെ കല്പനയനുസരിച്ച് നടക്കുന്നവരായിത്തീരട്ടെ. എല്ലാവർക്കും ഈദുമുബാറക്. ഞാൻ പറഞ്ഞതുപോലെ, എപ്പോഴും സന്തോഷവുമായി ഈദ് നമ്മിലേക്ക് വന്നണയുമാറാകട്ടെ. റബ്വവാസികൾക്കും, പാക്കിസ്ഥാൻ വാസികൾക്കും ഖാദിയാൻവാസികൾക്കും ദുൻയാവിലെ എല്ലാ അഹ്മദികൾക്കും ഈദുമുബാറക്. അല്ലാഹു എല്ലാ പെരുന്നാളുകളും സന്തോഷഭരിതമാക്കിത്തീർക്കട്ടെ.

(*14.11. 2004, ബൈത്തുൽ ഫുതൂഹ്, ലണ്ടൻ. വിവ: മുഹമ്മദ് ഇസ്മായിൽ*)

## എട്ട് നിരപരാധികളെ വധിച്ചു

ഇസ്‌ലാമാബാദ്: ഇന്ന് ഒക്ടോബർ 7 വെള്ളിയാഴ്ച രാവിലെ പ്രഭാതനമസ്കാരം നടന്നുകൊണ്ടിരിക്കുമ്പോൾ പാക്കിസ്ഥാനിലെ ബഹാവുദ്ദീൻ മാർക്കറ്റിനടുത്ത് മോംഗ് എന്ന സ്ഥലത്ത് ചില അക്രമികൾ നിസ്കരിച്ചുകൊണ്ടിരുന്ന അഹ്മദികൾക്കുനേരെ തുരുതുരെ നിറയൊഴിച്ചതിന്റെ ഫലമായി എട്ട് അഹ്മദികൾ ശഹീദായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അഹ്മദിസഹോദരങ്ങൾ ഇടയത്താഴം കഴിച്ച് പള്ളിയിൽ വന്ന് സുബ്ഹി നിസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ രണ്ടാമത്തെ റക്അത്തിലാണ് ഈ ദാരുണമായ സംഭവമുണ്ടായത്. പാക്കിസ്ഥാൻ സർക്കാരിന് അവിടെത്തെ മതതീവ്രവാദത്തെ ഇതുവരെ അടിച്ചമർത്താൻ കഴിഞ്ഞിട്ടില്ലെന്ന് ഈ സംഭവം തെളിയിക്കുന്നു. ഇസ്‌ലാമിന്റെ പേരിൽ, ഖാത്തമുൽ അമ്പിയാഅ് റഹ്മത്തുല്ലിൽ ആലമിൻ ഹസ്റത്ത് മുഹമ്മദ് മുസ്തഫ(സ)ന്റെ ശിഷ്യർ എന്നവകാശപ്പെടുന്ന നാമമാത്ര മുസ്‌ലിംകൾ നിഷ്കളങ്കരായ മനുഷ്യരുടെ ചോരകൊണ്ട് ഹോളി കളിക്കുകയാണ്. ശഹീദായവരിൽ ആബിദ്ഖാൻ (30) രാജാ മുഹമ്മദ് അശ്റഫ് (73) യാസിർ(16) മുഹമ്മദ് അസ്‌ലം(70) നബീദ്(26) അൽത്താഫ് അഹ്മദ്(43) രാജാ അബ്ദുൽമജീദ്(30) രാജാ ലഹ്റാസിൻ(34) എന്നിവർ ഉൾപ്പെടുന്നു. ഇരുപതുപേർക്ക് പരിക്കേറ്റിട്ടുണ്ട്. ഇവരിൽ അദ്നാൻ(12) ബിശാറത്ത്(40) റിട്ട. ക്യാപ്റ്റൻ മുഹമ്മദ് അയ്യൂബ് എന്നിവരുടെ നില ഗുരുതരമാണ്.

---

## വഖാറെ അമൽ മാതൃകയായി



ചേലക്കര: ചേലക്കര മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ നേതൃത്വത്തിൽ ചേലക്കരയിലെ സർക്കാർ ആയുർവേദ ആശുപത്രിപരിസരം വഖാറെ അമലിലൂടെ (ശ്രമദാനം) വൃത്തിയാക്കുകയുണ്ടായി. 22.8.05-ന് രാവിലെ ചേലക്കര പഞ്ചായത്ത് പ്രസിഡന്റ് ആദരണീയനായ ടി.എം. കൃഷ്ണൻ ശ്രമദാനം ഉദ്ഘാടനം ചെയ്തു. മുപ്പതോളം ഖാദിം-അൻസാർ സഹോദരങ്ങൾ വളരെ ആവേശത്തോടുകൂടി ഇതിൽ പങ്കെടുക്കുകയുണ്ടായി. ഖായിദ് സി. നാസർ അഹ്മദ് സാഹിബും ആശുപത്രി സൂപ്രണ്ട് ഡോ. അബ്ദുൽ ശരീഫ് സാഹിബും ആദ്യാവസാനം വേണ്ട നിർദ്ദേശങ്ങൾ നല്കിക്കൊണ്ടിരുന്നു. മുബല്ലിഗുമാരായ എച്ച്. ശംസുദ്ദീൻ സാഹിബും കെ. നാസർ അഹ്മദ് സാഹിബും മുഅല്ലിം മുഹമ്മദുണ്ണി മുസ്‌ലിയാർ സാഹിബും പ്രവർത്തകർക്ക് ആവേശം പകർന്നു. തുടക്കത്തിൽനടന്ന പ്രാർത്ഥനയ്ക്ക് ജമാഅത്ത് പ്രസിഡന്റ് ടി. അനസ്സാഹിബ് നേതൃത്വം നല്കി. ഖാദിംകളുടേയും അൻസാറുല്ലാ അംഗങ്ങളുടേയും കഠിനാധ്വാനം ജനശ്രദ്ധ പിടിച്ചുപറ്റി. പ്രവർത്തനരൂപരേഖയിലെ 'മിസാലെ വഖാറെ അമൽ' എന്ന പരിപാടിയനുസരിച്ചാണ് ഇവിടെ വഖാറെ അമൽ സംഘടിപ്പിച്ചത്. പങ്കെടുത്ത എല്ലാവർക്കും ഖായിദ് നന്ദി രേഖപ്പെടുത്തി.

ലേഖനം

എ.ക്യു. മഹ്ദി

# അമേരിക്കയിലെ ആദ്യ അഹ്മദിമുസ്‌ലിമിന്റെ കഥ

**ലോ**കത്തെ ഏറ്റവും വലിയ രാജ്യം ഏതാണ്? വലുത് എന്നത് ഭൂമിശാസ്ത്രപരമായ വിസ്തൃതിയെ മാത്രം ഉദ്ദേശിച്ചല്ല, ആധുനികത-ശാസ്ത്ര സാങ്കേതികപ്പെരുമ- സാമ്പത്തികസമ്പന്നത- ആയുധശക്തി- സൈനികബലം- അംഗീകാരം ഇവയൊക്കെ ഈ ആധുനികകാലത്ത് ഒത്തിണങ്ങിയ ഒരു രാജ്യം ഏതാണ്?

ഉത്തരം ലളിതം. അത് അമേരിക്ക എന്നറിയപ്പെടുന്ന യുണൈറ്റഡ് സ്റ്റേറ്റ്സ് ആണ്; അമേരിക്കൻ ഐക്യനാടുകൾ. അത്ര സുദീർഘമായ ദേശീയപാരമ്പര്യത്തിന്റെ പൗരാണികതയൊന്നും അവകാശപ്പെടാൻ ചരിത്രത്തിൽ ഇടമില്ലാതിരുന്നിട്ടും, അവർ, ഇന്ന് ലോകത്തെ ഏറ്റവും സമ്പന്നന്മാരാണ്, വലിയൊരു ആധുനികശക്തിയാണ്, എല്ലാ മേഖലയിലേയും ജേതാക്കളാണ്, ശാസ്ത്രനായകന്മാരാണ്, അതീവ സമ്പന്നരുമാണ്, എല്ലാമെല്ലാമാണ്. ലോകഭൂപടത്തിൽ അമേരിക്ക സ്ഥാനംപിടിച്ചിട്ട് കേവലം 500 വർഷങ്ങൾ മാത്രമേ ആയിട്ടുള്ളൂ. അതുവരെ യൂറോപ്പിനു പടിഞ്ഞാറുള്ള ഈ ഭൂപ്രദേശം ലോകത്തിനു തീർത്തും അപരിചിതമായിരുന്നു. ഈ അജ്ഞാത പ്രദേശത്തെ അമേരിക്ക എന്നു നാമകരണം ചെയ്ത ലോകഭൂപടം തയ്യാറാക്കപ്പെട്ടതുപോലും 1507 -ൽ മാത്രമാണ്.

ഇതിനകം നിരവധി ലോകരാജ്യങ്ങൾ സന്ദർശിക്കാനുള്ള സൗഭാഗ്യം സർവ്വശക്തൻ നൽകി അനുഗ്രഹിച്ചിട്ടും, ഒരിക്കലും നടക്കാതെപോയ ഒരു മോഹം അപ്പോഴും എന്നിൽ ബാക്കിനിൽക്കുന്നുണ്ടായിരുന്നു, ഒരു അമേരിക്കൻ സന്ദർശനം. മനസ്സിൽ ആ ആഗ്രഹം വേരൂന്നിയിട്ട് വർഷങ്ങൾ പലതായി. പ്രധാന തടസ്സം യാത്രാനുമതി ലഭിക്കുമോ എന്ന ആശങ്കതന്നെ, അതായത് വിസ ലഭിക്കൽ.

മറ്റേതൊരു അന്യരാജ്യത്തേയും ഒരു സാധാരണ പൗരന് ലാഘവപൂർവ്വം കയറിപ്പറ്റാൻ കഴിയാത്തവിധം വ്യത്യസ്തവും ദുരൂഹവുമായ ഒരു വ്യക്തിത്വം അമേരിക്ക സ്വയം അവകാശപ്പെടുന്നു. സമീപകാലത്താണ് ഗുജറാത്ത് മുഖ്യമന്ത്രി ശ്രീ നരേന്ദ്രമോഡിക്കുപോലും, ഇന്ത്യപോലൊരു വൻരാഷ്ട്രത്തിലെ ഭരണനേതൃത്വം കേണപേക്ഷിച്ചിട്ടും, അവർ സന്ദർശനവിസ അനുവദിക്കാതിരുന്നത്. മാത്രമല്ല, മോഡിക്ക്, മുമ്പ് നൽകിയ ഒരു ടൂറിസ്റ്റ് വിസപോലും റദ്ദാക്കിക്കളഞ്ഞു അവർ.

ഇതാണ് സാഹചര്യമെങ്കിലും ഞാനെന്റെ വിസക്കുവേണ്ടിയുള്ള ശ്രമങ്ങൾ തുടർന്നുകൊണ്ടേയിരുന്നു. ഒടുവിൽ, വിസശ്രമത്തിൽ ഞാൻ വിജയിക്കയാണുണ്ടായത്. ദൈവത്തിന്റെ അനുഗ്രഹം മാത്രമായിരുന്നു അതിനെനിക്കുണ്ടായ പിൻബലം.

അപേക്ഷ സമർപ്പിച്ചശേഷം ചെന്നൈയിലെ അമേരിക്കൻ ഡെപ്യൂട്ടി ഹൈക്കമ്മീഷൻ ഓഫീസിൽ എത്തി, അവിടെത്തെ വിശാലമായ എ.സി.ഹാളിൽ നിരനിരയായി സ്ഥാപിച്ചിരുന്ന കൗണ്ടറുകളിലൊന്നിനു മുമ്പിൽ ഞാനും ഭാര്യയും ക്യൂ നിന്നു. ഓരോ കൗണ്ടറിനു മുമ്പിലും വിസ അപേക്ഷകരുടെ നീണ്ട നിര. അമേരിക്കൻ സന്ദർശനം ആഗ്രഹിക്കുന്നവരെ ഇന്റർവ്യൂ ചെയ്ത് അന്തിമതീരുമാനമെടുക്കാൻ, ബുള്ളറ്റ്പ്രൂഫ് ഗ്ലാസ്സ് കൂടിനുള്ളിൽ ഗൗരവഭാവത്തോടെ ഇരിക്കുന്ന വിസ ഓഫീസർമാർ. നാലാമത്തെ കൗണ്ടറിലെ ഓഫീസർക്കു മുമ്പിൽ ഞാനും ഹാജരാക്കപ്പെട്ടു; തൊട്ടുപിന്നിൽ ഭാര്യയുമുണ്ട്.

വിസ ഓഫീസർ നല്ലൊരു ചെറുപ്പക്കാരൻ. സുമുഖനാണ്. ചുവന്നുതുടുത്ത നിറമുള്ള ആ 'പയ്യന്റെ' മുഖത്ത് ഒരു നേർത്തപുഞ്ചിരി പടർന്നിരുന്നു. ഗൗരവലേശമില്ലാതെ അയാളെന്നെ വിഷ് ചെയ്തു.

"ഹലോ...." പുഞ്ചിരിയോടെ ഞാൻ പ്രത്യഭിവാദനം ചെയ്തപ്പോൾ ആ മുഖം അല്പംകൂടി പ്രസന്നമായോ. ചാരനിറമുള്ള ആ കണ്ണുകളിൽ അജ്ഞാതമായ ഒരു സൗഹൃദഭാവത്തിന്റെ നേർത്ത തിളക്കമുണ്ടായിരുന്നതുപോലെ തോന്നി.

അമേരിക്കയിലുള്ള തന്റെ മകളേയും, അവിടെ ജനിച്ച പേരക്കുട്ടിയേയും കാണാനായി രണ്ടുപ്രാവശ്യം വിസക്ക് അപേക്ഷിച്ച്, ഇന്റർവ്യൂവിൽ പങ്കെടുത്തിട്ട്, രണ്ടുതവണയും യാത്രാനുമതി നിഷേധിക്കപ്പെട്ട എന്റെ അയൽക്കാരൻ മി.ശറഫുദ്ദീൻ, ഞാൻ ചെന്നൈക്കു പോകുംമുമ്പ് പറഞ്ഞത് ഇതാണ്.

"റബ്ബിന്റെ അനുഗ്രഹം ഉണ്ടെങ്കിൽ മാത്രമേ മഹ്ദീ, നിങ്ങൾക്ക് അമേരിക്കൻവിസ കിട്ടൂ. ഇന്റർവ്യൂവിൽ എന്തു ചോദ്യമാണ് സായ്പ്പിൽ നിന്നുണ്ടാവുക എന്ന് ഒരു നിശ്ചയവുമില്ല. എന്തും ചോദിക്കാം, നിങ്ങളുടെ സത്യസന്ധതയും നിർദ്ദോഷകരമായ മറുപടി, അതെന്തായാൽതന്നെയും അത് ആ ഓഫീസർ എങ്ങനെ സ്വീകരിക്കുമെന്നതിനെ ആശ്രയിച്ചിരിക്കും വിസ അനുവദിക്കൽ. ഞാനും ഭാര്യയും രണ്ടുപ്രാവശ്യം ആ ക്യൂവിൽ നിന്നതാണ്, ചോദ്യങ്ങൾക്കൊക്കെ തൃപ്തികരമായ മറുപടി കൊടുത്തതുമാണ്. എന്നിട്ടും എനിക്കവർ വിസ തന്നില്ല. കാരണമൊന്നും പറഞ്ഞുമില്ല. ഒന്നുമൊന്നും നമുക്ക് പ്രവചിക്കാൻ വയ്യ. റബ്ബ് നിങ്ങളെ അനുഗ്രഹിക്കട്ടെ, പോയി വരൂ."

ഞാൻ സമർപ്പിച്ച രേഖകളൊക്കെ അതിസൂക്ഷ്മം തിരിച്ചും മറിച്ചും പരിശോധിച്ചു ആ ചെറുപ്പക്കാരൻ ഓഫീസർ. റെക്കാർഡുകൾ മറിച്ചുനോക്കുന്ന സമയത്തുമാത്രം, ആ സായ്പ്പ് പയ്യന്റെ മുഖത്ത്, നേരിയ ഗൗരവഭാവം നിഴലിച്ചു.

എത്ര ശ്രദ്ധയോടെ, വളരെ ബുദ്ധിമുട്ടിയാണ് വേണ്ട രേഖകൾ തയ്യാറാക്കി കൊണ്ടുപോയത്. കഴിഞ്ഞ മൂന്നുവർഷത്തെ ആദായനികുതി രേഖകൾ മുതൽ ദുബായിൽ ജോലിനോക്കുന്ന മകന്റെ നിയമനഉത്തര

വും, ശംബളക്കടലാസ്സുംവരെ ഹാജരാക്കിയിരുന്നു.

സമർപ്പിച്ച രേഖകളൊക്കെ തൃപ്തികരമായി അയാൾക്കു തോന്നിയെന്ന് ആ മുഖഭാവത്തിൽനിന്നും വ്യക്തമായി. പരസ്പരം പിൻചെയ്ത് ഒട്ടിച്ചുവച്ചിരുന്ന ഞങ്ങൾ രണ്ടുപേരുടെയും മൂന്ന് പാസ്പോർട്ടുകളിലെയും വിവിധരാജ്യങ്ങളിലെ വിസകൾ സ്റ്റാമ്പ് ചെയ്ത പേജുകൾ മുഴുവൻ അലസമായി അയാൾ മറിച്ചുനോക്കി, ആത്മഗതമെന്നോണം, മറുപടി ആവശ്യമില്ലെന്ന മട്ടിൽ ചോദിച്ചു, "Oh you have visited a lot of countries?" 'നിങ്ങളിതിനകം നിരവധി രാജ്യങ്ങൾ സന്ദർശിച്ചിരിക്കുന്നല്ലോ.' പല വിഷയങ്ങളും അയാൾ അന്വേഷിച്ചു, പല ചോദ്യങ്ങളും ചോദിച്ചു, ഒടുവിലാണ് ഏറ്റവും പ്രധാനപ്പെട്ടതെന്നു തോന്നിയ ഒരു ചോദ്യം വന്നത്. "Why should you go to USA?" 'നിങ്ങളെന്തിന് അമേരിക്കക്കു പോകുന്നു?' "It is one of my dreams to visit your great country." മറുപടിക്കായി ഒരുനിമിഷംപോലും ഞാനാലോചിച്ചില്ല, അതുകേട്ട്, ഒരുനിമിഷം മുഖമുയർത്തി അയാൾ എന്നെ നോക്കി. എന്റെ മറുപടി അയാൾക്കിഷ്ടപ്പെട്ടുവെന്നു തോന്നി. നിങ്ങളുടെ മഹത്തായ രാജ്യം സന്ദർശിക്കണമെന്നത് എന്റെ ഏറ്റവും വലിയ സ്വപ്നങ്ങളിൽ ഒന്ന് എന്നാണ് ഞാനയാളോടു പറഞ്ഞിരിക്കുന്നത്. എല്ലാ അർത്ഥത്തിലും അതൊരു യാഥാർത്ഥ്യവുമാണ്. അതീവസംതൃപ്തഭാവത്തിൽ അയാൾ മുഖം ചലിപ്പിച്ചു. സ്വന്തം രാജ്യത്തെപ്പറ്റിയുള്ള അഭിമാനബോധം തീർച്ചയായും അയാളുടെ മനസ്സിൽ ചലനം സൃഷ്ടിച്ചിരിക്കണം. മുഖവുരയൊന്നുമില്ലാതെ അയാൾ പറഞ്ഞു, അൽപം ശബ്ദം ഉയർത്തിത്തന്നെ, "Your application for visa is granted" നിങ്ങളുടെ അപേക്ഷ സ്വീകരിച്ച് വിസ അനുവദിച്ചിരിക്കുന്നു എന്ന് പറഞ്ഞുകഴിഞ്ഞപ്പോൾ ആ ചെറുപ്പക്കാരൻ ഓഫീസറുടെ മുഖത്തേക്ക് ഒരിക്കൽകൂടി ഞാൻ നോക്കി; ആ വെള്ളാരംകണ്ണുകളിൽ സന്തോഷത്തിന്റെ നേർത്ത തിളക്കം ഞാൻ കണ്ടു.

പരിശോധനയ്ക്കു സമർപ്പിച്ച റെക്കോർഡുകളെല്ലാം അയാൾ മടക്കിത്തന്നു. ഇന്റർവ്യൂവിനിടയിൽ എന്റെ മതവും ജാതിയും അയാൾ ചോദിച്ചില്ല. വിസയുടെ അപേക്ഷാഫോമിലും ആ ചോദ്യം ഉണ്ടായിരുന്നില്ല. എന്തിന്, എന്റെ പാസ്പോർട്ടിലും ഞാൻ ഏതു മതവിശ്വാസിയാണെന്നതിനു സൂചനയൊന്നുമില്ല; വേണമെങ്കിൽ എന്റെ പേരിൽനിന്ന് അത് ഊഹിക്കാമെന്നു മാത്രം. വർത്തമാനകാലത്ത് അത് അത്ര എളുപ്പവുമല്ല. മുസ്‌ലിം നാമങ്ങളുള്ള എത്രയോ അന്യമതസ്ഥരുണ്ട്. മറിച്ചും. ചെന്നൈയിൽനിന്നും തിരികെ നാട്ടിലെത്തിയ എനിക്ക്, രണ്ടാഴ്ചയ്ക്കുശേഷം രജിസ്റ്റേർഡ് തപാലിൽ വിസ അടിച്ച, ഞങ്ങളുടെ പാസ്പോർട്ടുകൾ കിട്ടുകയുണ്ടായി. ഭാഗ്യം പത്തുവർഷകാലത്തേക്കുള്ള 'മൾട്ടിപ്പ്ൾ എൻട്രി വിസ' ആണ് അവർ ഞങ്ങൾക്ക് സ്റ്റാമ്പ് ചെയ്ത് തന്നിരിക്കുന്നത്. ജീവിച്ചിരിക്കാൻ ഭാഗ്യമുണ്ടായാൽ, അടുത്ത 10 വർഷത്തിനിടെ എത്ര പ്രാവശ്യം വേണമെങ്കിലും ഞങ്ങൾക്ക് അമേരിക്കയിൽ പോയിവരാം.

പാസ്പോർട്ടിനെപ്പറ്റി പറയുമ്പോൾ, ഞാനൊരു കാര്യം ഓർത്തുപോവുകയാണ്. അന്തർദേശീയ രംഗത്ത് ഒരു രാജ്യത്തേയും പാസ്പോർട്ടിൽ സാധാരണഗതിയിൽ മതമേതെന്നു രേഖപ്പെടുത്തേണ്ട കോളം ഇല്ലാതിരിക്കെയാണ്, അഹ്മദികൾ ഹജ്ജിന് പോകുന്നതു തടയാനായി മാത്രം തങ്ങളുടെ രാജ്യത്തെ പാസ്പോർട്ടിൽ അങ്ങനെയൊരു ഭാഗംകൂടി വേണമെന്ന് പാക്കിസ്ഥാനിൽ, ജമാഅത്തെ ഇസ്‌ലാമിയും മറ്റുചില മതസംഘടനകളും മുല്ലമാരുടെ ഒത്താശയോടെ ശാഠ്യം പിടിച്ചത്. ഇതിനു വഴങ്ങിയ ജനറൽ മുശ്റഫ് അതംഗീകരിക്കുകയും ചെയ്തിരുന്നു. ഹജ്ജ് മുടക്കുന്നതിലൂടെ അല്ലാഹുവിന്റെ കോപത്തിനും, ശിക്ഷയ്ക്കും പാത്രീഭവിക്കുമെന്ന് വിശുദ്ധഖുർആൻ പറഞ്ഞ കാര്യം മാനിക്കാതെ ചെയ്യുന്ന ഈ നടപടിയിലൂടെ മുശ്റഫ്, തന്റെ മുൻഗാമികളായ സുൾഫിക്കർ അലി ഭൂട്ടോയുടേയും, സിയാവുൽ ഹഖിന്റേയും വിധിതന്നെ തേടുകയാണോ ആവോ.

ഇക്കഴിഞ്ഞ ജൂൺ 22-ന് ഞങ്ങൾ, ഞാനും ഭര്യയും ഏകദേശം ഒരുമാസം നീണ്ടുനില്ക്കുന്ന അമേരിക്കൻ പര്യടനം നടത്തി തിരിച്ചെത്തുകയും ചെയ്തു.

എന്റെ യാത്രയല്ല ഈ ലേഖനത്തിലെ പ്രസക്തവിഷയം. ഞാനിനി പറയാൻപോകുന്ന കാര്യത്തിന്റെ ഒരാമുഖം മാത്രമാണിത്. ഏഴാംകടൽ കടന്ന്, ഈ അമേരിക്കൻ ഭൂഖണ്ഡത്തിലെ ഏറ്റവും വലിയ നഗരമായ ന്യൂയോർക്കിൽ 23-ന് വൈകിട്ട് ഞാനെത്തിയപ്പോൾ, ഈ വൻകരയിലെ ആദ്യമുസ്‌ലിം ജീവച്ചിരുന്ന നാട്ടിലാണ് ഞങ്ങൾ കാലുകുത്തുന്നതെന്ന് ഓർത്തുപോയി. അമേരിക്കൻ അർദ്ധഗോളത്തിലെ ആദ്യ അഹ്മദിമുസ്‌ലിമിനെക്കുറിച്ച് അറിയാൻ നിങ്ങൾക്കും താല്പര്യമുണ്ടാവുമല്ലോ.

ഞാൻ വിമാനമിറങ്ങിയത് അമേരിക്കയുടെ കിഴക്കേക്കരയിലാണ്, കിഴക്കേയറ്റത്ത്. അവിടെയാണ് ഞങ്ങൾ സന്ദർശിച്ച ആദ്യനഗരമായ ന്യൂയോർക്ക്. ഇത് യു.എസ്സ്.എയിലെ ഏറ്റവും വലിയ സിറ്റിയാണ്. ഒരുപക്ഷേ ലോകത്തിലെ ഏറ്റവും വലിയ നഗരവും. ന്യൂയോർക്ക് സ്റ്റേറ്റിലാണ് ന്യൂയോർക്ക് നഗരവും. അവിടത്തെ ഹഡ്സൺ എന്ന ഇടത്തരം പട്ടണത്തിലാണ് മി.അലക്സാണ്ടർ റസ്സൽ വെബ്ബ് ജനിച്ചത്, 1846-ൽ. അദ്ദേഹത്തിന്റെ പിതാവ് ഒരു പ്രസിദ്ധ പത്രപ്രവർത്തകനായിരുന്നു. വെബ്ബും ആ രംഗത്തുതന്നെ തുടർന്നു. അമേരിക്കയിലെ പല പത്രങ്ങളുടേയും പത്രാധിപസ്ഥാനം വഹിക്കാനുള്ള ഭാഗ്യം മിസ്റ്റർ വെബ്ബിനുണ്ടായി. ഒടുവിൽ കുറേവർഷങ്ങൾ ഫിലിപ്പൈൻസിലെ അമ്പാസിഡറായി നിയമിക്കപ്പെടുകപോലും ചെയ്തു അദ്ദേഹം. മി.വെബ്ബ് വലിയൊരു ചിന്തകനായിരുന്നു; നല്ലൊരു അന്വേഷണകുതുകിയും.

ഏകദേശം ഇക്കാലത്താണ് ഇസ്‌ലാമിന്റെ സത്യത്തിലേക്കുള്ള ദിവ്യദൃഷ്ടാന്തങ്ങളെപ്പറ്റി പ്രഖ്യാപിച്ചുകൊണ്ടുള്ള ഹസ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ വിജ്ഞാപനത്തിന്റെ ഇംഗ്ലീഷ് പതിപ്പുകൾ യൂറോപ്പിലും അമേരിക്കയിലും വിതരണം ചെയ്യപ്പെട്ടത്. ആ സന്ദേശം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സത്യാന്വേഷികളെ ആകർഷിക്കുകയും പലരും ഇസ്‌ലാം മതത്തെപ്പറ്റി പഠിക്കാൻ ഉത്സുകരാവുകയും ചെയ്തു.

മി. വെബ്ബിനും ഖാദിയാനിൽനിന്നയക്കപ്പെട്ട ഈ സന്ദേശത്തിന്റെ ചില പകർപ്പുകൾ ലഭിക്കുകയുണ്ടായി. അങ്ങനെ അമേരിക്കൻ അർദ്ധഗോളത്തിലും ഖാദിയാനിലുയർന്ന ദിവ്യകാഹളത്തിന്റെ പ്രതിധ്വനികൾ അലയടിച്ചുതുടങ്ങി. ആ തുടക്കമാവട്ടെ മിസ്റ്റർ വെബ്ബിലൂടെയായിരുന്നു.

ഇതിനിടെ, അഹ്മദിയ്യാ സന്ദേശം ലഭിക്കും മുമ്പു തന്നെ 1872-ൽ തനിക്ക് കേവലം 26 വയസ്സുപ്രായമുള്ളപ്പോൾ, അദ്ദേഹം ക്രിസ്തുമതം ഉപേക്ഷിച്ചുകഴിഞ്ഞിരുന്നു. കുറേക്കാലം അദ്ദേഹം ഒരു സ്വതന്ത്രചിന്തകന്റേയും നിർമ്മതവാദിയുടേയും മേലങ്കി സ്വയം അണിഞ്ഞു. ബുദ്ധമതത്തേയും കൺഫ്യൂഷസ്സ് മതത്തേയുംപറ്റി ധാരാളം വായിച്ചുവെങ്കിലും അദ്ദേഹത്തിന് മാനസികസംതൃപ്തി കൈവന്നില്ല. അങ്ങനെയിരിക്കവേയാണ് ഹസ്റത്ത് അഹ്മദിലൂടെ ഇസ്ലാമിനെക്കുറിച്ചുള്ള വിജ്ഞാപനങ്ങൾ കാണാനും വായിക്കാനുമിടവന്നത്. തീർച്ചയായും ഈ വിജ്ഞാപന കർത്താവ് ഒരു സാധാരണ വ്യക്തിയല്ലെന്ന് മുഖവിലയാൽതന്നെ അദ്ദേഹം വിധിയെഴുതി. വിജ്ഞാപനത്തിലൂടെ സ്വയം വായിച്ചറിഞ്ഞ ഇസ്ലാമികതത്വങ്ങളിൽ ആകൃഷ്ടനായ മിസ്റ്റർ വെബ്ബ്, ഹസ്റത്ത് അഹ്മദിന് ഒരു കത്തയച്ചു. കത്തയക്കുമ്പോൾ വെബ്ബിനു 40 വയസ്സുപ്രായം.

1886 ഡിസംബർ 17-ന് വെബ്ബിന്, ഹസ്റത്ത് അഹ്മദിൽനിന്ന് മറുപടി കിട്ടുകയും ചെയ്തു. അതായിരുന്നു ഈ വിഷയത്തിൽ അദ്ദേഹത്തിനു കിട്ടിയ ആദ്യ കത്ത്. കത്തിടപാടുകൾ തുടർന്നുപോയി. അതിനെ തുടർന്ന്, വെബ്ബ് ഇസ്ലാംമതം സ്വീകരിച്ചു. മിസ്റ്റർ വെബ്ബ്, ഹസ്റത്ത് അഹ്മദ് മുഖേന അഹ്മദി മുസ്ലിം ആയതോടെ അമേരിക്കയിൽ ഇസ്ലാംമതത്തിന്റെ ആദ്യരംഗത്തിന് അങ്കം കുറിക്കപ്പെട്ടു. മിസ്റ്റർ വെബ്ബ് എന്ന വെള്ളക്കാരൻ സായ്പ്പ്, അങ്ങനെ അമേരിക്കയിലെ ആദ്യമുസ്ലിമായി.

മിസ്റ്റർ വെബ്ബ് അയച്ച ഒരു കത്തും, അതിന് നല്കപ്പെട്ട മറുപടിയും ഹസ്റത്ത് അഹ്മദ്(അ) തന്റെ 'ശഹ്നയെ ഹഖ്' എന്ന കൃതിയിൽ ചേർത്തിട്ടുണ്ട്.

മിസ്റ്റർ വെബ്ബിന്റെ സുദീർഘമായ കത്തിൽ അദ്ദേഹം ഹസ്റത്ത് അഹ്മദ്(അ)നോട് തനിക്കീ സത്യ സന്ദേശം എത്തിച്ചതിലും ഇസ്ലാംമതം സ്വീകരിക്കാൻ ഭാഗ്യം നൽകിയതിലും അതീവമായ നന്ദി പ്രകടിപ്പിച്ചു. തനിക്ക് ഇന്ത്യ സന്ദർശിക്കാൻ ആഗ്രഹമുണ്ടെന്നും, ഖാദിയാനിൽ വരാനുള്ള അവസരത്തിന്നായി താൻ പ്രാർത്ഥിക്കുകയാണെന്നും വെബ്ബ് എഴുതി. ഇസ്ലാംമതം മാത്രമാണ് സത്യമതമെന്നും, താൻ മുഖേന അത് അമേരിക്കൻ വൻകരയിൽ പ്രചരിപ്പിക്കുന്നതിനു അവസരമുണ്ടായിത്തീരട്ടെ എന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

ഒരു അമേരിക്കക്കാരൻ സായ്പ് ഇസ്ലാംമതം സ്വീകരിച്ചുവെന്ന കാര്യം അറിഞ്ഞപ്പോൾ അന്ന് അത് ഇന്ത്യയിൽ വലിയ ഒച്ചപ്പാടിന്നിടയാക്കി. പലർക്കും അതൊരു അത്ഭുതവാർത്തയായി. ഇസ്ലാംമത വിശ്വാസികൾക്ക് ആഹ്ലാദം നിറഞ്ഞ ഒരനുഭവമായി മാറി അത്. ബോംബെയിലെ ഒരു വ്യവസായ പ്രമുഖനായ അൽഹാജ് അബ്ദുല്ലാഹ് അറബ് സാഹിബ്, അദ്ദേഹം ഒരു ഇസ്ലാംമതസേവകനുമായിരുന്നു, ഈ വിവരം അറിഞ്ഞപ്പോൾ മിസ്റ്റർ വെബ്ബുമായി ബന്ധപ്പെട്ടു. അമേരിക്കയിൽ ഇസ്ലാംമതപ്രചാരണം നടത്താമെന്ന് സമ്മതിച്ച വെബ്ബ്, താൻ അമ്പാസിഡറായി ജോലിചെയ്യുന്ന ഫിലിപ്പീൻസിന്റെ തലസ്ഥാനമായ മനിലയിൽ വന്ന് തന്നെ കാണുവാൻ തയ്യാറായാൽ വിഷയങ്ങൾ അപ്പോൾ അവിടെവെച്ച് ചർച്ചചെയ്യാമെന്ന് അബ്ദുല്ലാ അറബ് സാഹിബിനെ അറിയിച്ചു. അങ്ങനെ അബ്ദുല്ലാ സാഹിബ് മനിലക്ക് പുറപ്പെട്ടു. വെബ്ബ് തന്റെ സ്ഥാനപതി ഉദ്യോഗം രാജിവയ്ക്കണമെന്നും ഇസ്ലാംമത പ്രചാരണാർത്ഥം അമേരിക്കയിൽ ഒരു പത്രം തുടങ്ങണമെന്നും, അതിനാവശ്യമായ മൂലധനം താൻ ഇന്ത്യയിൽ നിന്നും സമാഹരിച്ചുകൊള്ളാമെന്നും അബ്ദുല്ലാ സാഹിബ് വാഗ്ദാനം ചെയ്തു. മിസ്റ്റർ വെബ്ബ് തന്റെ ജോലി രാജിവെച്ച് ഇസ്ലാംമത പ്രചാരണത്തിനൊരുങ്ങി.

അബ്ദുല്ലാ സാഹിബ് ഇന്ത്യയിൽ മടങ്ങിയെത്തി. ഹൈദരബാദിൽവെച്ച് അദ്ദേഹം ഒരു യോഗം വിളിച്ചുകൂട്ടി, അവിടെനിന്നും അപ്പോൾതന്നെ 6000 രൂപ ഈ ആവശ്യത്തിനുവേണ്ടി പിരിച്ചെടുക്കുകയും ചെയ്തു. ഒരു നൂറ്റാണ്ടുകാലത്തിനു മുമ്പ് ഈ 6000 രൂപക്ക് ഇന്നത്തെ നിലയിൽ എന്തു മൂല്യം ഉണ്ടാവുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. തീർച്ചയായും അന്നതൊരു വലിയ തുക തന്നെയായിരുന്നു.

ജോലി രാജിവെച്ച മിസ്റ്റർ വെബ്ബ് അമേരിക്കയിൽ നിന്ന് നേരിട്ട് ഇന്ത്യയിലേക്ക് വന്നു. എത്ര സുദീർഘമായ ഒരു ദൂരം താണ്ടിയാണ് അദ്ദേഹമന്ന് ഇന്ത്യയിലേക്ക് വന്നത്. ഇപ്പോൾ, ഈ ആധുനികകാലത്ത് എല്ലാ യാത്രാരീതികളും വേഗതയുടെ പാരമ്യത്തിലെത്തിയിട്ടു പോലും കൊച്ചിയിൽനിന്നും ഞങ്ങൾ പുറപ്പെട്ട ഫ്ളൈറ്റ്, ബോംബെ പാരീസ് വഴി മിസ്റ്റർ വെബ്ബിന്റെ നാടായ ന്യൂയോർക്കിലെത്താൻ തുടർച്ചയായി 23 മണിക്കൂർ സമയം പറക്കേണ്ടിവന്നു. എങ്കിൽ, നൂറുകൊല്ലത്തിനപ്പുറം കടൽമാർഗ്ഗം കപ്പലിലൂടെ എത്ര ദിവസം സഞ്ചരിച്ചാവും വെബ്ബ് ഇന്ത്യയിലെത്തിയിട്ടുണ്ടാവുക.

ബോംബെ പോർട്ടിലാണദ്ദേഹം കപ്പലിറങ്ങിയത്. ഇന്ത്യയിലെത്തിയ അദ്ദേഹത്തിന്റെ മനസ്സിലെ പ്രധാന ആഗ്രഹം, തന്നെ ഇസ്ലാംമതത്തിലേക്ക് ക്ഷണിക്കുകയും ആകർഷിക്കുകയും ചെയ്ത, തന്നെ ഒരു ഇസ്ലാംമത വിശ്വാസിയാക്കിയ, ഹസ്റത്ത് അഹ്മദ് (അ)നെ ഖാദിയാനിൽപോയി സന്ദർശിക്കുക എന്നതായിരുന്നു.

അന്ന് ഇന്ത്യയിൽ പേരെടുത്ത ഒരു മതപ്രസംഗകനുണ്ടായിരുന്നു ബോംബെയിൽ, മൗലാനാ ഹസൻ അലി സാഹിബ്. അദ്ദേഹം നല്ലൊരു വാഗ്മിയും ഇംഗ്ലീഷ് ഭാഷാപരിജ്ഞാനിയുമായിരുന്നു. ബോംബെയിലെത്തിയ മിസ്റ്റർ വെബ്ബ്, ഹസനലി സാഹിബുമൊത്ത് പൂന, ഹൈദരബാദ്, മദ്രാസ്, റങ്കൂൺ തുടങ്ങിയ സ്ഥലങ്ങളിൽ പര്യടനം നടത്തി. ഒരു വെള്ളക്കാരൻ ക്രിസ്ത്യാനി, ഇസ്ലാംമതം സ്വീകരിച്ചുവെന്നതിലുള്ള വൈകാരികമായ ആഹ്ലാദപ്രകടനമായിരുന്നു മിസ്റ്റർ വെബ്ബിനെ ഒപ്പംകൂട്ടി വിവിധ സ്ഥലങ്ങൾ സന്ദർശിച്ച സംഘാട

കർക്കുണ്ടായിരുന്നത്. മറ്റൊരു പ്രധാനലക്ഷ്യംകൂടി അവർക്കുണ്ടായിരുന്നു; പണപ്പിരിവ്. അമേരിക്കയിൽ ഇസ്‌ലാംമത പ്രചാരണത്തിനുവേണ്ടി പത്രം തുടങ്ങാനുള്ള മൂലധനസമാഹരണം.

ഇതിനിടെ ഹൈദരബാദിൽവെച്ച് മിസ്റ്റർ വെബ്ബ്, തനിക്ക് ഹസ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനിയെ കാണണമെന്നും, അദ്ദേഹത്തോടു തനിക്ക് അതിയായ കടപ്പാടുണ്ടെന്നും, അദ്ദേഹം മുഖേനയാണ് താൻ ഇസ്‌ലാംമതം സ്വീകരിച്ചതെന്നും മൗലാനാ ഹസനലി സാഹിബിനോടു പറയുകയുണ്ടായി. വെബ്ബിന്റെ ഈ പ്രസ്താവം ഹസനലി സാഹിബ് തീരെ പ്രതീക്ഷിക്കാത്ത ഒന്നായിരുന്നു. ഹസ്റത്ത് അഹ്മദുൽ ഖാദിയാനി(അ) മസീഹ് വാദം പുറപ്പെടുവിച്ചതിനെ തുടർന്ന് അദ്ദേഹത്തിന്നെതിരെ 'കുഫ്റ് ഫത്‌വ' വ്യാപകമായി പ്രഖ്യാപിച്ച ഒരു കാലമായിരുന്നു അത്. ഹസ്റത്ത് അഹ്മദിനെപ്പറ്റി താൻ കേട്ടറിഞ്ഞ സംഗതികൾ മൗലാനാ ഹസനലി സാഹിബ് മിസ്റ്റർ വെബ്ബിനെ ധരിപ്പിച്ചു. കേട്ടതു മുഴുവൻ വിശ്വസിക്കാൻ വെബ്ബ് തയ്യാറായില്ലെങ്കിലും, ചില സംശയങ്ങൾ ബാക്കിയുണ്ടായിരുന്നത് തീർക്കണമെന്നദ്ദേഹം സ്വയം ആഗ്രഹിച്ചു. അദ്ദേഹം ബോംബെയിൽ നിന്നുതന്നെ ഹസ്റത്ത് അഹ്മദിന് ഒരു കത്തയച്ചു. വെബ്ബിന്റെ കത്തിന് എട്ട് പേജുള്ള സുദീർഘമായ ഒരു മറുപടി, ഹസ്റത്ത് അഹ്മദ്(അ) അയച്ചുകൊടുത്തു. ആ മറുപടിയിൽ, തന്റെ മസീഹ് വാദം തെളിവുകൾ സഹിതം വിവരിക്കയും, ഉലമാക്കളുടെ ശത്രുതയേയും, ബഹുജനങ്ങളുടെ രോഷപ്രകടനങ്ങളേയും സംബന്ധിച്ച് മുന്നറിയിപ്പ് നൽകുകയും ചെയ്തു. മിസ്റ്റർ വെബ്ബിനെ നേരിട്ട് കാണുവാനുള്ള ആഗ്രഹവും അദ്ദേഹം കത്തിലൂടെ പ്രകടിപ്പിച്ചു. ഈ കത്ത് ലഭിച്ചപ്പോൾ വെബ്ബ്, ഹാജി അബ്ദുല്ലാ അറബ് സാഹിബ്, മൗലാനാ ഹസനലി സാഹിബുമായി ഈ വിഷയം സംസാരിച്ചു. പത്രം നടത്താൻ പണപ്പിരിവ് നടത്തിക്കൊണ്ടിരിക്കുന്ന സമയമായതിനാൽ, ഈയവസരത്തിൽ ഉലമാക്കളുടെ 'കുഫ്റ് ഫത്‌വ'ക്കും ബഹുജനങ്ങളുടെ കഠിനമായ എതിർപ്പിനും വിധേയനായ 'കുപ്രസിദ്ധനായ' ഒരു വ്യക്തിയെ ഖാദിയാനിൽ പോയികാണുക ഒട്ടും അഭിലഷണീയമായ കാര്യമല്ല എന്ന് അവർ വെബ്ബിനെ ഉപദേശിച്ചു. അങ്ങനെ സംഭവിച്ചാൽ, തങ്ങൾ ഒരുക്കൂട്ടുന്ന പദ്ധതികളാകെ പൊളിയുമെന്നും, ഇത്ര ബുദ്ധിമുട്ടു സഹിച്ച് സ്വന്തം ജോലിപോലും ഉപേക്ഷിച്ച് അമേരിക്കയിൽനിന്ന് ഇന്ത്യയിലേക്ക് വന്ന വെബ്ബിന്റെ ആഗ്രഹങ്ങളും പ്രതീക്ഷകളുമൊക്കെ അതോടെ തകർന്നുപോകുമെന്നും അവർ അറിയിച്ചു. പണപ്പിരിവുതന്നെ പാടെനിന്നുപോവുമെന്ന ആശങ്കയായിരുന്നിരിക്കണം മുഖ്യമായും സംഘാടകരെ അലട്ടിയത്.

വെബ്ബ് തീർത്തും നിസ്സഹായവസ്ഥയിലായി. ഖാദിയാനിൽ പോയി, ഹസ്റത്ത് അഹ്മദ്(അ)നെ കാണുവാനുള്ള പദ്ധതി, ഖേദപൂർവ്വംതന്നെ അദ്ദേഹത്തിന് ഉപേക്ഷിക്കേണ്ടിവന്നു. ഇന്ത്യയിലെ വിവിധ നഗരങ്ങളിൽ സന്ദർശനം നടത്തിയശേഷം അദ്ദേഹം അമേരിക്കക്ക് മടങ്ങിപ്പോവുകയും ചെയ്തു.

അമേരിക്കയിലെത്തിയ വെബ്ബ്, അവിടെ തബ്ലീഗ് പ്രവർത്തനങ്ങൾ ആരംഭിച്ചു. എന്നാൽ, ദൈവത്തിന്റെ സത്യദാസന്റെ സഹായവും ആശിർവാദങ്ങളും ഒഴിവാക്കിക്കൊണ്ടുള്ള ആ പ്രവർത്തനങ്ങൾ വിജയിച്ചില്ല. മാത്രമല്ല സാമ്പത്തിക സഹായവാഗ്ദാനങ്ങൾ ചെയ്ത ഇന്ത്യയിലെ പ്രമുഖന്മാരൊക്കെ പിന്തിരിയുകയും, ജോലി രാജിവെച്ചതിലൂടെ അമേരിക്കയിൽ ജീവിക്കുവാൻപോലും വരുമാനമില്ലാതെ വെബ്ബ് കഷ്ടപ്പെടുകയും ചെയ്തു. അത്യധികമായ വിഷമങ്ങളും പ്രയാസങ്ങളും അദ്ദേഹത്തെ വലയം ചെയ്തു. ഇന്ത്യവരെ പോയിട്ടും ചില തൽപ്പരകക്ഷികളുടെ സമ്മർദ്ദത്തിനു വഴങ്ങി ഹസ്റത്ത് അഹ്മദ്(അ)നെ ഖാദിയാനിൽപോയി സന്ദർശിക്കാൻ കഴിയാത്തതിലുള്ള കുറ്റബോധം വെബ്ബിനെ വല്ലാതെ അലട്ടി. ഹസ്റത്ത് അഹ്മദിന്റെ പ്രിയ ശിഷ്യനായ മുഫ്ത്തി മുഹമ്മദ് സാദിഖ് സാഹിബിന് മിസ്റ്റർ വെബ്ബ് അയച്ച ഒരു കത്തിൽ, ഈ വിഷയത്തിലുള്ള തന്റെ അഗാധമായ പശ്ചാത്താപം പ്രകടിപ്പിക്കപ്പെട്ടിരുന്നു. ഇന്ത്യയിൽ പോയപ്പോൾ അവിടത്തെ മുസ്‌ലിംസഹോദരങ്ങൾ തന്നെ എല്ലാതരത്തിലും സഹായിക്കുമെന്ന ധാരണ തികച്ചും അസ്ഥാനത്തായിപ്പോയി എന്നും, ആ 'ഈമാനില്ലാത്ത' മുസ്‌ലിംകൾ തന്റെ എതിരാളികളായി ചമയുകയാണുണ്ടായതെന്നും വെബ്ബ് കത്തിൽ അനുസ്മരിച്ചു. തന്റെ പേരിൽ, അമേരിക്കയിൽ ഇസ്‌ലാമത പ്രചാരണം നടത്തുന്നതിന് പത്രം തുടങ്ങാൻ എന്ന പേരിൽ പണപ്പിരിവ് നടത്തുക എന്ന ഒറ്റലക്ഷ്യം മാത്രമേ മതനേതാക്കളിൽ താൻ കണ്ടുള്ളൂവെന്നും അദ്ദേഹം ആ കത്തിൽ എഴുതിയിരുന്നു.

ഇതിനുശേഷം, മരണംവരെ വെബ്ബ് ഹസ്റത്ത് അഹ്മദുമായും ഖാദിയാനുമായും ബന്ധം പുലർത്തിക്കൊണ്ടിരുന്നു. വെബ്ബ് മുഖേന മറ്റുപലരും ഇസ്‌ലാം മതം സ്വീകരിക്കുകയുമുണ്ടായി.

ഹസ്റത്ത് അഹ്മദുൽ ഖാദിയാനിയും മിസ്റ്റർ അലക്സാണ്ടർ റസ്സൽ വെബ്ബും തമ്മിൽ കണ്ടുമുട്ടുന്നതിന് തടസ്സം നിന്നതും അദ്ദേഹത്തോട് ഹസ്റത്ത് അഹ്മദിനെപ്പറ്റി തെറ്റുധാരണ പുലർത്തുന്നനിലയിൽ ദുരഭിപ്രായം പറഞ്ഞതും അൽഹാജ് അബ്ദുല്ലാഹ് അറബ് സാഹിബും മൗലാനാ ഹസൻഅലി സാഹിബും ആയിരുന്നുവല്ലോ. അവരാണ് കാലത്തിന്റെ ഇമാമിൽ നിന്ന് ആദ്യത്തെ അമേരിക്കൻ മുസ്‌ലിമിനെ അകറ്റുവാൻ ശ്രമിച്ചത്. അവരിരുവരും ഒടുവിൽ ഹസ്റത്ത് അഹ്മദ്(അ)ന്റെ ഭക്തശിഷ്യന്മാരായി മാറുകയും, ആ ദിവ്യപുരുഷന്റെ ആഗ്രഹനിവൃത്തിക്കായി തങ്ങളുടെ ജീവിതംതന്നെ അർപ്പിക്കുകയും ചെയ്തു. തീർച്ചയായും ഇത്, ദൈവികമായ ഒരു പ്രവൃത്തിയല്ലെങ്കിൽ മറ്റെന്താണ്.

അങ്ങനെ ജൂൺ 23-ന് വ്യാഴാഴ്ച അമേരിക്കയിലെ ആദ്യത്തെ അഹ്മദിമുസ്‌ലിം ജീവിച്ചിരുന്ന ന്യൂയോർക്കിൽ ഞാൻ കാലുകുത്തിയപ്പോൾ മിസ്റ്റർ വെബ്ബിന്റെ ഓർമ്മകൾ എന്റെ ഈ യാത്രയിലുടനീളം എനിക്ക് കൂട്ടായി എന്നോടൊപ്പം ഉണ്ടായിരുന്നു.

**മുനീർ അഹ്മദ് ഖാദിം,**
എഡിറ്റർ ബദ്ർ, ഖാദിയാൻ

യാത്രാ വിവരണം

# ഹൃദയഹാരിയായ കേരളത്തിലൂടെ

**ഹൈ**ദരബാദിൽനിന്ന് ഉച്ചയ്ക്ക് കൃത്യം 12 മണിക്ക് ഞങ്ങളുടെ തീവണ്ടി പുറപ്പെട്ടു. പിറ്റേദിവസം രാവിലെ പാലക്കാട് സ്റ്റേഷനിലെത്തി. ഭാരതത്തിന്റെ തെക്കേഅറ്റത്ത് സമുദ്രതീരത്തായി സ്ഥിതിചെയ്യുന്ന ഒരു ചെറിയ സംസ്ഥാനമാണ് കേരളം. മനോഹരമായ തെങ്ങിൻതോട്ടങ്ങളും റബ്ബർതോട്ടങ്ങളും ഇടതൂർന്ന് വളർന്നുനില്ക്കുന്ന സ്ഥലമാണിത്. ഏലം, അടയ്ക്ക, കറുവ തുടങ്ങിയവയും ഇവിടെയുണ്ട്. തോട്ടങ്ങളുടെ മധ്യത്തിൽ നിലകൊള്ളുന്ന വീട് സ്വർഗ്ഗത്തിന്റെ കാഴ്ചയാണ് പ്രദാനം ചെയ്യുന്നത്. വിഭജനത്തിനു ശേഷം 1956-ൽ നിലവിലെ ഈ രൂപം സ്വീകരിച്ചിട്ടുള്ള കേരളത്തിനു 1992-ലെ കാനേഷുമാരി കണക്കനുസരിച്ച് നൂറുശതമാനം സാക്ഷരത കൈവരിച്ചിട്ടുള്ള സംസ്ഥാനം എന്ന പ്രത്യേകതയുണ്ട്. ഇവിടത്തെ ജനസംഖ്യ ഏകദേശം നാലുകോടിയാണ്. സംസ്ഥാനത്തെ ഓരോ വീട്ടിൽനിന്നും കുറഞ്ഞത് ഒരാൾ മിഡിൽ ഈസ്റ്റിലോ അല്ലെങ്കിൽ മറ്റേതെങ്കിലും രാജ്യങ്ങളിലോ വസിക്കുന്നുണ്ട്. ഇങ്ങനെ നോക്കുമ്പോൾ ഏകദേശം ഒരുകോടി ആളുകൾ തൊഴിലിനും ഉപജീവന സമ്പാദനത്തിനുമായി വിദേശത്ത് കഴിയുന്നുണ്ട്. ഇക്കാരണത്താൽ ഇവിടത്തെ വീടുകളിൽ ഐശ്വര്യവും വിദേശനിർമ്മിത സാധനങ്ങളുടെ ഉപയോഗവും പ്രത്യേകമായ നിലയിൽ കാണാം. എല്ലായിടത്തും സ്കൂളുകളും കോളേജുകളും ആശുപത്രികളും ആധുനിക ഫാക്ടറികളും വലവീശിയിരിക്കുന്നു.

കേരളത്തിൽ മാത്രം കാണാൻകഴിഞ്ഞ ഒരുകാര്യം, സംസ്ഥാനം മുഴുവൻ ഒരു പട്ടണത്തിന്റെ പ്രതീതി ഉളവാക്കുന്നു എന്നതാണ്. മറ്റുസ്ഥലങ്ങളിൽ ദൂരെദൂരെയായി വയലുകളും വനങ്ങളും ഇടയ്ക്കിടെ ഗ്രാമങ്ങളും പട്ടണങ്ങളുമാണ് കാണാൻ കഴിഞ്ഞത്. കേരളം അങ്ങനെയല്ല. ഇതിന്റെ വടക്കേയറ്റം മുതൽ നിങ്ങൾ യാത്രചെയ്തുപോയാൽ, വഴിയുടെ ഇരുവശങ്ങളിലും ജനവാസം കാണാം. കടകളും വീടുകളും ഇടതടവില്ലാതെ നിങ്ങൾക്കു കാണാൻ കഴിയും. കണ്ണൂർ മുതൽ തിരുവനന്തപുരം വരെയുള്ള ഞങ്ങളുടെ യാത്രയിൽ ഞങ്ങൾ ഇതെല്ലാം കണ്ടതാണ്.

കേരളത്തിന്റെ സുദീർഘമായ ഭാഗം സമുദ്രതീരമാണ്. അതുകൊണ്ട് നല്ലൊരു വിഭാഗം ജനങ്ങൾ സമുദ്രതീരത്ത് വസിക്കുന്നവരാണ്. അവരിൽ അധികം പേരും മുക്കുവന്മാരാണെന്നത് പ്രകടമാണ്. അവർ രാപ്പകൽ വള്ളത്തിലിരുന്ന് കടലിൽ വലയിട്ട് മത്സ്യം പിടിക്കുന്നു. അത് വിറ്റാണ് അവർ ഉപജീവനം കഴിക്കുന്നത്. ഞങ്ങളും ചില സ്ഥലങ്ങളിലെ സമുദ്രതീരത്ത് പോകുകയുണ്ടായി. കണ്ണൂരിലേയും കൊച്ചിയിലേയും കടൽത്തീരത്തെ മനോഹാരിത ഞങ്ങൾ ആസ്വദിച്ചു. കൊച്ചിയിൽ, തടാകരൂപത്തിൽ കടൽ ഉള്ളിലേക്ക് കയറിനില്ക്കുന്നു. നല്ല ആഴമുള്ളതുകൊണ്ട് കപ്പലുകൾ പട്ടണത്തിന്റെ വളരെ അടുത്തെത്തുന്നു. എറണാകുളത്തിന്റെ തെക്കേയറ്റത്ത് സ്ഥിതിചെയ്യുന്ന കൊച്ചിൻ ഷിപ്പിയാർഡ് ഇന്ത്യയിലെ ഏറ്റവും വലുതാണ്. സ്റ്റീമറിലിരുന്ന് വിശാലമായ സമുദ്രത്തിന്റെ തിരമാലകൾ കണ്ട് അല്ലാഹുവിന്റെ ശക്തിപ്രഭാവത്തെ ഞങ്ങൾ സ്മരിച്ചു. മൂന്നുമണിക്കൂറോളം ഞങ്ങൾ ബോട്ടിംഗ് നടത്തി. ഉച്ചഭക്ഷണം കഴിച്ചതും സ്റ്റീമറിൽതന്നെയായിരുന്നു. വാസ്തവത്തിൽ കേരള മജ്ലിസ് അൻസാറുല്ലാഹ് സംഘടിപ്പിച്ച ഒരു പിക്നിക്കായിരുന്നു ഇത്. സ്റ്റീമർ ഓടിയോടി കടലിലേക്കിറങ്ങി അല്പം മുന്നോട്ടുപോയപ്പോൾ അതിന്റെ ഭയാനകമായ തിരമാലകൾ സ്റ്റീമറിനേയും അതിലെ യാത്രക്കാരേയും തന്റെ ശക്തി ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. സ്റ്റീമർ അവിടെനിന്ന് തിരിച്ച് കായലിൽ ഏകദേശം 30, 40 കിലോമീറ്റർ യാത്ര ചെയ്ത് വീണ്ടും തീരത്തുവന്നു. ആ കായലിന് ചുറ്റും വലിയൊരു ജനവിഭാഗം വസിക്കുന്നുണ്ട്.

ഈശ്വരശക്തിയുടെ മറ്റൊരു ശില്പകലയും കേരളത്തിലുണ്ട്. ഇവിടത്തെ മലകളിൽനിന്ന് ഉത്ഭവിക്കുന്ന നാല്പതോളം നദികൾ, വലിയ വലിയ ഗ്രാമങ്ങളിലൂടേയും നഗരങ്ങളിലൂടേയും ഒഴുകി, ഒഴുകി ഇന്നത്തെ അഭിവൃദ്ധമനുഷ്യനുനേരെ മുഖം കോട്ടി കാണിച്ച് കടലിൽപ്പോയി ലയിക്കുന്നു. ഈശ്വരൻ എത്രമാത്രം സമൃദ്ധമായിട്ടാണ് നമുക്ക് വെള്ളത്തിന്റെ സമ്പത്ത് നല്കിയിട്ടുള്ളത്. പക്ഷേ, ഇന്നും ദാഹിക്കുന്ന എല്ലാവർക്കും അതിന്റെ അനുഗ്രഹം എത്തിക്കാൻ തക്കവണ്ണം നാം വളർന്നിട്ടില്ല. കേരളത്തിലും, അയൽസംസ്ഥാനമായ തമിഴ്നാട്ടിലും നൂറുകണക്കിന് ഗ്രാമങ്ങളിലും ചെന്നൈനഗരത്തിൽതന്നെയും വെള്ളം ലഭിക്കാത്ത കാരണത്താൽ ജനങ്ങൾ ബുദ്ധിമുട്ടുന്നു. ആകാശങ്ങളിൽ എത്തിനോക്കാനുള്ള സ്വപ്നങ്ങൾ ഉപേക്ഷിച്ചുകൊണ്ട്, ദരിദ്രരായ മനുഷ്യരുടെ ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി ഈ ഒഴുകി കടലിൽ പതിക്കുന്ന ജലസമ്പത്തിനെ ഉപയോഗാധീനമാക്കാനുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നല്കുന്ന അവസ്ഥ എപ്പോഴാണ് കാണുക! എപ്പോഴാണ് നാം ആ വഴിക്ക് ചിന്തിക്കുക!

എന്തായാലും ഇപ്പോൾ ഈ ചർച്ച വിട്ടുകൊണ്ട് കണ്ണൂരിലെ ഒരു കോട്ടയെക്കുറിച്ച് പറയട്ടെ. അസറിനു ശേഷം വെയിലൊന്നു മങ്ങിയപ്പോൾ ഞങ്ങൾ സുപ്രസിദ്ധമായ സെന്റ് ആൻജലോ ഫോർട്ടിലെത്തി. ഈ കോട്ട സമുദ്രതീരത്താണ് സ്ഥിതിചെയ്യുന്നത്. സമുദ്രത്തിലെ ഭയജനകമായ തിരമാലകൾ രാപ്പകൽ ഇതിന്റെ ശക്തമായ ഭിത്തികളിൽ വന്നലയ്ക്കുന്നു. വന്നുംപോയുമിരിക്കുന്ന വിനോദസഞ്ചാരികളെ തന്റെ ശക്തി വിളിച്ചറിയിക്കുന്നു. കോട്ടയുടെ ഭിത്തിയിൽ

കയറിനിന്നുകൊണ്ട് അങ്ങകലെവരെ വിശാലമായിക്കിടക്കുന്ന സമുദ്രങ്ങളും ഞങ്ങൾ നോക്കിക്കണ്ടു; സർവ്വത്ര വെള്ളം! രാത്രിയുടെ പ്രാരംഭഇരുട്ടിൽ ഒരു കറുത്ത പുതപ്പുപോലെ അത് തോന്നി. സെന്റ് ആഞ്ചലോ കോട്ട 1505-ൽ ഒരു പോർട്ടുഗീസു വൈസ്രോയിയാണ് നിർമ്മിച്ചത്. പിന്നീട് ബ്രിട്ടീഷുകാർ അതിനെ തങ്ങളുടെ സൈനികതാവളമാക്കി. ഇപ്പോൾ ഒരു സ്മാരകമെന്നനിലയിൽ വിനോദസഞ്ചാരികൾക്കായി കേരളസർക്കാർ അതിനെ സംരക്ഷിച്ചുപോരുന്നു.

കേരളത്തിലെ ജനങ്ങൾ പൊതുവെ മെലിഞ്ഞവരാണ്. പുരുഷന്മാർ വെള്ളമുണ്ടും ഷർട്ടും ധരിക്കുന്നു. ജോലി ചെയ്യുമ്പോഴും നടക്കുമ്പോഴും മുട്ടുവരെ മടക്കിക്കുത്താറുണ്ട്. സ്ത്രീകൾ മുമ്പേ ബ്ലൗസും സാരിയുമായിരുന്നു അണിഞ്ഞിരുന്നത്. പക്ഷേ, ഇപ്പോൾ പഞ്ചാബിസ്റ്റൈലിൽ സൽവാർ കമ്മീസ് തട്ടം അണിയുന്ന രീതി വർദ്ധിച്ചുവരികയാണ്. സ്തുത്യർഹമായൊരു കാര്യം, ഇവിടത്തെ സ്ത്രീകൾ ഉത്തരേന്ത്യൻ പട്ടണങ്ങളിലെ പോലെ പകുതി തുറന്നുകിടക്കുന്ന വസ്ത്രങ്ങൾ ധരിക്കുന്നേയില്ല എന്നതാണ്. ഇന്ത്യയിലെ ചില സംസ്ഥാനങ്ങളിൽ, ഉദാഹരണത്തിന് പഞ്ചാബ്, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളിൽ ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും ജനനത്തോതിലുള്ള സന്തുലിതാവസ്ഥ ദ്രുതഗതിയിൽ തെറ്റിക്കൊണ്ടിരിക്കുകയാണ്. പെൺകുട്ടികളെ ജനനത്തിനുമുന്നേ കൊന്നുകളയുന്നു. പക്ഷേ, കേരളത്തിൽ ഇങ്ങനെയില്ല. എല്ലായിടത്തും പുരുഷന്റേയും സ്ത്രീയുടേയും ജനനത്തോത് ക്രമമായി നില്ക്കുന്നു.

ഈയടുത്ത് നടന്ന ഒരു സർവേ അനുസരിച്ച് ഈ സംസ്ഥാനം കൈക്കൂലി എന്ന മാരകരോഗത്തിൽനിന്ന് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് രക്ഷപ്പെട്ടിരിക്കുന്നു എന്നതാണ് മറ്റൊരു പ്രത്യേകത. കൈക്കൂലിയിൽ ഏറ്റവും മുന്നിൽ ബീഹാറാണെങ്കിൽ ഏറ്റവും പിന്നിൽ കേരളമാണ്.

ഭക്ഷണത്തെ സംബന്ധിച്ച് പറഞ്ഞാൽ, നിങ്ങൾക്ക് എല്ലാ ഭക്ഷണത്തിനോടൊപ്പം മത്സ്യം പ്രത്യേകിച്ച് ചെമ്മീൻ ലഭിക്കുന്നതാണ്. ചെമ്മീൻ ഉണക്കിയും ഉപയോഗിക്കാറുണ്ട്. ഇഡ്ഢലി, ദോശ, പത്തിരി, ചോറ് തുടങ്ങിയവ ഇവിടത്തെ ഇഷ്ടഭക്ഷണമാണ്. വെളിച്ചെണ്ണയാണ് പാചകത്തിനായി ഉപയോഗിക്കുന്നത്. കേരളത്തിൽ മറ്റൊരു നല്ല സമ്പ്രദായമുണ്ട്. അതായത്, ചെരുപ്പുകൾ വീടിനുവെളിയിൽ വെച്ചുകൊണ്ടാണ് ഇവിടത്തുകാർ വീട്ടിൽ കയറുന്നത്. ഇതുമുഖേന വീടുമുഴുവൻ വൃത്തിയായിരിക്കും. പൊടിപടലങ്ങളോ മറ്റോ ഒട്ടും ഉണ്ടാകുകയില്ല. എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടുംകൂടിയാണ് ഇവിടെ വീടുകൾ നിർമ്മിക്കുന്നത്.

മുസ്‌ലിംകളുടെ നല്ലൊരു ജനവാസം കേരളത്തിലുണ്ട്. വലിയ വലിയ പള്ളികളും മദ്രസകളും ഇവിടെ കാണാം. കേരളത്തിലെ മുസ്‌ലിംകൾ വിദ്യാസമ്പന്നരാണ്. അനഹ്മദി മുസ്‌ലിംകൾ, യു.പി. ബീഹാർ തുടങ്ങിയ സ്ഥലങ്ങളിലെ ദേവബന്തി മുസ്‌ലിംകളെപോലെ തീവ്രതയുള്ളവരല്ല. ഭിന്നിപ്പുള്ള വിഷയങ്ങൾ എഴുത്തിലൂടെയും പ്രഭാഷണങ്ങളിലൂടെയുമാണ് പ്രകടിപ്പിക്കുന്നത്. അനഹ്മദി പ്രസംഗിക്കുന്നതിനടുത്ത് ഏതെങ്കിലും അഹ്മദിപണ്ഡിതൻ പ്രസംഗിക്കുകയാണെങ്കിൽ അവർക്കതിൽ ആക്ഷേപമൊന്നുമില്ല. ഇവിടെ ഒരു പ്രത്യേകമായ വേഗതയിൽ- അതിൽ ഒരു നൈരന്തര്യമുണ്ട്- അനഹ്മദികളായ ആളുകൾ അഹ്മദിയ്യത്തിൽ ചേർന്നുകൊണ്ടിരിക്കുന്നു. കുടുംബക്കാരാരുമില്ലാതെ തനിച്ച് ജമാഅത്തിൽ ചേർന്നിട്ടുള്ള നിരവധി സുഹൃത്തുക്കളെ കാണാനും സംസാരിക്കാനും എനിക്ക് അവസരം ലഭിച്ചു. തനിച്ചാണെങ്കിലും അവർ ദൃഢതയോടെ ജമാഅത്തിൽ നിലകൊള്ളുന്നു. അൽഹംദുലില്ലാഹ്. കേരളത്തിലെ അഹ്മദിയ്യാ ജമാഅത്തിന് ഒരുനൂറ്റാണ്ടത്തെ പഴയചരിത്രമുണ്ട്. അഹ്മദിയ്യത്ത് സ്വീകരിച്ച ആദ്യവ്യക്തികളിൽ ആദരണീയരായ അബ്ദുൽ ഖാദിർകുട്ടി സാഹിബിന്റേയും മുഹ്‌യിദീൻകുട്ടി സാഹിബിന്റേയും പേരുകൾ മുന്നിൽ നില്ക്കുന്നു. ആരംഭകാലത്ത് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബാക്കളും തങ്ങളുടെ സാന്നിധ്യം കൊണ്ട് ഈ മണ്ണിന് അഭിമാനം പ്രദാനം ചെയ്തു. പിന്നീട് ഒരു സുദീർഘകാലം തബ്‌ലീഗിന്റേയും തർബിയ്യത്തിന്റേയും ആത്മീയമായ ഉണർവ്വിന്റേയും ഒരു പരമ്പര കേരളമണ്ണിൽ നടന്നു. ഇതിന്റെ ഫലമായി നാല്പതിലധികം ജമാഅത്തുകൾ ഇവിടെ അങ്ങോളമിങ്ങോളം രൂപംകൊണ്ടു. നൂറുകണക്കിന് ആത്മാർത്ഥരായ അഹ്മദികൾ ഇവിടെയുണ്ട്. ഇപ്പോൾ ***മാശാഅല്ലാഹ്*** വിവിധ സ്ഥലങ്ങളിൽ പള്ളികളും മിഷൻ ഹൗസുകളും ഉയർന്നുകഴിഞ്ഞു. നാല് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ ഫള്‌ലെ ഉമർ സ്കൂൾ എന്ന പേരിൽ വിജയകരമായി നടന്നുവരുന്നു. ഇവിടെ അഹ്മദികളും അനഹ്മദികളും ക്രിസ്ത്യാനികളും ഹിന്ദുക്കളും മതപരമോ ജാതിപരമോ ആയ ഒരു വ്യത്യാസവും കൂടാതെ പഠിക്കുന്നു.

കോഴിക്കോട്ടെ പള്ളിയും മിഷൻഹൗസും നല്ല വിശാലവും മനോഹരവുമാണ്. ഇതിനോടു ചേർന്ന് വലുതായൊരു ലൈബ്രറിയുമുണ്ട്. ഇവിടെവെച്ചാണ് സൂബായ് അമീർ എ.പി. കുഞ്ഞാമുസാഹിബുമായും കേരള ഇൻചാർജ് മുബല്ലിഗ് മൗലാനാ മുഹമ്മദ് ഉമർ സാഹിബുമായും കൂടിക്കാഴ്ച നടന്നത്. രണ്ടുപേരും വളരെ സ്നേഹാദരവോടെ പെരുമാറുകയുണ്ടായി. ***ഫജസാഹുമല്ലാഹുതആല അഹ്സനുൽ ജസാ.***

ഇവിടത്തെ ഒരു പള്ളിനിർമ്മാണ സംഭവം വളരെ കൗതുകകരവും വിശ്വാസത്തെ ദൃഢീകരിപ്പിക്കുന്നതുമായിരുന്നു. മുറിയക്കണ്ണി എന്ന സ്ഥലത്തെ സഹോദരങ്ങൾ ചെറുതെങ്കിലും അതീവമനോഹരമായ ഒരു പള്ളി കാണിച്ചുതന്നു. ചെറിയൊരു കുന്നിന്റെമേൽ ആ പള്ളിനിർമ്മിക്കാനുള്ള കാരണം അവർ പറയാൻ തുടങ്ങി. ഈ സ്ഥലത്തുവെച്ച് വർഷങ്ങൾക്കു മുമ്പേ നമ്മുടെ ഒരു മുബല്ലിഗിനെ പ്രസംഗിക്കാൻ അനുവദിക്കാതെ ഒരനഹ്മദി വളരെ മുമ്പേ പറഞ്ഞുവിടുകയുണ്ടായി. ഇന്ന് ആ വ്യക്തിയുടെ മകൻ രായുസാഹിബ് അഹ്മദിയാണെന്ന് മാത്രമല്ല, ജമാഅത്തിന്റെ പ്രസിഡന്റുമാണ്. ആ വ്യക്തിയുടെ പൗത്രൻ ടി. മൻസിൽ സാഹിബ് ജമാഅത്തിന്റെ മുബല്ലിഗുമാണ്. ആ

സംഭവം നടന്ന സ്ഥലത്താണ് ഇന്ന് ഈ ദൈവികഭവനം തലയുയർത്തി നില്ക്കുന്നത്. ഏകദൈവവിശ്വാസികളായ ആർക്കും ആരാധന നടത്താൻ ഈ പള്ളിയുടെ കവാടം തുറന്നുകിടക്കുന്നു. സുബ്ഹാനല്ലാഹ്. അഹ്മദികളുടേയും ഖിലാഫത്തിന്റെ തണലിൽ അവർക്ക് ലഭിക്കുന്ന ശിക്ഷണത്തിന്റേയും പ്രൗഢി എത്ര മഹത്തരമാണ്.

പഴയങ്ങാടിയിലും വിശാലവും മനോഹരവുമായ ഒരു പള്ളി ഈയടുത്തകാലത്ത് നിർമ്മിച്ചിട്ടുണ്ട്. ഇതിൽ പതിപ്പിച്ചിരിക്കുന്ന ചില വസ്തുക്കൾ വിദേശത്തുനിന്ന് വരുത്തിയതാണെന്നറിയാൻ കഴിഞ്ഞു.

ആറ് ദിവസത്തെ കേരള പര്യടനവേളയിൽ പതിനഞ്ച് ഇരുപത് സ്ഥലങ്ങൾ ഞങ്ങൾ സന്ദർശിക്കുകയുണ്ടായി. ജമാഅത്തിലെ സ്നേഹിതന്മാരുമായി സ്നേഹനിർഭരവും ഊഷ്മളവുമായ കൂടിക്കാഴ്ചയ്ക്കുള്ള സന്ദർഭവും ലഭിച്ചു. പള്ളികൾ കാണാനും തർബിയ്യത്ത് മീറ്റിംഗുകളിൽ പങ്കെടുക്കാനും അവസരമുണ്ടായി. കേരളത്തിലെ ജമാഅത്തംഗങ്ങൾ അങ്ങേയറ്റം ആത്മാർത്ഥതയുള്ളവരും മതപരമായ ബോധമുള്ളവരും ധനത്യാഗം ചെയ്യുന്നവരും അഹ്മദിയ്യാ ഖിലാഫത്തിൽ അനുരക്തരും അതിന്റെ ആജ്ഞാനുസാരികളുമാണെന്ന് എനിക്ക് കാണാൻ കഴിഞ്ഞു. അവരിൽ അധികമാളുകൾക്കും ഉർദു ഭാഷ സംസാരിക്കാൻ അറിയില്ല. പക്ഷേ, മുമ്പെങ്ങോ അകന്നുപോയ രണ്ട് സഹോദരങ്ങൾ വർഷങ്ങൾക്കുശേഷം കണ്ടുമുട്ടുമ്പോൾ, അവർക്കുണ്ടാകുന്ന സന്തോഷത്തോടെയാണ് ഇവർ പരിചയപ്പെടുന്നത്. ഇതുതന്നെയാണ് പ്രവാചകന്മാർ വന്നുകഴിഞ്ഞാൽ സത്യവിശ്വാസികളുടെ ജമാഅത്തിൽ കാണാൻ കഴിയുന്ന കാഴ്ചയും. വിശുദ്ധഖുർആനിൽ ഇതിനെക്കുറിച്ച് പറഞ്ഞിട്ടുള്ളത് ***ഫഅസ്ബഹത്തും ബി നിഅ്മത്തിഹി ഇഖ്വാന*** (അല്ലാഹുവിന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു) എന്നാണ്. വായന ഇഷ്ടപ്പെടുന്നവരാണ് കേരളത്തിൽ അധികവും. അതുകൊണ്ടുതന്നെ ഈ സംസ്ഥാനത്തിൽ ജമാഅത്തിന്റെ ഒരുപാട് പ്രസിദ്ധീകരണങ്ങളുണ്ട്. സത്യദൂതൻ മാസിക എഴുപത് വർഷത്തിലധികമായി നടന്നുവരുന്നു. മിനാറത്ത് എന്ന ഇംഗ്ലീഷ് ത്രൈമാസികക്കുപുറമെ ശാഖാ സംഘടനകൾ നടത്തുന്ന പ്രസിദ്ധീകരണങ്ങളുമുണ്ട്. മജ്‌ലിസ് അൻസാറുല്ലാഹ് മുൻകേരള നാസിം ബിഎം കോയാസാഹിബിന്റെ സ്മരണ നിലനിർത്തുന്ന 'സത്യമിത്രം' എന്ന ദ്വൈമാസികയും ഇതിൽപെടുന്നു. വളരെ വിജയകരമായി അത് പ്രസിദ്ധീകരിച്ചുവരുന്നു. ഇതിനുപുറമെ മലയാള ഭാഷയിൽ ഹദീസുകളുടേയും ഹസ്റത്ത് അഹ്മദ്(അ)ന്റെ ഗ്രന്ഥങ്ങളുടേയും തർജ്മയും നടന്നുവരുന്നുണ്ട്. ജമാഅത്തിന്റെ മറ്റ് ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചുവരുന്നു. പര്യടനവേളയിൽ പഴയങ്ങാടി ജമാഅത്തിന്റെ അമീറായ കുഞ്ഞഹ്മദ് സാഹിബ് താൻ തർജ്മ ചെയ്ത് പ്രസിദ്ധീകരിച്ച 'ശറഹുൽ ഖസീദ' എന്ന പുസ്തകം കാണിക്കുകയുണ്ടായി. ഹസ്റത്ത് അഹ്മദ്(അ) നബി തിരുമേനിയെ പ്രകീർത്തിച്ചുകൊണ്ടെഴുതിയ '***യാ അയ്ന ഫയ്ളില്ലാഹി വൽഇർഫാനി*** എന്ന ഖസീദയുടെ അർത്ഥവും അതിന് മൗലാനാ ജലാലുദ്ദീൻ സാഹിബ് ശംസ് ഉർദുവിൽ രചിച്ച വ്യാഖ്യാനത്തിന്റെ തർജ്മയുമാണിത്.

കണ്ണൂരിലെ എ.പി.അബ്ദുർ റഹീം സാഹിബിനേയും കാണാൻ കഴിഞ്ഞു. പ്രമേഹരോഗം കൂടിയ കാരണത്താൽ അദ്ദേഹത്തിന്റെ ഒരു കാൽ മുറിക്കേണ്ടിവന്നെങ്കിലും കസേരയിലിരുന്നുകൊണ്ട് അദ്ദേഹം ഇപ്പോൾ ജീവിതം കഴിച്ചുവരികയാണ്. പക്ഷേ, തന്റെ രോഗത്തിലേക്ക് മറ്റുള്ളവർക്ക് ശ്രദ്ധിക്കാൻ ഇടകൊടുക്കാതെ മന്ദസ്മിതത്തോടും സന്തോഷത്തോടും കൂടി അദ്ദേഹം സന്ദർശകരെ സ്വാഗതം ചെയ്യുന്നു. ഇനിയുള്ള കാലം ജമാഅത്തിന്റെ ഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്ത് കഴിയുകയെന്നതാണ് തന്റെ ഉദ്ദേശ്യമെന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹം, 'ഇന്ത്യയുടെ സ്വാതന്ത്ര്യവും അഹ്മദിയ്യാ ജമാഅത്തും' എന്ന തലക്കെട്ടിൽ ബദ്ർ പത്രത്തിൽ പ്രസിദ്ധീകരിച്ചുവന്ന എഡിറ്റോറിയലിന്റെ തർജമ ചെയ്തുവരികയാണിപ്പോൾ.

ഈ പര്യടനവേളയിൽ എന്നെ അങ്ങേയറ്റം സ്വാധീനിച്ച ഒരു പ്രത്യേക കാര്യവും എനിക്ക് കാണാൻകഴിഞ്ഞു. അതെന്താണെന്നുവെച്ചാൽ ഇവിടെ ഖലീഫത്തുൽ മസീഹ് (അയ്യദഹുല്ലാഹുതആല)ന്റെ ഖുത്ബ ജുമായുടെ മലയാളപരിഭാഷ അടുത്ത ജുമുഅയ്ക്കു മുമ്പേ എല്ലാ ജമാഅത്തുകളിലും എത്തിക്കുന്നു എന്നതാണ് അത്. ആ ഖുത്ബയാണ് അടുത്തജുമുആയിൽ എല്ലാ പള്ളികളിലും കേൾപ്പിക്കുന്നത്. ഇതിൽ ഇവിടെത്തെ സംഘാടകരും മുബല്ലിഗുമാരും പ്രത്യേകിച്ച് മൗലാനാ മുഹമ്മദ് ഇസ്മായിൽ ആലപ്പിസാഹിബ് കൃതജ്ഞത അർഹിക്കുന്നു. അവർ കഠിനാധ്വാനത്തോടെ തർജമയുടെയും അതിന്റെ അച്ചടിയുടെയും ജോലി ചെയ്തുവരുന്നു. ജൂൺ 3-ന് ഖലീഫത്തുൽ മസീഹ് ചെയ്ത ജുമുആ ഖുത്ബയുടെ മലയാള പരിഭാഷ കണ്ണൂരിലെ ടൗൺ പള്ളിയിൽവെച്ച് ജൂൺ 10-ാം തിയ്യതി ഞങ്ങൾ കേട്ടു. ഞങ്ങൾക്ക് മലയാളം അറിയുകയില്ലെന്നത് ശരിതന്നെ. പക്ഷേ, അല്ലാഹുവിന്റെ ഈ ഔദാര്യത്തിന് അവന് ശുക്ർ ചെയ്തുകൊണ്ട് പറയട്ടെ, ആത്മാർത്ഥരായ അഹ്മദികൾ തങ്ങളുടെ ഇമാമിന്റെ നിർദ്ദേശങ്ങൾ ചെവിയോർത്തിരിക്കുകയും ശ്രദ്ധയോടെ അത് കേൾക്കുകയും ചെയ്യുന്നു. ***ഫ അൽഹംദുലില്ലാഹി അലാദാലിക്***.

ഈ പര്യടനവേളയിൽ പി.പി.നാസിറുദ്ദീൻ സാഹിബ്, സജിത് പടിയത്ത് സാഹിബ്, യു. മൻസൂർ സാഹിബ്, സലിം സാഹിബ്, ജമീൽ സാഹിബ്, പി. അഹ്മദ് സയിദ് സാഹിബ്, സി.കെ. അബ്ദുൽ ഗഫൂർ സാഹിബ്, പി.പി. ഹസ്സൻകോയാ സാഹിബ്, എം.കെ. അബ്ദുൽ അസീസ് സാഹിബ് തുടങ്ങിയവരുടെ പ്രത്യേക സഹകരണം ഉണ്ടായിരുന്നു. യു. മൻസൂർ സാഹിബ് ഞങ്ങളെ യാത്രയയക്കാൻ കന്യാകുമാരിവരെ വന്നിരുന്നു. ഫ ജസാഹുമുല്ലാഹു അഹ്സനുൽ ജസാഅ് (*ബദ്ർ, 2005 ജൂലൈ 26. വിവ: ഇസ്മായിൽ*)

ലേഖനം

ഉമർ പാറപ്പുറത്ത്

# സ്നേഹത്തിന്റെ അന്തർദേശീയത

**കു**റച്ചുമുമ്പേ നടത്തിയ ദുബായ് യാത്രക്കിടെ ഉണ്ടായ ഒരനുഭവത്തെക്കുറിച്ചാണിവിടെ വിവരിക്കുന്നത്. ജമാഅത്ത് എന്നത് ആഗോളതല വ്യവസ്ഥിതിയാണെന്നും എല്ലാ അഹ്മദികളും ഈ വ്യവസ്ഥിതിയിലെ കണ്ണികളാണെന്നും പരിപൂർണ്ണമായി മനസ്സിലാക്കിത്തരുന്നതായിരുന്നു അത്. ദേശഭേദങ്ങൾക്കതീതമായി അഹ്മദികൾ സ്നേഹത്തിന്റെ പാശത്താൽ ബന്ധിതരാണ്. ഈ ബന്ധനം ഉദാത്തമായ തലത്തിലുള്ളതാണ്. എനിക്കുണ്ടായ അനുഭവം ആ സത്യത്തിന്റെ സാക്ഷിമൊഴിയാണ്.

ടിനിഡാഡ് ടുബാഗോ എന്ന ചെറുദ്വീപിൽനിന്ന് അമേരിക്കയിലേക്ക് കുടിയേറിപ്പാർത്ത അഹ്മദി ദമ്പതികളാണ് ലത്തീഫ് ഹുസൈനും, ജമീലാ ഹുസൈനും. നിരവധി എണ്ണക്കമ്പനികളിൽ ജോലി ചെയ്തിരുന്ന ലത്തീഫ് ഹുസൈൻ റിട്ടയർമെന്റിനുശേഷം വിശ്രമജീവിതം നയിക്കാൻ തിരെഞ്ഞെടുത്തത് അമേരിക്കയിലെ വിർജിനയെയാണ്. ഇരുവർക്കും ആഫ്രിക്കൻ പശ്ചാത്തലമാണെങ്കിലും ഇന്ത്യൻ വേരുകളുണ്ട്. ഏറെ വർഷങ്ങൾക്കുമുമ്പേ ഗുജറാത്തിൽനിന്നോ ലഖ്നോവിൽനിന്നോ ടാൻസാനിയായിലേക്ക് കുടിയേറിയവരാണത്രെ ഇവരുടെ പൂർവ്വികർ. ഇക്കാരണത്താൽത്തന്നെ അവരുടെ ജീവിതശൈലിയിൽ ഇപ്പോഴും ഇന്ത്യൻ സ്വാധീനം ഏറെയുണ്ട്. എന്തിന് ഭക്ഷണരീതികളിൽപോലും ഒരു ഇന്ത്യൻടച്ച് കാണാം.

ലത്തീഫ് ഹുസൈൻ അഹ്മദിയാകുന്നത് ഏറെ സാഹസികമായിട്ടായിരുന്നു. അദ്ദേഹത്തിന്റെ ക്രിസ്ത്യാനികളായ ബന്ധുക്കൾ രൂക്ഷമായിത്തന്നെ അദ്ദേഹത്തെ എതിർത്തു. എന്നാൽ അഹ്മദിയ്യത്തിനോടുള്ള ദൈവികമായ ആകർഷണം ഹുസൈനിനെ ജമാഅത്തിൽ സജീവമാക്കി. ഈ ദമ്പതികളുടെ മക്കൾ അമേരിക്കയിലാണ് വളരുന്നതെങ്കിലും പാശ്ചാത്യസംസ്കാരത്തിന്റെ ആസുരതകൾ കൂടുതലായി അവരിൽ സ്വാധീനം ചെലുത്തിയിട്ടില്ല. ജമീലാ ഹുസൈനിന്റെ സഹോദരൻ ഡോ ഖമറുദ്ദീൻ മഹ്മൂദ് അഹ്മദ് ലണ്ടനിൽ കഴിയുന്നു. അദ്ദേഹം ഖലീഫത്തുൽ മസീഹുമായി നിരന്തരം സമ്പർക്കം പുലർത്താറുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ആത്മീയമായും, ഭൗതികമായും സ്വസ്ഥതയും സമാധാനവും നിറഞ്ഞുനിന്നതായിരുന്നു ഈ അഹ്മദികളുടെ ഗൃഹാന്തരീക്ഷം. ഇത്തരമൊരു സാഹചര്യത്തിലാണ് ഹുസൈൻ ദമ്പതികൾ പരിശുദ്ധ ഹജ്ജ് കർമ്മം നിറവേറ്റാൻ തീരുമാനിച്ചത്.

ഒട്ടേറെ വിഷമം സഹിച്ചാണെങ്കിലും ഇരുവരും 2005 തുടക്കത്തിൽ ഹജ്ജ് കർമ്മം പൂർത്തിയാക്കി. പക്ഷേ, സൗദിഅറേബ്യയിലെ കാലാവസ്ഥയും യാത്രാക്ലേശവും ലത്തീഫ് ഹുസൈൻ സാഹിബിനെ ന്യൂമോണിയ ബാധിതനാക്കി. പോരാത്തതിന് മടക്കയാത്രക്കുള്ള വിമാനം കൃത്യസമയത്ത് കിട്ടിയതുമില്ല. ഇതിനിടയിലാണ് ലത്തീഫ് ഹുസൈൻ തന്റെ ഗ്രീൻകാർഡ് നഷ്ടപ്പെട്ടതായി മനസ്സിലാക്കുന്നത്. അമേരിക്കൻ പൗരത്വം ഇനിയും നേടിയിട്ടില്ലാത്ത അദ്ദേഹത്തിന് തിരികെ യു.എസ്.എയിൽ കടക്കണമെങ്കിൽ ഗ്രീൻ കാർഡ് കൂടിയേതീരൂ. അങ്ങനെ ഈ ദമ്പതികൾക്ക് യാത്ര ഇടയ്ക്കുവെച്ച് ദുബായിൽ അവസാനിപ്പിക്കേണ്ടിവന്നു. ഈ സമയം ലത്തീഫ് ഹുസൈന്റെ നില കൂടുതൽ വഷളായി. ഗുരുതരാവസ്ഥയിലെത്തിയ അദ്ദേഹത്തെ ദുബായ് ഗവ:ഹോസ്പിറ്റലിലേക്ക് മാറ്റി.

അർദ്ധരാത്രി ദുബായ് വിമാനത്താവളത്തിൽ ഒറ്റപ്പെട്ടുപോയ ജമീലാഹുസൈൻ പരിഭ്രാന്തയായി. തീരെ പരിചയമില്ലാത്ത സ്ഥലം. ഭർത്താവ് ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ. സഹായത്തിനാണെങ്കിൽ പരിചിതരായി ആരുമില്ല. അവർ തീർത്തും നിസ്സഹായയായി. ദൈവകൃപയാൽ ടിനിഡാഡിലെ അഹ്മദിയ്യാ ജമാഅത്തിന്റെ ടെലഫോൺ നമ്പർ അവരുടെ കയ്യിലുണ്ടായിരുന്നു. അതുവഴി ലണ്ടനിൽ ബന്ധപ്പെട്ട് ദുബായിലെ അഹ്മദിയ്യാ ജമാഅത്ത് അമീർ നാസിമുദ്ദീൻ സാഹിബിനെ വിവരമറിയിക്കാൻ സാധിച്ചു. ഏകയും നിസ്സഹായയുമായ ഈ സഹോദരിയുടെ കാര്യം അറിഞ്ഞയുടൻ ദുബായിലെ അഹ്മദികൾ പ്രവർത്തനനിരതരായി. അതിരാവിലെതന്നെ ജമീലാ ഹുസൈനെ ദുബായ് അമീർസാഹിബിന്റെ വീട്ടിലെത്തിച്ചു. കൂടാതെ അമേരിക്കയിലുള്ള മക്കളേയും, ലണ്ടനിലുള്ള സഹോദരനേയും വിവരമറിയിച്ചു. ആശുപത്രിയിൽ ബോധരഹിതനായി കഴിയുന്ന ലത്തീഫ് ഹുസൈൻ സഹാബിന്റെയും ഭാര്യയുടെയും സേവനത്തിനായി അനേകം അഹ്മദികൾ എത്തിക്കൊണ്ടിരുന്നു.

നിർഭാഗ്യകരമെന്ന് പറയട്ടെ ആശുപത്രിയിൽ ലത്തീഫ് ഹുസൈന്റെ നില കൂടുതൽ വഷളായി. ഒരാഴ്ചക്കുശേഷം അദ്ദേഹത്തെ അടിയന്തരശസ്ത്രക്രിയക്ക് വിധേയനാക്കി. എങ്കിലും രോഗത്തിന് മാറ്റമൊന്നും ഉണ്ടായില്ല. ക്രമേണ ശ്വാസതടസ്സം വർദ്ധിച്ചപ്പോൾ വെന്റലേറ്ററിലേക്ക് മാറ്റി. ഡോക്ടർമാർ ഏറെക്കുറെ ആശകൈവെടിഞ്ഞിരുന്നു. നിരാശാജനകമായ ഉത്തരങ്ങളായിരുന്നു അവരുടെ പക്കലുണ്ടായിരുന്നത്. ഈ വിവരങ്ങളൊക്കെയറിഞ്ഞിട്ടും ജമീലാ ഹുസൈൻ ഒരുതരത്തിലുള്ള ചാഞ്ചല്യവും പ്രകടിപ്പിച്ചില്ല. ഉള്ള് നീറിക്കൊണ്ടിരിക്കുമ്പോഴും വിവരണാതീതമായ മനക്കരുത്തോടെ അവർ ആശുപത്രിയിലും, അമീർസാഹിബിന്റെ വിട്ടിലുമായി മാറിമാറി കഴിച്ചുകൂട്ടി.

ഇതിനിടയിൽ യാത്രാരേഖകൾ ശരിയാക്കുന്നതിന് എംബസിയിലേക്ക് പോകവേ ജമീലാ ഹുസൈൻ ഉള്ളുതുറന്നു. തങ്ങൾ അഹ്മദിയ്യത്തിൽ വന്നസാഹചര്യവും, നേരിടേണ്ടിവന്ന എതിർപ്പുകളും, മസീഹ് മൗഊദിന്റെയും ഖലീഫമാരുടേയും ആത്മീയകാന്തിയും...! ഇതൊക്കെ അവർ ഇടറുന്ന വാക്കുകളോടെ പറഞ്ഞുകൊണ്ടേയിരുന്നു. ആരോരുമില്ലാതെ അപരിചിതമായ ഒരു നാട്ടിൽ ഒറ്റപ്പെട്ടുപോകേണ്ടിയിരുന്ന തങ്ങളെ സ്നേഹത്തോടെ, ഹൃദയംനിറഞ്ഞ കാരുണ്യത്തോടെ ഏറെ സഹോദരങ്ങൾ ശുശ്രൂഷിക്കുന്നു. അഹ്മദിയ്യത്തിലല്ലാതെ മറ്റെവിടെയാണ് ഇതൊക്കെ നടക്കുക. അവരുടെ കണ്ണുകൾ സജലമായി. കേട്ടുനിന്ന ഞങ്ങളൊക്കെ മസീഹ് മൗഊദിന്റെ ജമാഅത്തിൽ ജനിച്ചതിനും ആ പ്രാർത്ഥനകളുടെ അവകാശികളായതിനും അല്ലാഹുവിനോട് നന്ദി പറഞ്ഞു. ഈ സഹോദരിയുടെ വിവരണം കേട്ട അനഹ്മദിയായ ഞങ്ങളുടെ ഡ്രൈവർ കണ്ണുതുടക്കുന്നത് കണ്ണാടിയിലൂടെ ഞങ്ങളിൽ പലരും കണ്ടു.

എന്തായാലും ലത്തീഫ് ഹുസൈൻ സാഹിബിന്റെ ഭൂമിയിലെ നാളുകൾ അവസാനിച്ചിരുന്നു. 2005 ഫെബ്രുവരി 7–ാം തിയ്യതി ഉച്ചയോടെ അദ്ദേഹം അന്ത്യശ്വാസം വലിച്ചു. ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ വിവരമറിഞ്ഞ് ജമീലാ ഹുസൈൻ ഓടിയെത്തി. നിറഞ്ഞൊഴുകുന്ന കണ്ണുകളോടെ എന്നാൽ, പതർച്ച ലവലേശം കൂടാതെ അവർ പ്രിയതമന്റെ നിശ്ചേതനമായ ശരീരത്തിന്നരികെ നിൽക്കുന്നത് നൊമ്പരപ്പെടുത്തുന്ന കാഴ്ചയായിരുന്നു. ഈ കാഴ്ചയുടെ ആർദ്രതയിൽ ദുബായിലെ അഹ്മദികൾ അകലെ നിന്നെത്തിയ തങ്ങളുടെ സഹോദരിയുടെ ദുഃഖം ഹൃദയത്തിലേക്കേറ്റുവാങ്ങി.

അടുത്തദിവസം ലണ്ടനിൽനിന്ന് ജമീലയുടെ സഹോദരൻ ഡോ. ഖമറുദ്ദീൻ ദുബായിലെത്തി. പിന്നീട് അമേരിക്കയിലുള്ള മക്കളും എത്തിച്ചേർന്നു. അപ്പോൾ അടുത്തപ്രശ്നം ഉയർന്നുവന്നു. മയ്യിത്ത് എവിടെ കബറടക്കും! ടിനിഡാഡിലേക്ക് കൊണ്ടുപോകുന്നത് ആശാസ്യമല്ല. ബന്ധുക്കൾ ഇപ്പോഴും ശത്രുതയിലാണ്. അഥവാ എതിർപ്പുമാറിയാൽത്തന്നെ ക്രിസ്ത്യൻ വിശ്വാസമനുസരിച്ച് മാത്രമേ മൃതദേഹം സംസ്കരിക്കുകയുള്ളൂ. അമേരിക്കയിലേക്ക് കൊണ്ടുപോകാനും സാങ്കേതിക തടസ്സങ്ങളുണ്ട്. ഒടുവിൽ ദുബായിൽ തന്നെ കബറടക്കം നടത്താൻ തീരുമാനിച്ചു. ഈയവസരത്തിൽ ദുബായ് സന്ദർശനത്തിനെത്തിയ ഹസ്റത്ത് മിർസാ വസിം അഹ്മദ് സാഹിബിന്റെ നിർദ്ദേശവും ഇതുതന്നെയായിരുന്നു. അങ്ങനെ വലിയൊരു ജനാവലിയുടെ സാന്നിദ്ധ്യത്തിൽ ദുബായിൽ, ലത്തീഫ് ഹുസൈൻ സാഹിബിന്റെ മയ്യിത്ത് കബറടക്കി. സച്ചരിതനായ ആ മനുഷ്യന് സ്വദേശത്തിൽനിന്നു ഏറെയകലെയാണ് ആറടിമണ്ണ് ഒരുങ്ങിയത്. ദിവസങ്ങൾക്കുശേഷം ജമിലാ ഹുസൈനും മക്കളും ദുബായിൽനിന്ന് കൃതജ്ഞതാഭരിതമായ ഹൃദയത്തോടെ അമേരിക്കയിലേക്ക് തിരികെപോയി. ഇപ്പോഴവർ ആ സ്മരണകൾ അയവിറക്കി സ്വഗൃഹത്തിൽ കഴിയുന്നുണ്ടാവും.

അഹ്മദികളെ ഭൂമുഖത്ത് എവിടെയും കാണാം. പക്ഷേ, എവിടെയായാലും അവർ ഒരുവലിയ തണലിന്റെ കീഴെയാണ്. ദൈവാനുഗ്രഹത്തിന്റെ ഈ തണൽ സ്നേഹത്തിന്റെ തീവ്രമായ അനുഭൂതിയാണ്. ഏകയായിപ്പോയ ഒരു സഹോദരിയേയും കുടുംബത്തേയും സഹായിക്കാൻ ഓടിയെത്തിയ അഹ്മദികളിൽ ജ്വലിച്ചുനിന്നത് ഈ സ്നേഹത്തിന്റെ കനലാണ്. ലോകത്തിന്റെ ഏതുകോണിലായാലും ഒരഹ്മദിയും നിസ്സഹയാവസ്ഥയിൽ കഷ്ടപ്പെടേണ്ടിവരുന്നില്ല. നമ്മുടെ വ്യവസ്ഥിതിയുടെ കരങ്ങൾ അവരെ കാത്തുരക്ഷിക്കുന്നുണ്ട്. ജമീലാഹുസൈൻ പറഞ്ഞതുപോലെ അഹ്മദിയ്യത്തിൽ അല്ലാതെ മറ്റെവിടെയാണ് ഇതൊക്കെ കാണുന്നത്?

---

20-ാം പേജിൽനിന്ന്

ഒരിക്കലും ചിന്തിക്കുകപോലുമില്ല. കാരണം സമൂഹത്തിൽ എല്ലാവരുമായി നന്നായിരിക്കാൻ അല്ലാഹുവിന്റെ കല്പനയുണ്ട്. അയൽവാസിയോട് നല്ലനിലയിൽ പെരുമാറുക, വാഗ്ദാനം പാലിക്കുക, മറ്റുള്ളവർക്കുവേണ്ടി ത്യാഗം ചെയ്യുക ഇത്തരം നിരവധി കല്പനകളുണ്ട്. ഇത്തരം കാര്യങ്ങളുണ്ടെങ്കിൽ ഈമാൻ ദൃഢമായിരിക്കും. അപ്പോൾ അല്ലാഹുവിനെക്കുറിച്ചുള്ള ഭയവും മനസ്സിലുണ്ടാകും. അല്ലാഹുവിനോടുള്ള ഭയം നിമിത്തം പ്രസ്തുത പ്രവൃത്തികളും ചെയ്യുന്നുണ്ടാകും. ആരാധനാകർമ്മങ്ങളോടൊപ്പം അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുകയും ആത്മപരിശോധന നടത്തുകയും ചെയ്യുക. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ രാവിലേയും വൈകുന്നേരവും ഞാൻ ഭയന്ന് ഭയന്ന് പകൽ കഴിച്ചുകൂട്ടിയോ എന്നും തഖ്‌വയോടെ രാത്രി കഴിച്ചുകൂട്ടിയോ എന്നും പരിശോധിക്കുക. അത്തരം അവസ്ഥയുണ്ടായാൽ അത്തരക്കാരുടെ നോമ്പും സ്വീകരിക്കപ്പെടും. ലയ്‌ലത്തുൽ ഖദ്റിന്റെ ബർക്കത്തും ലഭിക്കും. ഇവരാണ് മഹത്തായ പ്രതിഫലം കരസ്ഥമാക്കുന്നവരെന്ന് അല്ലാഹു പറയുന്നു."

### ടേബിൾ ടെന്നീസ്

കണ്ണൂർ: യുവാക്കളുടേയും കുട്ടികളുടേയും ആരോഗ്യവും അവരുടെ ജമാഅത്തുമായിട്ടുള്ള ബന്ധവും സുദൃഢമാക്കുക എന്ന ഉദ്ദേശ്യത്തോടെ കണ്ണൂർ ടൗൺ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ടേബിൾ ടെന്നീസ് കളിക്കാനുള്ള സൗകര്യം മൻസൂർ ഹാളിൽ തയ്യാറാക്കിയിരിക്കുന്നു. കണ്ണൂർ ടൗൺ ജമാഅത്ത് പ്രസിഡന്റ് ജനാബ് ബി. അബ്ദുസ്സലാം സാഹിബും മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ദുബായ് (ദേര) ഖായിദ് പി.പി. നാസിർ അഹ്മദ് സാഹിബും പന്തുതട്ടി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ കണ്ണൂർ ടൗൺ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഖായിദ് ഉമർ പാറപ്പുറം അദ്ധ്യക്ഷനായിരുന്നു. മിഠായി വിതരണവും നടത്തി.

മൗലാനാ മുനീർ അഹ്മദ് ഖാദിം

# ഇന്ത്യൻ സ്വാതന്ത്ര്യവും അഹ്മദിയ്യാ ജമാഅത്തും (4)

## ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ പതനത്തെക്കുറിച്ച് പ്രവചനം

സ്വാതന്ത്ര്യത്തിനുവേണ്ടി നിലകൊണ്ടിരുന്ന സംഘടനകൾക്കും വിഭാഗങ്ങൾക്കും അവരുടെ പരിശ്രമങ്ങൾ ഏതെങ്കിലും സമയത്ത് പൂവണിയുമെന്ന് യാതൊരു ഉറപ്പും ഇല്ലായിരുന്നു. എന്നാൽ അഹ്മദിയ്യാ ജമാഅത്തിന് ഇന്ത്യൻ സ്വാതന്ത്ര്യത്തെക്കുറിച്ച് വ്യക്തമായ ഉറപ്പുണ്ടായിരുന്നുവെന്നതാണ് യാഥാർത്ഥ്യം.

1891-ലാണ് അഹ്മദിയ്യാ ജമാഅത്തിന്റെ അഭിവന്ദ്യ സ്ഥാപകർ ഹസ്റത്ത് മിർസാം ഗുലാം അഹ്മദ്(അ) താൻ മഹ്ദിയും മസീഹുമാണെന്ന് വാദിച്ചത്. അതേതുടർന്ന് രാജ്യത്ത് ആ മഹാത്മാവിന്നെതിരെ പ്രത്യേകിച്ച് മുസ്ലിം മൗലവിമാരുടെ ഭാഗത്തുനിന്ന് എതിരിൽ കൊടുങ്കാറ്റാഞ്ഞുവീശി.

ബ്രിട്ടീഷ് സാമ്രാജ്യം അതിന്റെ അഭ്യുന്നതിയിൽ വിലസുന്ന കാലത്തുതന്നെ അല്ലാഹു ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ, ബ്രിട്ടീഷ് സാമ്രാജ്യത്തിനുണ്ടാകുന്ന ശക്തിക്ഷയവും തുടർന്നുവരുന്ന അധഃപതനവും ഇൽഹാം മുഖേന അറിയിച്ചു. ഇൽഹാം ഇപ്രകാരമായിരുന്നു.

***സൽത്വനത് ബർത്വാനിയ താ ഹശ്ത്സാൽ ബഅദ് അസാൻ സുഅ്ഫോ ഫസാദോ ഇഖ്തിലാൽ***- അതായത് ബ്രിട്ടീഷ്സാമ്രാജ്യത്തിന്റെ അഭിവൃദ്ധി എട്ടു വർഷംകൂടി നിലനില്ക്കുന്നതാണ്. അതിനുശേഷം മെല്ലെ മെല്ലെ അത് ക്ഷയിക്കാൻ തുടങ്ങും. അതുകൊണ്ട് കുഴപ്പങ്ങൾ തലപൊക്കും. പിന്നെ പലതരത്തിലുള്ള ന്യൂനതകളും വെളിപ്പെടും. തുടർന്ന് അതിന്റെ അന്ത്യവും കുറിക്കും.

1885-ൽ കോൺഗ്രസ്സിന് അടിത്തറ വീണപ്പോൾ, ബ്രിട്ടീഷുകാരുടെ അഭ്യുന്നതിയും അഹങ്കാരവും കൊണ്ട് അവരതിന്റെ യാഥാർത്ഥ്യം അറിഞ്ഞിരുന്നില്ല എന്നത് ചരിത്രപരമായ ഒരു വസ്തുതയാണ്. എത്രത്തോളമെന്നാൽ കോൺഗ്രസ്സിന്റെ പ്രഥമവർഷത്തെ ബോംബെ മീറ്റിംഗിൽ അന്നത്തെ വൈസ്രോയി ഡിഫ്റിൻ പ്രഭു കോൺഗ്രസ്സിനോട് ബാഹ്യമായ നിലയിൽതന്നെ അത്യഗാധമായ സഹാനുഭൂതി കാണിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽനിന്ന് മീറ്റിംഗിൽ പങ്കെടുക്കാൻ പൊതുജനങ്ങൾക്ക് പ്രേരണയും ഉണ്ടായി. പക്ഷേ, തങ്ങളുടെ ദുർബലാവസ്ഥ മനസ്സിലാക്കിത്തുടങ്ങിയ സർക്കാർ, അതിനോടുള്ള അനുകമ്പ വെടിഞ്ഞുവെന്ന് മാത്രമല്ല, അതിനെ സർക്കാറിനെതിരെ പ്രവർത്തിക്കുന്ന രാജ്യദ്രോഹ പാർട്ടിയായി മുദ്രകുത്തുകയും ചെയ്തു. മറുഭാഗത്ത് സർക്കാറിനെതിരിൽ കോൺഗ്രസ്സിന്, സാവധാനത്തിലെങ്കിലും പൊതുജനസമ്മിതി ലഭിക്കാനും തുടങ്ങി.

ഇപ്രകാരം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് പ്രസ്തുത ഇൽഹാമുണ്ടായി കൃത്യം ഒരുവർഷത്തിനുശേഷം അതായത് 1892-ൽ ഇംഗ്ലീഷ് സർക്കാർ, തങ്ങളുടെ നിയമങ്ങളിൽ ചില ഭേദഗതികൾ വരുത്താൻ നിർബന്ധിതരായി. പിന്നീട് 1892 മുതൽതന്നെ മെല്ലെ മെല്ലെ സർക്കാർ തങ്ങളുടെ നിയമങ്ങളിൽ മയവും വരുത്തിക്കൊണ്ടിരുന്നു.

1896-97-ൽ പടർന്നുപിടിച്ച പ്ലേഗ് എന്ന പകർച്ചവ്യാധി ബ്രിട്ടീഷ് സർക്കാരിൽ കൂടുതൽ പരിഭ്രാന്തി സൃഷ്ടിച്ചു. സർക്കാരിന്റെ അനുമാനമനുസരിച്ച് ഇക്കാലയളവിൽ ഒരുലക്ഷത്തി എഴുപത്തിയേഴായിരം പേർ മരണമടഞ്ഞിട്ടുണ്ട്. ഈ സംഭവം തങ്ങളുടെ ആരോഗ്യകാര്യങ്ങളിൽ സർക്കാർ അലംഭാവം കാണിക്കുന്നുവെന്ന ചിന്ത ജനങ്ങളിലുണ്ടാക്കിത്തീർത്തു.

ഈ അത്യാപത്ത് ഒഴിയുന്നതിന് മുൻപേതന്നെ, 1901 ജനുവരി 22-ന് വിക്ടോറിയ രാജ്ഞി മരണപ്പെട്ടു. രാജ്ഞിയുടെ മരണത്തിൽ അല്ലാമാ ഇഖ്ബാൽ 110 വരി വിലാപഗീതം രചിച്ചിരുന്നു. അതിലെ ഒരു ഈരടി ഇങ്ങനെയാണ്.

"ആയീ ഇധർ നശാത്ത് ഉധർ ഗം ഭീ ആഗയാ
കൽ ഈദ് ഥീ തോ ആജ് മുഹർറം ഭീ ആഗയാ"

"ഇവിടെ സന്തോഷം വന്നപ്പോൾ അവിടെ ദുഃഖം വന്നു. ഇന്നലെ പെരുന്നാളായിരുന്നെങ്കിൽ ഇന്ന് മുഹർറവും എത്തിയിരിക്കുന്നു." (*സറോ ദരിഫ്ത പേജ്:184. മൗലാനാ ഗുലാം റസൂൽ മഹർ*)

ഇഖ്ബാലിന്റെ ഈരടികളെ കുറിച്ച് അധികമൊന്നും പറയാതെ വിഷയത്തിലേക്ക് മടങ്ങിവരട്ടെ. വിക്ടോറിയ രാജ്ഞിയുടെ മരണത്തിനുശേഷം ബ്രിട്ടീഷ് സർക്കാറിന്റെ വ്യവസ്ഥകളിലും ചിട്ടകളിലും വൻശക്തിക്ഷയം ഉണ്ടായി. തുടർന്ന് സർക്കാർ, ഇന്ത്യയിൽ വേഗം വേഗം രാഷ്ട്രീയമാറ്റങ്ങൾ നടപ്പിൽവരുത്താൻ നിർബന്ധിതരായി. 1914-ൽ ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. ഇതുമുഖേന സഖ്യസേനയുടെ ശക്തിക്ക് കനത്ത പ്രഹരമാണേറ്റത്. 1918-ൽ സർക്കാർ, '*ഫോർഡ് റീഫാം സ്കീം*' അനുസരിച്ച് ഇന്ത്യക്ക് കുറേയൊക്കെ രാഷ്ട്രീയാവകാശങ്ങൾ നൽകിക്കൊണ്ട് വിളംബരം നടത്താൻ നിർബന്ധിതരായി. 1919-ലെ ജാലിയൻവാലാബാഗ് കൂട്ടക്കൊല ബ്രിട്ടീഷ് സർക്കാറിന്റെ അടിവേരുതന്നെ പിടിച്ചുകുലുക്കി. 1927-28-ൽ സർ ജോൺ സൈമൺന്റെ

നേതൃത്വത്തിൽ, ഇന്ത്യക്ക് കൂടുതൽ അധികാരങ്ങൾ നൽകുന്നതിനുവേണ്ടി ഒരു കമ്മീഷൻ വന്നു. 1930 മുതൽ ഒന്നാമത്തേയും രണ്ടാമത്തേയും മൂന്നാമത്തേയും വട്ടമേശസമ്മേളനങ്ങളുടെ പരമ്പര ആരംഭിച്ചു. ഈ വട്ടമേശസമ്മേളനങ്ങളുടെ പ്രവർത്തനങ്ങളെ മുന്നോട്ട് കൊണ്ടുപോകുന്നതിനായി ഇന്ത്യയിലെ വൈസ്രോയി ആയിരുന്ന വെല്ലിംഗ്ടൺ പ്രഭുവിന്റെ നേതൃത്വത്തിൽ ഒരു കൂടിയാലോചനാസമിതി നിലവിൽവന്നു. അവസാനം രണ്ടാംലോക മഹായുദ്ധത്തിന്റെ ആരംഭത്തിനും, അതിന്റെ പര്യവസാനത്തിനുശേഷം 1945-ലും ഇംഗ്ലീഷുകാർക്ക് ഇന്ത്യൻ സ്വാതന്ത്ര്യസമര സേനാനികൾക്ക് മുന്നിൽ തങ്ങളുടെ ദയനീയസ്ഥിതി അനുഭവവേദിതമായിത്തുടങ്ങി. 1947-ൽ ഇന്ത്യക്ക് സ്വാതന്ത്ര്യം കൊടുക്കുകതന്നെ വേണ്ടിവന്നു.

അങ്ങനെ 1891-ലെ, ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ***സൽത്വനത് ബർത്വാനിയ താ ഹശ്ത് സാൽ ബഅദ് അസാൻ സുഅ്ഫോ ഫസാദോ ഇഖ്തിലാൽ*** എന്ന പ്രവചനം സർവ്വവിധ പ്രതാപത്തോടെ പുലർന്നു.

ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ അധഃപതനത്തെക്കുറിച്ച് അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ദിവ്യസ്ഥാപകർ 1891-ലാണ് പ്രവചിച്ചത്. അത് ഇരുപതാം നൂറ്റാണ്ടിലെ ആദ്യദിനം മുതൽതന്നെ ത്വരിതഗതിയിൽ പൂർത്തിയാകാൻ തുടങ്ങി. ബ്രിട്ടീഷ് ബുദ്ധിജീവികളും ഇതിനെക്കുറിച്ച് ചിന്തിക്കാനും എഴുതാനും നിർബന്ധിതരായി. വിൻസ്റ്റൺ ചർച്ചിലിനെപോലുള്ള ചിന്തകന്മാർ (ഇദ്ദേഹം ബ്രിട്ടീഷ് പ്രധാനമന്ത്രിയും ആയിരുന്നു-പരി) 1928-ൽ 'ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ അന്ത്യം സമീപസ്ഥമോ?' എന്ന പേരിൽ ഒരു ലേഖനമെഴുതി. അതിൽ നിലവിലെ നൂറ്റാണ്ട് ബ്രിട്ടീഷ് സാമ്രാജ്യത്തിന് പ്രയോജനകരമല്ലെന്നും കഴിഞ്ഞനൂറ്റാണ്ടിനേക്കാൾ കൂടുതൽ നഷ്ടം സഹിക്കേണ്ടിവന്നുവെന്നും സംശയലേശമന്യെ വെട്ടിത്തുറന്ന് സമ്മതിച്ചു. 19-ാം നൂറ്റാണ്ടിൽ, ബ്രിട്ടീഷ് സാമ്രാജ്യത്തിന് മറ്റ് ഭരണകൂടങ്ങൾക്കുമേൽ ഉണ്ടായിരുന്ന ആധിപത്യം കുറഞ്ഞുതുടങ്ങി. ബ്രിട്ടന് തങ്ങളുടെ നാവികശക്തിയിൽ വളരെ അഭിമാനമായിരുന്നു. എന്നാൽ വ്യോമശക്തി നാശഹേതുവായി പരിണമിച്ചു. അതുല്യമായ നാവികശക്തിയുടെ പൊങ്ങച്ചവും അതോടെ അവസാനിക്കുകയുണ്ടായി. സാമ്പത്തികമായി ബ്രിട്ടനുണ്ടായിരുന്ന മേൽക്കോയ്മക്കും വിരാമമായി. അതിനുമുമ്പേ തങ്ങളുടെ അനുസാരികളും ആജ്ഞാനുവർത്തികളുമായിരുന്ന ജനതകളിലും രാജ്യങ്ങളിലും ഇപ്പോൾ ഉണർവുണ്ടായിക്കഴിഞ്ഞു. ഭരണകൂടമാണെങ്കിൽ സ്വയം ആധിപത്യം സ്ഥാപിക്കാൻ കൈകാലിട്ടടിച്ചുകൊണ്ടിരുന്നു. ഭാരതത്തിന്റെ ഏറ്റവും വലിയ സംഘടന സർക്കാറിനെതിരിൽ പ്രവർത്തിച്ചുകൊണ്ടിരുന്നു. (*സംഗ്രഹവും തർജമയും: അൽഫസ്ൽ, 26.11.1929. അവലംബം: താരീഖെ അഹ്മദിയ്യത്ത്. ഭാഗം:6, അദ്ധ്യായം: 4, പേജ്: 175*)

അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ദിവ്യസ്ഥാപകർക്കുണ്ടായ ഇൽഹാമിന്റെ അടിസ്ഥാനത്തിൽ, ബ്രിട്ടീഷ് സർക്കാറിന്റെ അന്ത്യദിനങ്ങൾ എണ്ണപ്പെട്ടു എന്ന കാര്യത്തിൽ അഹ്മദിയ്യാ ജമാഅത്തിന് പൂർണ്ണവിശ്വാസമുണ്ടായിരുന്നു. ജമാഅത്ത്, പ്രത്യേകമായിത്തന്നെ ഈ ഇൽഹാം അഥവാ ദൈവികവെളിപാട് നല്ലപോലെ പ്രചരിപ്പിച്ചുകൊണ്ടിരുന്നു. അത് ബ്രിട്ടീഷ് സർക്കാറിന്റേയും, ബ്രിട്ടീഷ് സർക്കാറിന്റെ വക്താക്കളെന്ന് സ്വയം അവകാശപ്പെടുന്നവരുടേയും സന്തോഷത്തിന് അനുഗുണമായിരിക്കില്ലെന്നത് സുവിദമാണല്ലോ. അക്കാലത്ത്, ബ്രിട്ടീഷ് സർക്കാറിന്റെ വക്താവ് എന്ന് സ്വയം അവകാശപ്പെട്ടിരുന്ന സുപ്രസിദ്ധ അഹ്‌ലെ ഹദീസ് നേതാവ് മൗലാനാ മുഹമ്മദ് ഹുസയ്ൻ ബട്ടാലവി, ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സൽത്വനത്ത് ബർത്വാനിയ താഹശ്ത് സാൽ എന്ന ഇൽഹാമിനെ പരാമർശിച്ചുകൊണ്ട് തന്റെ '*ഇശാഅത്തുസ്സുന്നഃ*' എന്ന പ്രസിദ്ധീകരണത്തിൽ എഴുതി:

'സർക്കാരിന്റെ തിരുസവിധത്തിൽ ആദരപൂർവ്വം ബോധിപ്പിക്കട്ടെ, ഖാദിയാനിയെ സർക്കാരിന്റെ ഗുണകാംക്ഷിയെന്ന് കരുതരുത്. 'സിവിൽ മിലിട്ടറി'യും 'ഇശാഅത്തുസ്സുന്ന'യും അയാളുടെ രാജ്യദ്രോഹത്തെക്കുറിച്ച്, സർക്കാറിന്റെ തിരുസമക്ഷത്തിൽ സമർപ്പിച്ച കാര്യങ്ങളെക്കുറിച്ച് കണ്ണടക്കുകയുമരുത്. സർക്കാരിന്റെ ഗുണകാംക്ഷിയാണെന്ന അയാളുടെ വാദത്തെക്കുറിച്ച് ചോദ്യം ചെയ്യണം. നിങ്ങൾ സർക്കാറിന്റെ ഗുണകാംക്ഷിയാണോ? രാജ്യദ്രോഹത്തിൽനിന്ന് ഒഴിഞ്ഞു നിൽക്കുന്നുവോ? അങ്ങനെയെങ്കിൽ 'എട്ടുവർഷം വരെ' എന്ന കാലയളവ് പറഞ്ഞുകൊണ്ട് പ്രസിദ്ധീകരിച്ച നിങ്ങളുടെ പ്രവചനത്തിന്റെ ഉദ്ദേശ്യമെന്താണ്?

ഇങ്ങനെ ചോദ്യം ചെയ്യുമ്പോൾ രാജ്യത്തിന്റേയും സർക്കാരിന്റേയും ഭക്തനായ വക്താവ്, ഇശാഅത്തുസ്സുന്നയുടെ എഡിറ്ററുടെ മുന്നിൽ നിർത്തുക. എന്നിട്ട് ഈ ചോദ്യത്തിന്റെ മറുപടിയിൽ ഗുണകാംക്ഷിയെന്ന ഖാദിയാനി, സർക്കാരിന്റെ ഗുണകാംക്ഷിയാണോ അല്ലേ എന്നു നോക്കുക. (*ഇശാഅത്തുസ്സുന്ന: നമ്പർ 12, ഭാഗം:16, 1893*)

തുടർന്ന് പാതിരിമാരെ പ്രകോപിപ്പിച്ചുകൊണ്ട് മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി എഴുതി: "ബഹുമാന്യരായ അച്ചന്മാരേ, നിങ്ങളും ആത്മാഭിമാനമില്ലാതെ, ഖാദിയാനിയെ പിന്തുടരുകയാണോ? എന്തുകൊണ്ട് അയാളെ കോടതിയിൽ ഹരജി കൊടുക്കുന്നില്ല? എന്തുകൊണ്ട് അയാളെ തുറുങ്കിലടക്കുന്നില്ല?" (*ഇശാഅത്തുസ്സുന്ന: നമ്പർ: 1, ഭാഗം:15, പേ:8, 1893*)

ബ്രിട്ടീഷ് സർക്കാരിന്റെ അധഃപതനത്തെക്കുറിച്ചുള്ള ഹസ്റത്ത് അഹ്മദ്(അ)ന്റെ പ്രവചനം, പല സന്ദർഭങ്ങളിലായി മുസ്‌ലിം നേതാക്കന്മാർ, സർക്കാരിന്റെ അഭ്യുദയകാംക്ഷികളെന്നനിലക്ക് ബ്രിട്ടനെ ഓർമ്മപ്പെടുത്തി

ക്കൊണ്ടിരുന്നു. ബ്രിട്ടീഷ് സർക്കാരിന്റെ സ്വയം പ്രഖ്യാപിത വക്താവായ മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുടെ അധരവ്യായാമമാണ് നേരത്തെ വായിച്ചത്. അനുയായികൾ രോഗശയ്യയിൽ ഉപേക്ഷിച്ചുകളഞ്ഞപ്പോൾ, അഹ്മദിയ്യാപ്രസ്ഥാനത്തിന്റെ അഭിവന്ദ്യ സ്ഥാപകരുടെ രണ്ടാംഖലീഫ ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ്(റ) സ്വന്തം ചെലവിൽ അഹ്മദിയ്യാ ഡോക്ടറെ അയച്ച് അദ്ദേഹത്തിന് ചികിത്സ നടത്തുകയുണ്ടായി.

ആരോഗ്യത്തിലും പ്രതാപത്തിലും മദോന്മത്തനായിരുന്ന കാലത്ത് മൗലാനാ, അഹ്മദിയ്യത്തിനെക്കുറിച്ച് ഹൃദയത്തിൽ വെച്ചുപുലർത്തിയിരുന്ന ചിന്താഗതികൾ താഴെ ചേർക്കുന്നു.

“മിർസാ ഗുലാം അഹ്മദ് ഖാദിയാനിയുടെ ‘***ദൗലത്ത് ബർത്വാനിയ താ ഹശ്ത് സാൽ- ബഅദ് അസാൻ സുഅ്ഫോ ഫസാദോ ഇഖ്തിലാൽ***’ എന്ന പ്രവചനം സർക്കാറിന്റെ കാതുകളിൽ എത്തിക്കഴിഞ്ഞിട്ടുണ്ട്. ഇനി ഈ സ്വയംകൃത പ്രവാചകന്റെ രണ്ടാമത്തെ പ്രവചനവും കേട്ടുകൊള്ളുക. അതിൽ അദ്ദേഹം (രണ്ടാം ഖലീഫ) പറയുന്നു: മുന്നൂറ്വർഷത്തിനകം മുഴുലോകത്തും ഖാദിയാനിയത്തിന്റെ ആധിപത്യമായിരിക്കും.” (*സമീന്ദാർ, ലാഹോർ, പേജ്: 3, 18.11.1934*) വീണ്ടും എഴുതുന്നു.

“അദ്ദേഹം (അതായത് ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി-ലേഖ.) തുറന്നനിലയിൽ രാജ്യദ്രോഹമാണ് പ്രഖ്യാപിച്ചിരിക്കുന്നത്.” (*പേജ്:7*)

ഖാദിയാനി പ്രവാചകൻ തന്റെ മരണത്തിന് മുൻപേ ***സൽ ത്വനത്ത് ബർത്വാനിയ താ ഹശ്ത് സാൽ ബഅദ് അസാൻ അയ്യാമെ സുഅ്ഫോ ഇഖ്തിലാൽ*** എന്ന് പ്രവചനം നടത്തിയത് ഒരുപക്ഷേ ഇംഗ്ലീഷുകാർക്ക് അറിയില്ലായിരിക്കാം. ഈ പ്രവാചകന്റെ മകൻ ഇപ്പോഴത്തെ ഖാദിയാനിഖലീഫ, ഇന്നേക്ക് നാലു വർഷം മുൻപേ, ഇന്ത്യക്ക് പരിധിയില്ലാത്ത കാലത്തോളം അന്യരാജ്യസർക്കാരിനെ സഹിക്കാൻ സാധ്യമല്ലെന്നും, ഇനി ഇന്ത്യക്ക് നിശബ്ദമായിരിക്കാൻ പറ്റുകയില്ലെന്നും വിളംബരപ്പെടുത്തിയിരുന്നു.” (*സമീന്ദാർ, പേജ്:3, 10.9.1934*)

അഹ്മദിയ്യാ ശത്രുക്കളുടെ വാക്കുകളെ ഒഴിവാക്കാം. എങ്കിലും, അല്ലാഹുവിൽനിന്നുള്ള ഇൽഹാമിനെക്കുറിച്ചും, ബ്രിട്ടീഷ് ഭരണകൂടം ദിനംപ്രതി അധഃപതനത്തിലേക്ക് കൂപ്പുകുത്തുകയാണെന്നും, അതൊരു ദിവസം അസ്തമിക്കുമെന്നും അഹ്മദിയ്യാ ജമാഅത്തിന് പൂർണ ബോധ്യമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ സ്വാതന്ത്ര്യം സുനിശ്ചിതമാണെന്നും, എന്നാൽ അത് നേടാൻ ഉപയുക്തമാക്കുന്ന മാർഗ്ഗങ്ങൾ, അത് നേടിയശേഷവും സമൂഹത്തിന് എല്ലാ നിലക്കും പ്രയോജനപ്രദമാവേണ്ടതാണെന്നും ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കേണ്ടതുണ്ടായിരുന്നു. (വിവ: എച്ച്. ശംസുദ്ദീൻ എച്ച്. എ, കാവശ്ശേരി)

6-ാം പേജിൽനിന്ന്

താക്കളുടെ സംഘത്തിൽപെട്ടവർ നിറയൊഴിച്ച് ആ നിരപരാധികളുടെ ചോരകൊണ്ട് ഹോളി കളിക്കുമ്പോൾ സർവ്വാധിനാഥനായ അല്ലാഹു നിശ്ശബ്ദനായിരിക്കുമെന്ന് കരുതുന്നത് മൂഢത്വമാണ്.

അല്ലാഹു പ്രഖ്യാപിച്ചിരിക്കുന്നതായി നബി(സ) തിരുമേനി പറഞ്ഞു: ***മൻ ആദാ വലിയ്യൻലീ ഫഖദ് ആദൻതുഹു ലിൽഹർബി*** എന്റെ മിത്രവുമായി ശത്രുതയിൽ വർത്തിക്കുന്നവനോട് ഞാൻ യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നു.

മുകളിൽപറഞ്ഞ സംഭവമുണ്ടായതിന്റെ പിറ്റേദിവസംതന്നെ രാവിലെ 9.20ന് ഇസ്ലാമിന്റെ പേരിൽ പടുത്തുയർത്തപ്പെട്ട പാക്കിസ്ഥാനിൽ- നിരപരാധികളും നിഷ്കളങ്കരുമായ എട്ടുപേരെ നിർദ്ദാക്ഷിണ്യം വധിച്ച അതേ പാക്കിസ്ഥാനിൽ അതിശക്തമായ ഒരു ഭൂകമ്പമുണ്ടായി. നാല്പതിനായിരത്തിലേറെ ആളുകൾ മരിച്ചു എന്നാണ് പ്രാഥമിക കണക്ക്. ഈ വരികൾ കുറിക്കുമ്പോഴും മരണസംഖ്യ കൂടിക്കൊണ്ടിരിക്കുകയാണ്. ഇതിന് പ്രകൃതിദുരന്തമെന്നോ യാദൃശ്ചികമെന്നോ ഒക്കെ പറയാൻ ജനങ്ങൾക്ക് അവകാശമുണ്ട്. പക്ഷേ, മർദ്ദിതർക്കും ദൈവത്തിനുമിടയിൽ മറയില്ല എന്ന പ്രവാചകൻ(സ)ന്റെ വചനമോർക്കുമ്പോൾ, 181 രാഷ്ട്രങ്ങളിലെ മർദ്ദിതരായ അഹ്മദികളുടെ ഉള്ളിന്റെയുള്ളിൽനിന്ന് അണപൊട്ടിയൊഴുകിയ പ്രാർത്ഥനയുടെ ഫലമാണിതെന്ന് ഒരഹ്മദി വിശ്വസിച്ചാൽ അയാളെ കുറ്റം പറയാൻ സാധിക്കുമോ? ‘എന്റെ ദർബാറിൽ എനിക്കു മുമ്പിൽ പ്രണാമം ചെയ്ത, ഞാനയച്ചയാളെ വിശ്വസിച്ച ഈ നിരപരാധികളെ നിങ്ങൾ വധിച്ചു എന്നു മാത്രമല്ല, നിങ്ങളതിൽ സന്തോഷിക്കുന്നു. നിങ്ങൾക്ക് സന്തോഷിക്കാൻ ഒരവകാശവുമില്ല. അതുകൊണ്ട് എന്റെ മതത്തിന്റെ പേരിൽ കെട്ടിപ്പൊക്കിയ ഈ സർക്കാരിന്റെ കീഴിൽപെട്ടവർ ചെയ്ത കൊടും ക്രൂരതയുടെ ഫലം നിങ്ങളെല്ലാവരും അനുഭവിക്കുക എന്നതായിരിക്കാം ദൈവഹിതം. അല്ലാഹു അഅ്ലം.

നബി(സ) തിരുമേനി പ്രവചിച്ചതും അല്ലാഹു അയച്ചതുമായ വാഗ്ദത്ത മഹ്ദി മസീഹിനെയും അദ്ദേഹത്തിന്റെ അനുയായികളേയും വിപാടനം ചെയ്യാൻ കഴിഞ്ഞ അരനൂറ്റാണ്ടായി കഠിനപ്രയത്നം ചെയ്തുവരികയും അവരെ കൊടിയമർദ്ദനങ്ങൾക്കിരയാക്കുകയും ചെയ്യുന്ന ഒരു ഭരണകൂടത്തിനും അതിന് മൗനാനുവാദം നല്കുന്ന അവിടത്തെ പൊതുജനത്തിനും ഇതുപോലൊരു താക്കീത് അല്ലാഹു നല്കിയെങ്കിൽ അതിൽ ആശ്ചര്യപ്പെടേണ്ടതില്ല. ഈ ദുരന്തം പാക്കിസ്ഥാനി മുസ്ലിംകൾക്കു മാത്രമല്ല ലോകമെമ്പാടുമുള്ള മുസ്ലിംകൾക്ക് ദൈവികമായ ഒരു താക്കീതായിരിക്കട്ടെ.

അബൂസ്വബാഹ്

വരികൾ ക്കിടയിൽ

# ബട്ടാലവിയുമായി ഒരു കൂടിക്കാഴ്ച

*(സുപ്രസിദ്ധ അഹ്മദിയ്യാ പണ്ഡിതനും, വാഗ്മിയും, എഴുത്തുകാരനും താർക്കികനുമായ ഹദ്റത്ത് മൗലാനാ അബുൽ അത്വാസാഹിബ് ജാലന്ധരി(റഹ്), തന്റെ ഖാദിയാൻ മദ്റസാ പഠനകാലത്ത്, അഹ്മദിയ്യാ വിരോധിയും, ഹതാശനുമായ അഹ്‌ലെ ഹദീസ് പണ്ഡിതൻ മൗലാനാ മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുമായി നടത്തിയ കൂടി ക്കാഴ്ചയാണ് ഇവിടെ പ്രതിപാദിക്കുന്നത്.)*

**ഖാ**ദിയാൻ ജൽസാ സാലാനയിൽ ഞാനടക്കം 10-13 വിദ്യാർത്ഥികൾക്ക് ഞങ്ങളുടെ വന്ദ്യഗുരുനാഥൻ മൗലാനാ അബ്ദുർ റഹ്മാൻ സാഹിബ്(റ)ന്റെ കൂടെ അതിഥികളെ സ്വീകരിക്കുന്ന ചുമതലയായിരുന്നു........ 1918-19 ലെ കാര്യമാണ്. ഞങ്ങൾ 12-13 വിദ്യാർത്ഥികൾ ഒരു ദിവസം രാവിലെ ഒഴിവ് നേരത്ത് ഹദ്റത്ത് മൗലവി സാഹിബിനോട് അനുവാദം ചോദിച്ച് റെയിൽവേസ്റ്റേഷന് തൊട്ടടുത്തുള്ള താമസ സ്ഥല ത്തുനിന്നും ബട്ടാല ടൗണിൽ, മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയെ കാണാൻ പോയി. വീട്ടിൽ നിന്ന് കുറച്ചകലെ മൗലവി സാഹിബിന്റെ ഒരു ശിഷ്യനെ കണ്ടുമുട്ടി. നദീർ അഹ്മദ് എന്നായിരുന്നു അയാളുടെ പേര്. അയാളും വിദ്യാർത്ഥിയായിരുന്നു. എന്തുകൊണ്ടോ അയാൾക്ക് ഞങ്ങളെ ഇഷ്ടപ്പെട്ടു. അയാളാണ് ഞങ്ങളെ മൗലവി മുഹമ്മദ് ഹുസയ്ൻ സാഹിബിന്റെ വീട്ടിലേക്ക് കൊണ്ടുപോയത്. വഴിയിൽ വെച്ചുതന്നെ അയാൾ ഞങ്ങളോടു പറഞ്ഞു, "നിങ്ങൾ അവിടെ എത്തിയുടനെ ഖാദിയാനിൽനിന്നാണ് വരു ന്നതെന്നു പറഞ്ഞാൽ മൗലവി സാഹിബ് കോപിഷ്ഠ നാകും. സംസാരിക്കാൻ അവസരം കിട്ടില്ല. ഇപ്പോൾ മൗലവി സാഹിബ് വളരെപ്പെട്ടെന്ന് ദേഷ്യപ്പെടാറുണ്ട്. അതുകൊണ്ട് ഖാദിയാനിൽ നിന്നാണ് വരുന്നതെന്ന് പറയരുത്."

ഞങ്ങൾ പരസ്പരം കൂടിയാലോചിച്ചു. അങ്ങനെ, എല്ലാവരും തങ്ങളുടെ ജന്മദേശത്തെക്കുറിച്ച് പറയാ മെന്നുറച്ചു. ഞങ്ങൾ മൗലവി സാഹിബിന്റെ റൂമിൽ കയറിയപ്പോൾ അദ്ദേഹം എന്തോ എഴുതുന്നതിൽ മുഴു കിയിരിക്കുന്നതാണ് കണ്ടത്. കട്ടിലിലായിരുന്നു ഇരു ന്നിരുന്നത്. മുന്നിൽതന്നെ ഒരു ബഞ്ച് കിടപ്പുണ്ട്. ഞങ്ങൾ ഓരോരുത്തരായി സലാം പറഞ്ഞ് അക ത്തേക്ക് കയറി. മൗലവി സാഹിബ് രണ്ട് വിരലുകൾ കൊണ്ടാണ് ഹസ്തദാനം ചെയ്തത്. ആ കയ്യിൽതന്നെ പേനയും ഉണ്ടായിരുന്നു. ഞങ്ങൾ സലാം ചൊല്ലിയതി ന് മറുപടി നൽകുമ്പോൾ എവിടെ നിന്നാണ് വരുന്ന തെന്നും ചോദിച്ചുകൊണ്ടിരുന്നു. നേരത്തെ തയ്യാറാ ക്കിയ പദ്ധതിയനുസരിച്ച് ഞങ്ങൾ ജന്മസ്ഥലങ്ങൾ പറ ഞ്ഞുകൊണ്ട് പെട്ടെന്ന് തന്നെ ബഞ്ചിൽ കയറിയിരു ന്നു. ഞങ്ങൾക്കിടയിൽ പ്രായംകൊണ്ട് ഞാനായിരുന്നു ഏറ്റവും ഇളയത്. റൂമിൽ ഏറ്റവും അവസാനം കയറി യതും ഞാൻ തന്നെ. സലാം ചൊല്ലി ബഞ്ചിലിരിക്കാൻ തുനിയവെ, എന്നോടും ചോദിച്ചു എവിടെ നിന്നാണ് വരുന്നതെന്ന്? ഞാൻ ജലന്ധർ സ്വദേശിയാണെന്ന് പറഞ്ഞ് ബഞ്ചിലിരുന്നു. മൗലവി സാഹിബിന്റെ സമീ പമാണ് എനിക്ക് സീറ്റ് കിട്ടിയത്. എന്നോട് അടുത്ത ചോദ്യം ചോദിച്ചു, എന്ത് ചെയ്യുന്നു? ഞാൻ പറഞ്ഞു, പഠിക്കുന്നു. മൂന്നാമത്തെ ചോദ്യം എവിടെ എന്നായി രുന്നു. ഞാൻ പറഞ്ഞു ഖാദിയാനിൽ! എന്റെ മറുപടി കേട്ടതും മൗലവി സാഹിബിന്റെ നിറം മാറി. കോപ ത്തിന്റെ ലക്ഷണങ്ങൾ മുഖത്ത് ദൃശ്യമായിത്തുടങ്ങി. ഞങ്ങളുടെ കൂടെവന്ന നദീർ അഹ്മദ്, എന്നെ കണ്ണു തുറിപ്പിച്ച് നോക്കുന്നുണ്ടായിരുന്നു. പക്ഷേ ഞാനെങ്ങനെയാണ് നുണ പറയുക?

മൗലവി സാഹിബ് കോപത്തോടേയും, നിന്ദത കലർന്ന സ്വരത്തിലും ചോദിച്ചു, "നിങ്ങളിലാർക്കെങ്കിലും മൗലവി സർവർ ശാഹ്നെ പരിചയമുണ്ടോ? തൊട്ടടു ത്തിരുന്നത് ഞാനായിരുന്നു. ഉടൻതന്നെ ഞാൻ പറ ഞ്ഞു, ''അദ്ദേഹം ഞങ്ങളുടെ ഗുരുനാഥനാണ്.'' നിങ്ങൾക്കാർക്കെങ്കിലും എന്നെ അറിയുമോ? ഞാൻ പറഞ്ഞു, "ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥ ങ്ങളിൽ താങ്കളെപ്പറ്റി ഒരുപാട് പരാമർശിച്ചിട്ടുണ്ട്. ഞങ്ങൾക്ക് താങ്കളെ അറിയാം". അദ്ദേഹം പറഞ്ഞു, "ഞാനുദ്ദേശിക്കുന്നത്, എനിക്കും നിങ്ങളിലാരെയെ ങ്കിലും പരിചയമുണ്ടോ എന്നാണ്." ഞാൻ പറഞ്ഞു, "അത് താങ്കൾക്ക് മാത്രമേ പറയാൻ കഴിയൂ. ഞങ്ങ ളെങ്ങനെ പറയാനാണ്."

മൗലവി സാഹിബ് പറഞ്ഞു, "ഞാനൊരു കത്തെ ഴുതുകയാണ്. നിങ്ങൾ ഇരിക്കുക. എനിക്ക് മൗലവി സർവർശാഹ് സാഹിബിന്റെ ഒരു കത്ത് വന്നിട്ടുണ്ട്. അതിന്റെ മറുപടിയാണ് എഴുതുന്നത്. പൂർത്തിയായ തിനുശേഷം നിങ്ങളെ കേൾപ്പിക്കാം."

മറുപടി പൂർത്തിയാക്കിയശേഷം അത് പകർത്തി യെഴുതുകയും ചെയ്തു. ഒരു പകർപ്പ് എനിക്ക് തന്നു. ഒന്ന് ഞങ്ങളുടെ കൂടെയുണ്ടായിരുന്ന മൗലവി നാസി റുദ്ദീൻ സാഹിബിനും കൊടുത്തു. അത് ഒത്തുനോക്കി ശരിയാണോ എന്ന് പരിശോധിക്കാൻ പറയുകയും ചെയ്തു. തുടർന്ന് പറഞ്ഞു, നിങ്ങൾ വായിച്ചുനോക്കു ക. പിന്നീട് ഞാൻ അത് നിങ്ങൾക്ക് മനസ്സിലാക്കിത്തരാം.

ഞങ്ങളുടെ അഭിവന്ദ്യ ഗുരുനാഥൻ ഹദ്റത്ത് മൗലാനാ സയ്യിദ് സർവർശാഹ് സാഹിബ്(റ) ആ

വർഷം ജൽസാ സാലാനാ ഓഫീസർ ആയിരുന്നു. അദ്ദേഹം, ബട്ടാലവിക്ക് കത്തയച്ചിരുന്നു. അതിന്റെ രത്നചുരുക്കം ഇങ്ങനെയാണ്.

'മൗലവി സാഹിബ്! താങ്കൾ പറഞ്ഞിരുന്നത്, ഞാനാണ് മിർസാ സാഹിബിനെ ഉയർത്തിയത്, ഞാൻ തന്നെ താഴ്ത്തും എന്നാണല്ലോ? ഇതു സംബന്ധമായി താങ്കൾ ഒരുപാട് പ്രയത്നിക്കുകയും ചെയ്തിട്ടുണ്ട്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദേഹവിയോഗം ഉണ്ടായിട്ട് 10,11 വർഷം കഴിഞ്ഞു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, അദ്ദേഹത്തെ ശക്തിമത്തായ നിലയിൽ എതിർക്കാൻ ഒരു നീണ്ട അവസരമാണ് താങ്കൾക്ക് ലഭിച്ചത്. ഡിസംബർ 26, 27, 28 തിയ്യതികളിൽ ഖാദിയാനിൽ അഹ്മദിയ്യാ ജമാഅത്തിന്റെ വാർഷിക ജൽസ നടക്കുകയാണ്. താങ്കൾ കുറച്ച് നേരത്തേക്കെങ്കിലും ഖാദിയാനിൽ വന്ന്, തന്റെ അവസാന ആയുസിലെങ്കിലും, താങ്കൾ താഴ്ത്താൻ ആഗ്രഹിച്ച, മസീഹ് മൗഊദ്(അ)ന് എത്രമാത്രം സ്വീകാര്യത ലഭിച്ചിരിക്കുന്നുവെന്ന് നേരിൽ കാണാൻ താങ്കളെ ക്ഷണിക്കുകയാണ്. താങ്കൾക്ക് വരാൻ സമ്മതമാണെങ്കിൽ കാർ അയക്കുന്നതായിരിക്കും. അതിൽ താങ്കൾക്ക് ഇവിടെ ചുറ്റി സഞ്ചരിച്ച് തിരിച്ചു പോകാം.

ഈ ക്ഷണത്തിന് മറുപടി നൽകിക്കൊണ്ട് മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി എഴുതിയതിന്റെ ചുരുക്കം ഇങ്ങനെയായിരുന്നു: ''താങ്കളുടെ ഈ ക്ഷണം സ്വീകരിക്കാൻ എനിക്ക് സാധ്യമല്ല. ഞാൻ ഖാദിയാനിൽ വരാൻ തയ്യാറുമല്ല. മിർസാ സാഹിബിന്റെ അനുയായികൾ വർദ്ധിച്ചിരിക്കുന്നു. അതുകൊണ്ട് അദ്ദേഹം സത്യവാനാണെന്ന താങ്കളുടെ തെളിവ് തെറ്റാണ്. കാരണം മസീഹ് മൗഊദിന്റെ കാലത്ത് ലോകത്തുള്ള മുഴുവൻ ജനങ്ങളും മുസ്‌ലിംകളാവേണ്ടത് അനിവാര്യമാണ്. ഇപ്പോൾ ഖാദിയാനിൽ പോലും ഹിന്ദുക്കളും സിക്കുകാരുമുണ്ട്."

ബട്ടാലവി, തന്റെ കത്തിൽ 'മിർസായി' എന്ന പദമാണ് ഉപയോഗിച്ചിരുന്നത്. അതിനെ വിശദീകരിച്ചുകൊണ്ട് പറഞ്ഞത്, മിർസാ സാഹിബിനെ ഞങ്ങൾ 'അഹ്മദ്' എന്ന് അംഗീകരിക്കുന്നില്ല. അതുകൊണ്ട് അദ്ദേഹത്തിന്റെ അനുയായികളെ അഹ്മദികൾ എന്ന് പറയാൻ സാധ്യമല്ല. അദ്ദേഹത്തെ മിർസാ എന്നാണ് ഞങ്ങൾ അംഗീകരിക്കുന്നത്. അതുകൊണ്ട് അനുയായികളെ 'മിർസായികൾ' എന്നും പറയുന്നു. ഇതു കേട്ടപ്പോൾ അദ്ദേഹത്തോട് ഞങ്ങൾ പറഞ്ഞു, ലോകത്ത് ആയിരക്കണക്കിന് മിർസാമാരുണ്ട്. അത് ആരൊക്കെയാണെന്ന് തിരിച്ചറിയപ്പെടുക സാധ്യമല്ല! ഇതു പറഞ്ഞപ്പോൾ അതിന് വ്യക്തമായ ഒരു മറുപടിയും അദ്ദേഹം തന്നില്ല. മൗലവി സാഹിബ് പറഞ്ഞത്, മസീഹ് വരുമ്പോൾ ലോകം മുഴുവൻ മുസ്‌ലിംകളാവുമെന്നാണ്. മൗലവിയോട് ഞാൻ ചോദിച്ചു, അദ്ദേഹത്തിന്, നബി(സ)നേക്കാളും ആത്മീയശക്തിയുണ്ടാകുമോ? നബി(സ) ആഗതനായിട്ട് 1400 വർഷങ്ങൾ കഴിഞ്ഞെങ്കിലും ജനങ്ങൾ എല്ലാവരും മുസ്‌ലിംകളായിട്ടില്ല. മാത്രമല്ല, വിശുദ്ധഖുർആൻ പറയുന്നു: '***ജാഇലുല്ലദീനത്തബഊ ഫൗഖല്ലദീന കഫറൂ ഇലാ യൗമിൽ ഖിയാമ***'. അതായത് ഖിയാമത്ത്‌വരേയും യഹൂദികൾ പരാജയപ്പെട്ടുകൊണ്ടിരിക്കും. അവർ ഉണ്ടാവുകപോലും ഇല്ലെങ്കിൽ പരാജയപ്പെട്ടുകൊണ്ടിരിക്കുന്നതെങ്ങനെ? മൗലവി സാഹിബ് അസ്വസ്ഥനായിക്കൊണ്ട് പറഞ്ഞു, "ഖാദിയാനിൽ നിങ്ങളെ ഖുർആൻ ശരിക്ക് പഠിപ്പിക്കുന്നില്ല. ആയത്തിൽ വിട്ടുപോയ ഭാഗമുണ്ട്. നിങ്ങൾക്ക് അതറിയില്ല." ഞാൻ പറഞ്ഞു, "ആ വിട്ടുപോയത് താങ്കൾ പറഞ്ഞു തന്നാലും." അദ്ദേഹം പറഞ്ഞു, "ആയത്തിൽ '*മാ ദാമൂ ഹൂദൻ ഔ നസാറാ*' എന്ന ഭാഗം വിട്ടുപോയിരിക്കുന്നു." അതായത് യഹൂദികൾ, യഹൂദികളായിരിക്കുവോളം പരാജിതരായിരിക്കും. ക്രിസ്ത്യാനികൾ, ക്രിസ്ത്യാനികളായിരിക്കുവോളം വിജയികളും. ഞാൻ പറഞ്ഞു, "ഈ വിട്ടുപോയ ഭാഗം കൊണ്ടും കാര്യം നടക്കില്ല. കാരണം ആയത്തിൽ '***ഇലാ യൗമിൽ ഖിയാമത്തി***' എന്നുണ്ട്. താങ്കളുടെ അർത്ഥത്തിന്റെ അടിസ്ഥാനത്തിലും ഖിയാമത്ത്‌വരെ യഹൂദികളും ക്രിസ്ത്യാനികളും നിലനിൽക്കേണ്ടതാണ്.

ഞാനിതു പറഞ്ഞപ്പോഴേക്കും മൗലവി സാഹിബിന് എല്ലാ നിയന്ത്രണവും വിട്ടിരുന്നു. "എനിക്ക് ഭക്ഷണം കഴിക്കാനുണ്ട് നിങ്ങളൊക്കെ പോകണം'' എന്ന് അദ്ദേഹം പറഞ്ഞു. അതു കേട്ടപ്പോൾ താങ്കൾ ഈ പ്രശ്നം ഒന്ന് പരിഹരിച്ച് തന്നിട്ട് പോകുക എന്ന് ഞാൻ അറിയിച്ചു.

അദ്ദേഹം പറഞ്ഞു, "നിങ്ങളുടെ ബുദ്ധി കാര്യങ്ങൾ മനസ്സിലാക്കാൻ പോരുന്നതല്ല. നിങ്ങൾക്ക് മനസ്സിലാക്കിത്തരാൻ സനാഉല്ലാക്കേ കഴിയൂ!" ഇത്രയും പറഞ്ഞ് അദ്ദേഹം എഴുന്നേറ്റു. ഞാൻ പറഞ്ഞു, ''മൗലവി സനാഉല്ലാഹ് സാഹിബ് 'അഹ്‌ലെ ഹദീസ്' എന്ന പത്രത്തിൽ താങ്കളെ പറ്റി പലതും എഴുതിയിട്ടുണ്ടല്ലോ?" ബട്ടാലവി പറഞ്ഞു, ''അതേ അയാളെന്റെ ശിഷ്യൻ തന്നെ. പക്ഷേ അനുസരണയില്ലാത്തവനാണ്!" ഞാൻ പറഞ്ഞു, അനുസരണയില്ലാത്ത ശിഷ്യന്റെ അടുത്തേക്ക് ഞങ്ങളെ അയക്കുന്നതിനു പകരം താങ്കൾ തന്നെ മനസ്സിലാക്കിത്തന്നാൽ മതിയല്ലോ. അദ്ദേഹം പറഞ്ഞു, നിങ്ങൾക്കത് മനസ്സിലാക്കാനേ സാധ്യമല്ല. അവസാനം അദ്ദേഹം ഞങ്ങളെ പുറത്താക്കി വാതിലിന് സാക്ഷയിട്ടു. *(അവലംബം: തഫ്ഹീമാത്തെ റബ്ബാനിയ, പേജ്: 615-619)*


- അഹ്മദിയ്യത്തിന്റെ ഈ ബദ്ധവൈരിയെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിക്കൽ പറഞ്ഞു: ***ഹും യദ്ക്കുറൂനക്ക യാ ഇഹീന വദിക്റുനാ ഫിസ്സാലിഹാത്തി യുഅദ്ദു ബഅ്ദ ഫനാഊ*** -മേലിൽ ജനങ്ങൾ നിന്നെ നിന്ദ്യമായി ഓർക്കുന്നതാണ്. നമ്മെ, മരണത്തിനുശേഷവും സ്വാലാഹീംകളുടെ ഗണത്തിൽ ഗണിക്കുന്നതുമാണ്. *(അഞ്ചാമെആഥിം)*

ബട്ടാലവിയുടെ ഖബ്റുപോലും ഇന്ന് എങ്ങും കാണാൻകഴിയാത്തവിധം അയാൾ വിസ്മരിക്കപ്പെട്ടിരിക്കുന്നു. അയാൾ നംറൂദിന്റേയും ഫിർഔനിന്റേയും, അബൂജഹ്‌ലിന്റേയും പട്ടികയിൽ എണ്ണപ്പെടുകയും ചെയ്യുന്നു! "***സീറു ഫിൽ അർളി ഫ കയ്ഫ കാന ആഖിബത്തുൽ മുകദ്ദിബീൻ***"

**2004–05 വർഷങ്ങളിൽ 'ബദ്ർ' പത്രത്തിൽ പ്രസിദ്ധീകരിച്ച കേരളത്തിൽനിന്ന് വസിയ്യത്ത് ചെയ്തവരുടെ പേരും പിതാവിന്റെ പേരും സ്ഥലവും വസിയ്യത്ത് ചെയ്ത തിയ്യതിയും ബദ്ർ പത്രത്തിന്റെ ലക്കനമ്പറും താഴെ ചേർക്കുന്നു**

| | | | | |
|---|---|---|---|---|
| 15625 | റയീസ | w/o എച്ച്. അഹ്മദ് ശാഫി | കോഴിക്കോട് | 21.1.05 |
| 15626 | അബ്ദുൽ വഹ്ഹാബ് | s/o പി.എം. മുഹമ്മദ് കുഞ്ഞ് | കൊല്ലം | 9.10.04 |
| 15631 | എം. റിസ്‌വാന ഇഫത്ത് | d/o ടി.എം. മുഹമ്മദ് | ചേലക്കര | 7.2.05 (28) |
| 15638 | ടി.എം. സക്കീന | w/o ടി. കുഞ്ഞീദു | മുറിയക്കണ്ണി | 31.1.05 |
| 15639 | ടി. കുഞ്ഞീദു | s/o ടി. കോയണ്ണി | മുറിയക്കണ്ണി | 31.1.05 |
| 15643 | എൻ. ആയിശ | w/o സി.എച്ച്. അബൂബക്കർ | കൊടിയത്തൂർ | 10.1.05 (29) |
| 15646 | സഫിയാ ബീഗം | w/o ശാജഹാൻ അലി | കൊടിയത്തൂർ | 3.1.05 |
| 15647 | ആമിന | w/o ഗുലാംഅഹ്മദ് ഇസ്മായിൽ | കൊടിയത്തൂർ | 31.1.05 |
| 15648 | ടി. സഫിയാ | w/o ടി.കെ. അമീറലി | പത്തപ്പിരിയം | 19.1.05 (30) |
| 15677 | യു. മുംതാസ് | w/o വി.കെ. അബ്ദുർറഹീം | കൂടാളി | 19.12.04 |
| 15678 | ടി. ഇസ്മത്ത് സലാം | w/o കെ. അബ്ദുസ്സലാം | കൂടാളി | 14.11.04 |
| 15679 | യു. മശൂദ | w/o പി.കെ. നദീർഅഹ്മദ് | കൂടാളി | 16.11.04 |
| 15682 | സഫ്ർ അഹ്മദ് | s/o ഡോ. നാസിർ അഹ്മദ് | കരുനാഗപ്പള്ളി | 1.1.05 |
| 15683 | മുഹമ്മദ് ഫസ്ൽ | s/o ഇ. മുസ്തഫ | കരുനാഗപ്പള്ളി | 12.1.05 |
| 15684 | അമത്തുന്നസീർ | w/o മുഹമ്മദ് ഫസ്ൽ | കരുനാഗപ്പള്ളി | 12.1.05 |
| 15685 | റാബിയാ ബീബി | w/o മുഹ്‌യിദ്ദീൻകുഞ്ഞ് | കരുനാഗപ്പള്ളി | 19.12.04 |
| 15686 | ശഫീഖാ ബീഗം | w/o ഡോ. നാസിർ അഹ്മദ് | കരുനാഗപ്പള്ളി | 17.1.05 |
| 15687 | ടി. രായു | s/o ടി. മമ്മദ് | മുറിയക്കണ്ണി | 28.1.05 (34) |
| 15688 | സി. ഫാത്തിമകുട്ടി | w/o ടി. രായു | മുറിയക്കണ്ണി | 28.1.05 |
| 15698 | ടി.കെ. ജമീല | w/o മുഹമ്മദ് ബശീർ | മുറിയക്കണ്ണി | – (35) |
| 15708 | സി.പി. അഹ്മദ് സാജിദ് | s/o സി.പി. മുഹമ്മദ് | കോഴിക്കോട് | 4.2.05 |
| 15709 | സി.എച്ച്. മൻസൂറ | w/o ടി. സി.പി. അഹ്മദ് | കോഴിക്കോട് | 4.2.05 |
| 15710 | എം. അബ്ദുൽ ഗനി | s/o എം. അബൂബക്കർ | കോഴിക്കോട് | 19.3.05 (36) |
| 15712 | സി. ഉബയ്ദുർറഹ്മാൻ | s/o ഹബീബുർറഹ്മാൻ | പഴയങ്ങാടി | 8.1.05 |
| 15713 | യു. മുനീറ | w/o സി.മുബാറക് അഹ്മദ് | കൂടാളി | 1.4.05 |
| 15714 | യു. റസീന | w/o സി. ഇബ്രാഹിം | കൂടാളി | 1.4.05 |
| 15715 | സി. മുബാറക് അഹ്മദ് | s/o ശെയ്ഖ് അബ്ദുല്ല | കൂടാളി | 1.4.05 |
| 15716 | എൻ. ഫസ്ൽ അഹ്മദ് | s/o എൻ. മുഹ്‌യിദ്ദീൻ | പഴയങ്ങാടി | 3.2.05 |
| 15717 | ബി. താഹിറ | w/o കുഞ്ഞഹ്മദ് മാസ്റ്റർ | പഴയങ്ങാടി | 24.2.05 |
| 15718 | സി. ഖുദ്സിയ | w/o ഹബീബുർ റഹ്മാൻ | പഴയങ്ങാടി | 1.2.05 |
| 15719 | പി.കെ മുഹമ്മദ്ശരീഫ് | s/o പി.എ. അഹ്മദ് കൊച്ചുണ്ണി | കാക്കനാട് | 1.4.05 |
| 15665 | പി.എം. അഹ്മദ് ഹസ്സൻ | s/o മുഹമ്മദ് കുഞ്ഞ് | കോഴിക്കോട് | 8.12.04 (37,38) |

(ബദ്ർ പത്രത്തിന്റെ ലക്കം നമ്പറാണ് അവസാനം കൊടുത്തിരിക്കുന്നത്. വസിയ്യത്ത് അംഗീകരിക്കുന്നതിനു മുമ്പേ ഇത് പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നത് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അത് കേന്ദ്രത്തിൽ അറിയിച്ച് തിരുത്താൻ വേണ്ടിയാണ്. അതിനാൽ വസിയ്യത്ത് ചെയ്ത മൂസിമാർ തങ്ങളുടെ വസിയ്യത്ത് പ്രസിദ്ധീകരിച്ചിട്ടുള്ള ബദ്ർ പത്രം നോക്കി തങ്ങൾ എഴുതിക്കൊടുത്ത രേഖകൾ ശരിയാണോ എന്ന് പരിശോധിക്കുക. എന്തെങ്കിലും നീക്കാനോ ചേർക്കാനോ ഉണ്ടെങ്കിൽ സെക്രട്ടറി ബിഹിശ്തി മഖ്ബറയെ അറിയിക്കുക.)



## മർഹൂം സി. അബ്ദുസാഹിബ്

അലനല്ലൂർ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ മുൻകാല പ്രസിഡണ്ടും മജ്‌ലിസ് അൻസാറുല്ലാ അംഗവുമായിരുന്ന ജനാബ് സി. അബ്ദുസാഹിബ്(79) ആഗസ്റ്റുമാസം 20-ന് ശനിയാഴ്ച ഉച്ചയോടെ ഇഹലോകവാസം വെടിഞ്ഞു. ഇന്നാലില്ലാഹ്.

ചെട്ടിയാംതൊടി തറവാട്ടിലെ പ്രമുഖാംഗം പരേതനായ അലവിസാഹിബിന്റേയും ഫാത്വിമസാഹിബയുടേയും പുത്രനായി 1927-ലാണ് അദ്ദേഹം ജനിച്ചത്.

1950. അഹ്മദിയ്യാ വിരോധം അലനല്ലൂരിൽ ശക്തമായിരുന്ന കാലം. കുഫ്ർഫത്‌വകളും കൂക്കുവിളികളും പരിഹാസശരങ്ങളും വധഭീഷണികളും എതിരാളികളിൽനിന്ന് നിരന്തരം ഉണ്ടായിക്കൊണ്ടിരുന്നു. ആ സന്ദർഭത്തിൽ സമാധാനത്തിന്റേയും സഹനത്തിന്റേയും ത്യാഗത്തിന്റേയും പ്രതീകങ്ങളായി നിലകൊണ്ടിരുന്ന അംഗുലീപരിമിതമായ അലനല്ലൂരിലെ ആദ്യകാല അഹ്മദികളുടെ ജീവിതമായിരുന്നു, ചിന്താശീലനായിരുന്ന അബ്ദുസാഹിബിനെ ജമാഅത്തിന്റെ സത്യത്തിലേക്ക് ആകൃഷ്ടനാക്കിയത്. തന്റെ പിതൃവ്യനായ അലനല്ലൂരിലെ ആദ്യത്തെ അഹ്മദീ പരേതനായ സി. മുഹമ്മദ് സാഹിബിന്റേയും സഹോദരി പരേതയായ സി. ഫാത്വിമ സാഹിബയുടേയും ജമാഅത്തിലേക്കുള്ള രംഗപ്രവേശമാണ്, ഇത് സത്യമാണെങ്കിൽ മനസ്സിലാക്കുകയും പഠിക്കുകയും ചെയ്യണമെന്ന സ്ഥിതിവിശേഷത്തിലേക്ക് അദ്ദേഹത്തെ കൊണ്ടെത്തിച്ചത്.

1955-ൽ മൗലാനാ മുഹമ്മദ് അബുൽവഫാ സാഹിബു മുഖേനയാണ് അദ്ദേഹം ജമാഅത്തിൽ ചേർന്നത്. ഇതോടെ പ്രതാപഗരിമയിൽ വാണിരുന്ന അദ്ദേഹത്തിന്റെ മാതൃകുടുംബമായ കവളപ്പാറ തറവാട്ടിൽനിന്നും പിതൃകുടുംബമായ ചെട്ടിയാൻതൊടിയിൽ നിന്നും രൂക്ഷമായ എതിർപ്പുകൾ അദ്ദേഹത്തിന് നേരിടേണ്ടിവന്നു. കുടുംബസ്വത്തുക്കളും രക്തബന്ധങ്ങളുമെല്ലാം അതോടെ അദ്ദേഹത്തിന് നഷ്ടപ്പെട്ടു. ഉപജീവനത്തിനുപോലും വകയില്ലാതെയായി. മരം വലിച്ചും കൃഷിപ്പണിചെയ്തും മക്കളെ പോറ്റേണ്ടിവന്നു. ആയിടയ്ക്ക് ദേഹത്ത് മരം വീണ് അദ്ദേഹത്തിന് ഗുരുതരമായ പരിക്കേറ്റു. ഈ അവസരം മുതലെടുക്കാൻ ബന്ധുക്കളായ ശത്രുക്കൾ ശ്രമം നടത്തി. ഖാദിയാനിയായതുകൊണ്ടാണ് ഈ ദുർഗതി ഉണ്ടായതെന്നും അതുകൊണ്ട് തൗബ ചെയ്ത് മടങ്ങാനും അവർ ആവുന്നത്ര ഉപദേശിച്ചു. ശ്രമം ഫലിക്കാതെ വന്നപ്പോൾ പലരും കാർക്കിച്ചുതുപ്പി സ്ഥലംവിട്ടു.

ഈ സന്ദർഭത്തിലാണ് കേരളത്തിലെ അഹ്മദികളുടെ താങ്ങും തണലുമായിരുന്ന മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എ. എന്ന വലിയ മൗലവി സാഹിബിന്റെ ആഗമനം ഉണ്ടാകുന്നത്. അബ്ദുസാഹിബ് ഒരുതരത്തിലും വിഷമിക്കേണ്ടെന്നും, ഇതൊരു താൽക്കാലിക പരീക്ഷണമാണെന്നും തന്നെക്കാൾ ദീർഘായുഷ്മാനായി താങ്കൾ ജീവിക്കുമെന്നും വലിയ മൗലവി സാഹിബ് പറഞ്ഞപ്പോൾ, അന്ന് അതൊരു വെറും സമാശ്വാസമായിട്ടേ എല്ലാവരും കണ്ടിരുന്നുള്ളൂ. എന്നാൽ, സൂഫീവര്യനായ വലിയ മൗലവി സാഹിബിന്റെ വാക്കുകൾ പിന്നീട് അക്ഷരാർത്ഥത്തിൽ പുലർന്നതു ലോകം കണ്ടു. പുകവലി എന്ന ദുശ്ശീലത്തിൽനിന്ന് താൻ പിന്തിരിഞ്ഞത് വലിയ മൗലവി സാഹിബിന്റെ ഉപദേശമാണെന്നും അതുതന്നെയാണ് തന്റെ ആരോഗ്യത്തിന്റെ രഹസ്യമെന്നും അബ്ദുസാഹിബ് ഇടയ്ക്കിടെ പറയുമായിരുന്നു.

അദ്ദേഹം കഠിനാധ്വാനിയായിരുന്നു. തബ്‌ലീഗ് രംഗത്തും ഇതു ദൃശ്യമായിരുന്നു. രോഗം മൂർച്ഛിച്ച അവസാനഘട്ടത്തിലും തന്നെ കാണാൻ വരുന്നവരെ മഹ്ദീ ഇമാമിന്റെ സന്ദേശം അറിയിക്കുമായിരുന്നു. വ്യക്തിബന്ധങ്ങളേയും രക്തബന്ധങ്ങളേയും കാത്തുസൂക്ഷിച്ചിരുന്ന അദ്ദേഹത്തിന് ചുറ്റും വലിയൊരു സുഹൃദ് വലയമുണ്ടായിരുന്നു. തെറ്റുകൾ മുഖദാവിൽ പറഞ്ഞു തീർക്കാൻ അദ്ദേഹം ധൈര്യം കാണിച്ചു. ജമാഅത്ത് വ്യവസ്ഥിതിയെ ആദരിക്കണമെന്നും ഖിലാഫത്ത് വ്യവസ്ഥിതിയോടു കൂറുപുലർത്തണമെന്നും എന്തുതന്നെ നഷ്ടമുണ്ടായാലും അതിന്റെ മുന്നിൽ തലകുനിക്കാൻ തയ്യാറാവണമെന്നും ഇളംതലമുറയെ അദ്ദേഹം ഉപദേശിക്കുമായിരുന്നു.

മംഗലഡാം പ്രദേശത്ത് ഏറെക്കാലം സ്വന്തമായി കുരുമുളക് കൃഷി ചെയ്ത് ജീവിച്ചിരുന്ന സന്ദർഭത്തിൽ, അദ്ദേഹത്തിന്റെ ഈശ്വരഭക്തിയും സൽസ്വഭാവവും സൽപെരുമാറ്റവും കണ്ട് 'പടച്ചവൻ' എന്ന് ആളുകൾ വിളിച്ചു. ഇത് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ലെങ്കിലും പിൽക്കാലത്ത് അദ്ദേഹത്തെ എളുപ്പത്തിൽ പരിചയപ്പെടുത്താനുള്ള ഒരു നാമമായി അതുമാറി. താൻ അധ്വാനിച്ചുണ്ടാക്കിയ മുതൽ ബന്ധുക്കൾക്ക് നല്കുന്നതിലും മറ്റുള്ളവരെ സഹായിക്കുന്നതിലും അദ്ദേഹം മടി കാണിച്ചിരുന്നില്ല.

അദ്ദേഹം നല്ലൊരു വായനാപ്രിയനായിരുന്നു. സത്യദൂതനുവേണ്ടി തന്റേതായ സേവനങ്ങൾ അദ്ദേഹം അർപ്പിച്ചിട്ടുണ്ട്. സത്യദൂതൻ മാസിക വീട്ടിലെത്തിയാൽ മക്കളെക്കൊണ്ട് അത് വായിപ്പിക്കുകയും ലേഖകരെ നേരിൽ കാണുമ്പോൾ അഭിനന്ദിക്കുകയും എഴുതാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു.

1956-ൽ അലനല്ലൂരിലെ അഹ്മദിയ്യാ പള്ളി നിർമ്മിക്കുന്ന ഘട്ടത്തിൽ കഠിനമായ അധ്വാനമാണ് അബ്ദുസാഹിബ് നിർവഹിച്ചത്. പള്ളിയിൽ നേരത്തെ എത്തുക, അടിച്ചുവാരി വൃത്തിയാക്കുക അദ്ദേഹത്തിന്റെ ശീലമായിരുന്നു. തഹജ്ജുദ് നിസ്കാരത്തിലും മറ്റ് ആരാധനാകർമ്മങ്ങളിലും അദ്ദേഹം കൃത്യനിഷ്ഠ പാലിച്ചു. തന്റെ ഭൂസ്വത്തുക്കളിൽ കണ്ണംകുണ്ട് റോഡരുകിൽ സ്ഥിതിചെയ്യുന്ന ഏറ്റവും കണ്ണായ പത്തുസെന്റ് സ്ഥലം പള്ളിക്കുവേണ്ടി അദ്ദേഹം വഖ്ഫ് ചെയ്തു. 93-ൽ നാസിർ അഅ്‌ലാ ഹസ്റത്ത് മിർസാ വസീം അഹ്മദ് സാഹിബ് അവിടെ പള്ളിക്ക് തറക്കല്ലിട്ടു. ഇപ്പോൾ പ്രസ്തുത സ്ഥലത്ത് പള്ളി നിർമ്മാണം നടന്നുവരികയാണ്. പള്ളിനിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ, പള്ളിയിലെ വാർപ്പിന്റെ ഊന്നുതൂണുകൾ എടുത്തുമാറ്റിയ ദിവസം തന്നെ അബ്ദുസാഹിബിന്റെ ജനാസ നിസ്കാരത്തിന്നായി പള്ളിത്തറ ഒരുങ്ങുകയായിരുന്നു.

അനഹ്മദീ സഹോദരനായ ഉണ്ണിക്കാക്ക ആയിരുന്നു അദ്ദേഹത്തിന്റെ ഗുരുനാഥൻ. എഴുത്തും വായനയും പഠിച്ചതും ദീനീപരമായ മറ്റുകാര്യങ്ങൾ മനസ്സിലാക്കിയതും

അദ്ദേഹത്തിൽനിന്നായിരുന്നു. അക്കാലത്ത് മഹ്ദി ഇമാമിന്റെ വരവിനെ സംബന്ധിച്ചുള്ള ഹദീസുകൾ വളരെ താൽപ്പര്യത്തോടെ അദ്ദേഹം പഠനവിധേയമാക്കി.

ചെട്ടിയാംതൊടി തറവാട്ടിലെ സി.ഹസ്സൻ സാഹിബിന്റെ മകൾ നഫീസ സാഹിബയെയാണ് അദ്ദേഹം വിവാഹം കഴിച്ചത്. 1947 ആഗസ്റ്റ് 15-നായിരുന്നു വിവാഹം.


ജമാഅത്ത് പ്രസിഡന്റ്, തഅ്ലീം സെക്രട്ടറി, തർബിയ്യത്ത് സെക്രട്ടറി, ഉമൂറെആമ, മജ്‌ലിസ് അൻസാറുല്ലാഹ് സഈം എന്നീ നിലകളിലെല്ലാം അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. മക്കളേയും പേരമക്കളേയുമെല്ലാം ജമാഅത്തിന്റെ സേവനപാതയിൽ അണിനിരത്താനും അദ്ദേഹത്തിന് കഴിഞ്ഞു. അലനല്ലൂർ അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഇപ്പോഴത്തെ പ്രസിഡന്റ് ജനാബ് എം. അബ്ദുൽബശീർ സാഹിബ് അബ്ദുസാഹിബിന്റെ സഹോദരീപുത്രനാണ്.

മൗലവി എം. നാസിർ അഹ്‌മദ് സാഹിബ് അബ്ദുസാഹിബിന്റെ പൗത്രീഭർത്താവും മൗലവി ടി. ശഫീഖ് അഹ്‌മദ് സാഹിബ് ദൗഹിത്രനുമാണ്. സി. ഫാത്വിമ, മുഹമ്മദ് (മജ്‌ലിസ് അൻസാറുല്ലാഹ് സഈം) സഫ്‌യാ, സക്കീന, ബശീർ അഹ്‌മദ് (സെക്രട്ടറി മാൽ), അബ്ദുൽ കരീം (ജിദ്ദ), സിറാജുൽമുനീർ, നുസ്‌റത്ത് എന്നിവർ മക്കളും മർഹൂം അഹ്‌മദ് കുഞ്ഞിഹാജി (കോഴിക്കോട്) ടി. മൊയ്തൂട്ടി (മുറിയക്കണ്ണി), എം. ഇസ്സുദ്ദീൻ (ദമാം), ഇ.എ. അബൂബക്കർ (വാഴക്കാല), ടി.കെ. ആമിന (കൽക്കുളം), ടി. നഫീസ (മുറിയക്കണ്ണി), ടി. ഹസീന (മണ്ണാർക്കാട്), ഹസീന സിറാജ് (അലനല്ലൂർ) എന്നിവർ ജാമാതാക്കളുമാണ്.

ജനാബ് അബ്ദുസാഹിബിന്റെ ജനാസ നിസ്കാരത്തിന് മൗലവി നാസിർ അഹ്‌മദ് സാഹിബ് നേതൃത്വം നല്കി. മൗലവി മഹ്‌മൂദ് അഹ്‌മദ് സാഹിബിന്റെ നേതൃത്വത്തിൽ ദുആയും നടന്നു.

എല്ലാവർക്കും പ്രിയങ്കനായിരുന്ന അബ്ദുസാഹിബിന് അല്ലാഹു ജന്നത്തുൽ ഫിർദൗസിൽ ഇടം നല്കുമാറാകട്ടെ. മഗ്ഫിറത്തും നല്കുമാറാകട്ടെ. ആമീൻ.
*- ഖമറുദ്ദീൻ, മുറിയക്കണ്ണി*

---



## സി. മുബാറക് അഹ്‌മദ് സാഹിബ്

പ്രമുഖ അഹ്‌മദി ജനാബ് സി. മുബാറക് അഹ്‌മദ് സാഹിബ്(77) ഒക്ടോബർ 5 ബുധനാഴ്ച സുബ്ഹിക്കു മുമ്പേ കൂടാളിയിലെ സ്വഭവനത്തിൽവെച്ച് അന്ത്യയാത്ര പറഞ്ഞു. ***ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ***

ജന്മനാ അഹ്‌മദിയും ജമാഅത്തിയായ സേവനങ്ങളിൽ ചെറുപ്പത്തിലേ പങ്കാളിയും കൂടാളി ജമാഅത്തിന്റെ പോയകാല സാരഥികളിൽ ഒരാളുമായിരുന്നു പരേതൻ. ഒരുകാലത്ത് ബോംബെ ജമാഅത്തിലും പ്രവർത്തകസമിതി മെമ്പറായിരുന്നുകൊണ്ട് അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. കൂടാളി ഫസ്‌ലെ ഉമർ സ്കൂളിന്റെ ആദ്യത്തെ രക്ഷാധികാരിയുമായിരുന്നു മുബാറക് സാഹിബ്.

ഹജ്ജ് കർമ്മം നിർവ്വഹിക്കാനും മൂസിയാകാനും അദ്ദേഹത്തിന് ഭാഗ്യം ലഭിച്ചു. ഖാദിയാൻശരീഫുമായും കേന്ദ്രപ്രതിനിധികളുമായും അദ്ദേഹം അഗാധമായ സ്നേഹബന്ധം സ്ഥാപിച്ചു. ഏതാണ്ട് 1960 മുതൽക്ക് ജൽസക്ക് പോകുന്നത് അദ്ദേഹം പതിവാക്കി. ആയിടയ്ക്ക് രണ്ട് ജൽസ മാത്രമാണ് നഷ്ടമായത്. അതാകട്ടെ ഒന്ന് തന്റെ ജ്യേഷ്ഠന്റെ മരണാസന്നരോഗസ്ഥിതിയിലും മറ്റൊന്ന് ഹജ്ജ് കർമ്മം നിർവഹിക്കുന്നതിനുമായിരുന്നു.

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ), ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്), ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) തുടങ്ങിയ മൂന്നു ഖലീഫമാരേയും സന്ദർശിക്കുന്നതിന് അദ്ദേഹം അവസരം കണ്ടെത്തി. ഇപ്പോഴത്തെ ഹുസൂറിനെ കാണാനുള്ള തന്റെ അന്ത്യാഭിലാഷം അദ്ദേഹം പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്തു.

കൂടാളി ജമാഅത്തിന് താങ്ങും തണലുമായിരുന്നു അദ്ദേഹം. ജമാഅത്തിൽ അതിഥികളായിവരുന്നവരെ സൽക്കരിക്കാൻ അദ്ദേഹം എപ്പോഴും മുന്നിലെത്തി. നമസ്കാരം, നോമ്പ്, ദാനധർമ്മങ്ങൾ, നിസാമിനോടുള്ള കൂറ്, ജമാഅത്തിന്റെ ചരിത്രപഠനത്തിലുള്ള അഭിവാഞ്ഛ മുതലായ കാര്യങ്ങളിൽ അദ്ദേഹം സവിശേഷമായ മാതൃക പുലർത്തി. കൂടാളിയിലെ ബയ്ത്തുസ്സുബ്ഹാൻ പള്ളിയുടെ നിർമ്മാണത്തിൽ അദ്ദേഹം നിർണ്ണായകമായ സേവനങ്ങളർപ്പിച്ചു.

അദ്ദേഹത്തിന്റെ മാതാവിന്റേയും പിതാവിന്റേയും കുടുംബക്കാർ തൊണ്ണൂറുവർഷം മുമ്പ് കൂടാളിമണ്ണിൽ അഹ്‌മദിയ്യത്തിന്റെ ചെടി നട്ടുവളർത്തിയ ത്യാഗസംരംഭത്തിൽ സജീവപങ്കാളിത്തം വഹിച്ചവരായിരുന്നു. അദ്ദേഹത്തിന്റെ മാതാവ് ആത്തിക്കാസാഹിബ, മാതാമഹി കുഞ്ഞിഫാത്തിമാസാഹിബ, പ്രമാതാമഹി കുഞ്ഞിമാച്ചാസാഹിബ തുടങ്ങിയവരെല്ലാം അഹ്‌മദികളായി കഴിഞ്ഞുകടന്നിട്ടുണ്ട്. പിതാവ് മർഹൂം വി.പി. ശേഖ് അബ്ദുല്ലാഹ് സാഹിബ് കൂടാളി ജമാഅത്തിന്റെ സ്ഥാപകസെക്രട്ടറിയും, കുടുംബത്തലവൻ മർഹൂം ചൊവ്വക്കാരന്റകത്ത് കുഞ്ഞാലിസാഹിബ് കൂടാളി ജമാഅത്തിന്റെ പ്രഥമ പ്രസിഡന്റുമായിരുന്നു.

മർഹൂം എടപ്പകത്ത് അബ്ദുർറഹ്‌മാൻകുട്ടി സാഹിബിന്റെ മകളും ജനാബ് യു.മൻസൂർ അഹ്‌മദ് സാഹിബിന്റെ പെങ്ങളുമായ യു.മുനീറാസാഹിബയാണ് അദ്ദേഹത്തിന്റെ സഹധർമ്മിണി. കൂടാളി ജമാഅത്തിന്റെ മുൻകാല പ്രസിഡന്റ് ജനാബ് സി.ബർക്കത്തുല്ലാഹ് സാഹിബ അനുജനുമാണ്.

മക്കൾ: യു. സഫീർഅഹ്‌മദ്, യു. ശബീർഅഹ്‌മദ്, യു. മുഅ്മിന, യു. ഹസീന, യു. ശാഹിന. മരുമക്കൾ: കെ. മുംതസ് (പഴയങ്ങാടി), ഫായിസ (കല്പേനി), എം.പി. ബദറുദ്ദീൻ (വടകര), നാസിർബത്തേരി (കുമ്പള), ഫസ്‌ലുദ്ദീൻ (മണ്ണാർക്കാട്)

അല്ലാഹു പരേതാത്മാവിന് മഗ്ഫിറത്തും മർഹമത്തും ജന്നത്തും പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ.

*കെ. അബ്ദുസ്സലാം*


# ക്ഷമ കൈക്കൊള്ളുക; പ്രാർത്ഥിക്കുക

14.10.05-ന് അമീറുൽ മുഅ്മിനീൻ മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ബൈത്തുൽ ഫുതൂഹ് പള്ളിയിൽ നടത്തിയ ജുമുആ ഖുത്ബയിൽ പാക്കിസ്ഥാനിൽ ഈയടുത്തകാലത്തുണ്ടായ ദുഃഖകരമായ രണ്ട് സംഭവത്തെക്കുറിച്ച് പറയുകയുണ്ടായി. കഴിഞ്ഞവെള്ളിയാഴ്ച അതിരാവിലെ പാക്കിസ്ഥാനിലെ ഒരു പട്ടണമായ ബഹാവുദ്ദീൻ മാർക്കറ്റിനടുത്ത് സ്ഥിതിചെയ്യുന്ന ഒരഹ്മദി പള്ളിയുടെ നേർക്ക് അക്രമികൾ നടത്തിയ ആക്രമണമാണ് അതിലൊന്ന്. രണ്ടാമത്തെ സംഭവം അതിന് തൊട്ടടുത്തദിവസമായ ശനിയാഴ്ചയുണ്ടായ വൻഭൂകമ്പമാണ്. ഇതിന്റെ ഫലമായി പതിനായിരക്കണക്കിന് ആളുകൾ മരിക്കുകയും ലക്ഷക്കണക്കിന് ആളുകൾ ഭവനരഹിതരാവുകയും ചെയ്തു. ആദ്യത്തെ സംഭവം വിവരിച്ചുകൊണ്ട് ഖലീഫാ തിരുമനസ്സ് പറഞ്ഞു: "ലോകമെമ്പാടുമുള്ള എല്ലാ അഹ്മദികളും പ്രത്യേകിച്ച്, ശഹീദായവരുടെ ബന്ധുമിത്രാദികളും സഹോദരങ്ങളും ക്ഷമ കൈക്കൊള്ളേണ്ടതാണ്. കാരണം ഹസ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് നല്കിയിട്ടുള്ള പാഠം അതാണ്. ഈ ക്ഷമതന്നെയാണ് മറ്റുള്ളവരിൽനിന്ന് നമ്മെ മാറ്റിനിർത്തുന്നത്.

പാക്കിസ്ഥാനിലെ വടക്കൻ പ്രദേശങ്ങളിലുണ്ടായ ശക്തമായ ഭൂകമ്പത്തെക്കുറിച്ച് ഖലീഫാ തിരുമനസ്സ് വിശദമായി സംസാരിച്ചു. അവിടന്ന് പറഞ്ഞു. ഈ ദുരന്തത്തിൽ എല്ലാ അഹ്മദികളും ദുഃഖിക്കുന്നു. ദേശത്തോടുള്ള സ്നേഹം ഈമാന്റെ ഭാഗമാണെന്ന പാഠത്തെക്കുറിച്ച് അഹ്മദികൾ തികച്ചും ബോധവാന്മാരാണ്. അതുകൊണ്ടുതന്നെ എല്ലാവിധ സഹായസഹകരണവും ജമാഅത്തിൽനിന്നുണ്ടാകുമെന്ന് പാക്കിസ്ഥാൻ പ്രസിഡന്റ്, പ്രധാനമന്ത്രി തുടങ്ങിയ നേതാക്കളെ അറിയിച്ചിട്ടുണ്ട്. എന്നല്ല, അതിന്റെ പ്രവർത്തനവും ആരംഭിച്ചുകഴിഞ്ഞു. പാക്കിസ്ഥാന്റെ രൂപീകരണത്തിലും അഹ്മദിയ്യാ ജമാഅത്ത് നല്ല പങ്കുവഹിച്ചിട്ടുണ്ട്. ഇപ്പോഴും പാക്കിസ്ഥാനിൽ സമാധാനം നിലനിന്നുകാണാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. പാക്കിസ്ഥാന്റെ അഭിവൃദ്ധിക്കായി അതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന കരങ്ങൾക്ക് ഐക്യത്തോടെ നിന്ന് നാടിന്റെ ക്ഷേമത്തിനും പുരോഗതിക്കും വേണ്ടി ശ്രമിക്കാൻ അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ.

മുസഫ്ഫറാബാദ്: മുസഫ്ഫറാബാദിലെ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിൽനിന്ന് ലഭിക്കുന്ന റിപ്പോർട്ടനുസരിച്ച്, ഭൂകമ്പത്തിന്നിരയായ ആളുകൾക്ക് സഹായമെത്തിക്കുന്നതിനുള്ള ശ്രമം ആദ്യ ദിവസംതന്നെ ജമാഅത്ത് തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. ഈ ജില്ലയിലാണ് ഭൂകമ്പം ഏറ്റവും കൂടുതൽ നാശം വിതച്ചത്. ആയിരക്കണക്കിന് കെട്ടിടങ്ങൾക്ക് നാശം സംഭവിച്ചു. മുസഫ്ഫറാബാദ് നഗരത്തിൽതന്നെ ആയിരക്കണക്കിനാളുകൾ മരിച്ചതായാണ് അറിയാൻ കഴിഞ്ഞത്. ഇവിടെ അഹ്മദികളുടെ ഒരു വീട് നിലംപതിച്ചു. തൽഫലമായി ഒരു പെൺകുട്ടിക്ക് നിസ്സാരമായ പരിക്കേറ്റിട്ടുണ്ട്. ഭൂകമ്പത്തിന്നിരയായ സ്ത്രീകളേയും കുട്ടികളേയും സുരക്ഷിതസ്ഥാനത്ത് എത്തിക്കുന്നതിന് ജമാഅത്ത് കഠിനാധ്വാനമാണ് ചെയ്തുവരുന്നത്. യാത്ര സുഗമമായതോടെ അവരെയെല്ലാം റാവൽപിണ്ടിയിൽ എത്തിച്ചുവരുന്നു. റാവൽപിണ്ടി, ഇസ്ലാമാബാദ്, ബാഹ്‌വണ്ഡ്, റബ്‌വ തുടങ്ങിയ സ്ഥലങ്ങളിൽനിന്ന് അഹ്മദീയുവാക്കൾ മുസഫ്ഫറാബാദിൽ എത്തിക്കഴിഞ്ഞു. ഇവർ മൂന്നുതരം പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിരിക്കുന്നത്. ഒരുസംഘം, ദുരിതബാധിതർക്ക് ഭക്ഷണവും, കമ്പിളും കൂടാരവും എത്തിച്ചുകൊടുക്കുന്നു. രണ്ടാമത്തെ സംഘം മുസഫ്ഫറാബാദ് നഗരത്തിന്റെ അടുത്ത പ്രദേശങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് വൈദ്യസഹായം എത്തിക്കുന്നു. മൂന്നാമത്തെ സംഘം സൈനികരോടൊപ്പം ചേർന്നുകൊണ്ട് നിലംപതിച്ച കെട്ടിടത്തിനുള്ളിൽ കുടുങ്ങിക്കിടക്കുന്ന മൃതദേഹങ്ങൾ പുറത്തെടുക്കുന്നു.

### അബ്ദുല്ലത്തീഫ് അന്താരാഷ്ട്രതലത്തിൽ



കണ്ണൂർ: കണ്ണൂർടൗൺ അഹ്മദിയ്യാ മുസ്ലിം ജമാഅത്തംഗവും ഇന്ത്യയിലെ പ്രശസ്ത കരാട്ടെ വിദഗ്ദ്ധനുമായ ജനാബ് എസ്സ്.വി. അബ്ദുല്ലത്തീഫ് സാഹിബിനെ യുഎഇ, ഒമാൻ എന്നിവിടങ്ങളിലെ എഫ്.എസ്സ്.എ. കെൻഷിൻകാൻ കരാട്ടെ ഓർഗനൈസേഷന്റെ അദ്ധ്യക്ഷനായി നിയോഗിച്ചു. ജപ്പാൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന അന്താരാഷ്ട്ര ആയോധന വിദ്യാ സംഘടനയാണ് എഫ്.എസ്സ്.എ കെൻഷിൻകാൻ കരാട്ടെ ഓർഗനൈസേഷൻ. ഇപ്പോൾ ഈ സംഘടനയുടെ ഇന്ത്യയിലെ അദ്ധ്യക്ഷനാണ് അബ്ദുല്ലത്തീഫ്. ടെഹ്റാനിൽ(ഇറാൻ) നടന്ന കൺവൻഷനിൽ വെച്ചാണ് അബ്ദുല്ലത്തീഫ് ഈ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. കണ്ണൂരിൽ ജംബോബുക്സ് എന്ന പുസ്തകവിൽപനശാല നടത്തുന്ന അബ്ദുല്ലത്തീഫ് പഴയങ്ങാടിയിലെ എ.ടി.എ. മുസ്തഫാസാഹിബിന്റേയും സുബൈദബീബി സാഹിബയുടേയും മകനാണ്.